പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത്‌രാജ്

പുസ്തകം 59 ലക്കം 3 ജൂൺ 2019

## നിപ
## ജാഗ്രതയോടെ നേരിടാം
## ഭയപ്പാട് വേണ്ട

## വികസന സങ്കല്പങ്ങൾക്ക് ദിശപകർന്ന് ദേശീയ ജലസംഗമം

## പൊതുവിദ്യാഭ്യാസം പ്രാദേശിക സർക്കാരുകളും വികസന സാധ്യതകളും

## അതിജീവനത്തിനായ് ജൈവവൈവിധ്യത്തിന്റെ പച്ചത്തുരുത്ത്



# വയോസൗഹൃദ ഗ്രാമപഞ്ചായത്തുകൾ
## പ്രസക്തിയും പ്രവർത്തനവും


'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ
ലക്ഷ്യം
മാലിന്യമുക്ത
കേരളം
പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്

ജൂൺ 2019

## അകത്ത്













വികസന സങ്കല്പങ്ങൾക്ക്
ദിശപകർന്ന് ദേശീയ ജലസംഗമം 5

പൊതുവിദ്യാഭ്യാസം
പ്രാദേശിക സർക്കാരുകളും
വികസന സാധ്യതകളും
ഡോ. സി. രാമകൃഷ്ണൻ 12

വയോസൗഹൃദ ഗ്രാമപഞ്ചായത്തുകൾ
പ്രസക്തിയും പ്രവർത്തനവും
ഡോ.പി.കെ.ബി.നായർ 16

മാണിക്കൽ ഗ്രാമപഞ്ചായത്ത്
വയോസൗഹൃദം
എസ്. സുജാത 19

വയോസൗഹൃദ കരിമ്പ 22

അമൃത്
മുഖച്ഛായ മാറുന്ന നഗരങ്ങൾ 24

ഐ.എസ്.ഒ. പഞ്ചായത്തുകൾ
സമ്പൂർണ്ണ ഗുണമേന്മയിലേക്ക് 26

നിപ
ജാഗ്രതയോടെ നേരിടാം
ഭയപ്പാട് വേണ്ട 29

അതിജീവനത്തിനായി
ജൈവവൈവിധ്യത്തിന്റെ പച്ചത്തുരുത്ത് 35

പ്രാഥമിക ക്യാൻസർ നിർണ്ണയത്തിന്
കണ്ണപുരം മാതൃക
കെ.വി. രാമകൃഷ്ണൻ 38

പട്ടിണിക്കാരില്ലാത്ത
പഴയന്നൂർ
എം.പത്മകുമാർ 41


പംക്തികൾ


കില ന്യൂസ് 32

വാർത്തകൾ വിശേഷങ്ങൾ 34

എന്ന് വായനക്കാർ 42

ജൂൺ 2019
പുസ്തകം 59 ലക്കം 3
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
**എ.സി.മൊയ്തീൻ**
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ടി.വി. സുബാഷ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2018@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 7907344705

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത് രാജിന് ഉത്തരവാദിത്തമില്ല.

## എഡിറ്റോറിയൽ

## ഐഎസ്ഒ എന്ന തുടക്കം

അടിസ്ഥാന സൗകര്യങ്ങളുടെയും സേവന ഗുണനിലവാരത്തിന്റെയും കാര്യത്തിൽ, കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രാജ്യാന്തര നിലവാരത്തിലേക്ക് ഉയരുകയാണ്. സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിൽ 454 എണ്ണവും രാജ്യാന്തര നിലവാരത്തിനുള്ള അംഗീകാരമായി ഐഎസ്ഒ സർട്ടിഫിക്കറ്റ് കരസ്ഥമാക്കി. ബാക്കി പഞ്ചായത്തുകളും ഏതാനും മാസങ്ങൾക്കകം ഐഎസ്ഒ നിലവാരം കൈവരിക്കും. ഇക്കാര്യത്തിലും രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്ക് കേരളം മാതൃകയാവുകയാണ്.

ഐഎസ്ഒ അവസാന വാക്കല്ല. അതൊരു തുടക്കം മാത്രമാണ്. ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരുമെന്ന വ്യത്യാസം ഇല്ലാതാക്കാനും പങ്കാളിത്ത ജനാധിപത്യത്തിന്റെ ഔന്നത്യങ്ങൾ എത്തിപ്പിടിക്കാനും നമുക്കാവണം. സേവന ഗുണനിലവാരത്തിലും സേവനദാനത്തിലെ കാര്യക്ഷമതയിലും അത് പ്രതിഫലിക്കണം. വികസനം ജനങ്ങൾക്കു വേണ്ടിയാവണം. തങ്ങളാണ് വികസനത്തിന്റെ യജമാനന്മാർ എന്ന തോന്നൽ ജനങ്ങൾക്ക് ഉണ്ടായാൽ വികസന പ്രവർത്തനങ്ങളിൽ ജനപ്രതിനിനിധികൾക്കും ഉദ്യോഗസ്ഥർക്കും കരുത്തും പിന്തുണയുമായി അവർ ഒപ്പം നിൽക്കും. വിഭിന്ന വീക്ഷണങ്ങളാണ് ജനാധിപത്യത്തിന്റെ ശക്തി. പൊതുതാൽപര്യങ്ങൾക്കു വേണ്ടി ഒന്നിച്ചു നിൽക്കുന്നതിൽ കാഴ്ചപ്പാടുകളിലെ വ്യത്യാസമോ മറ്റ് പരിഗണനകളോ തടസമാകരുത്.

ഉദ്യോഗസ്ഥരുടെ സാമൂഹ്യ പ്രതിബദ്ധത കൊണ്ടേ സദ്ഭരണം സാധ്യമാകൂ. തീരുമാനങ്ങൾ സുതാര്യമാവണം. അത് ബന്ധപ്പെട്ടവർക്ക് ഉടനടി ലഭ്യമാവുകയും വേണം. സേവനങ്ങൾ സമയ ബന്ധിതമാവണം. ഏതൊരപേക്ഷയും സർക്കാർ ഉത്തരവുകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി തള്ളുകയോ കൊള്ളുകയോ ചെയ്യാം. അത് കാര്യകാരണ സഹിതം അറിയാൻ അപേക്ഷകന് അവകാശമുണ്ട്. അപേക്ഷ നൽകി, അതിന്മേലുള്ള തീരുമാനത്തിന് മാസങ്ങൾ കാത്തിരിക്കുന്ന സ്ഥിതി ഒരു ജനാധിപത്യ സംവിധാനത്തിന് ഭൂഷണമല്ല. പഞ്ചായത്തിൽ നിന്ന് ലഭിക്കേണ്ട സേവനത്തിനു വേണ്ടി ജില്ലാ കളക്ടർക്കും അവിടം കൊണ്ടും രക്ഷയില്ലാതെ, മന്ത്രിക്കും മുഖ്യമന്ത്രിക്കും അപേക്ഷ നൽകി തീരുമാനവും കാത്തിരിക്കുന്ന ജനത്തിന്റെ ഗതികേടിന് ശാശ്വത പരിഹാരമുണ്ടാവണം. ക്ലാർക്കുമാർ മുതൽ ജില്ലാ ഓഫീസർമാർ വരെയുള്ള ഉദ്യോഗസ്ഥർ അതൊരു വ്രതമായി സ്വീകരിക്കണം. മനുഷ്യവിഭവശേഷിയായാലും പ്രകൃതി വിഭവങ്ങളായാലും അത് നീതിയുക്തമായി ഉപയോഗിക്കാനാവണം. അത് ജനങ്ങളെ ബോധ്യപ്പെടുത്തുകയും വേണം. സേവനം മെച്ചപ്പെടുത്താൻ നൂതന സാങ്കേതിക വിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തണം. നടപടി ക്രമങ്ങളുടെ സാങ്കേതിക നൂലാമാലകളിൽ കടിച്ചു തൂങ്ങുന്നവരായി ജനങ്ങൾ സർക്കാർ ഉദ്യോഗസ്ഥരെ കാണുന്ന സ്ഥിതി മാറണം.

ദൈനംദിന പ്രവർത്തനങ്ങളിലും ക്ഷേമപെൻഷൻ തുടങ്ങിയ സേവനാവകാശങ്ങൾ ലഭ്യമാക്കുന്നതിലും വികസന പ്രോജക്ടുകൾ കുറ്റമറ്റ രീതിയിൽ സമയബന്ധിതമായി നടപ്പിലാക്കുന്നതിലും ഈ കരുതലും പരിഗണനയും ഉണ്ടാവണം. അഴിമതിയും സ്വജനപക്ഷപാതവും ഇല്ലാതാക്കാൻ കൂട്ടായ ശ്രമമുണ്ടാവണം. വലിപ്പച്ചെറുപ്പമില്ലാതെ എല്ലാ വിഭാഗം ജനങ്ങൾക്കും പൗരാവകാശങ്ങളും ഭരണത്തിൽ പങ്കാളിത്തവും ഉറപ്പു വരുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും പ്രതിജ്ഞാബദ്ധരായി പ്രവർത്തിക്കണം. ഐഎസ്ഒ സർട്ടിഫിക്കറ്റ് അതിനുള്ള പ്രചോദനമാവണം. നമുക്ക് ഐഎസ്ഒ യിൽ നിന്ന് തുടങ്ങാം.

**ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്.**

**"മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണ്; പ്രകൃതിക്ക് എതിരെ മനുഷ്യൻ നടത്തുന്ന യുദ്ധം തന്നോടു തന്നെയുള്ള യുദ്ധമാണ്. "**

**റേയ്ച്ചൽ കാർസൻ**

പരിസ്ഥിതി

# വികസന സങ്കല്പങ്ങൾക്ക് ദിശ പകർന്ന് ദേശീയ ജലസംഗമം

ഹരിതകേരളം മിഷൻ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ജലസംഗമം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു. മേയ് 30, 31 തീയതികളിൽ ടാഗോർ തിയേറ്ററിൽ സംഘടിപ്പിച്ച സംഗമത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദഗ്ധരും വികസന പ്രവർത്തകരും കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുത്തു.

മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത ജലസംഗമത്തിൽ, തദ്ദേശഭരണ മന്ത്രി എ.സി. മൊയ്തീൻ, ധനമന്ത്രി ഡോ.തോമസ് ഐസക്, ജലവിഭവ വകുപ്പ് മന്ത്രി കെ.കൃഷ്ണൻകുട്ടി, കൃഷി മന്ത്രി വി.എസ്. സുനിൽ കുമാർ, തുറമുഖ വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ തുടങ്ങിയവരും വിവിധ തുറകളിലെ



# മാലിന്യ സംസ്കരണത്തിന് ആധുനിക മാർഗ്ഗങ്ങൾ അനിവാര്യം

## മുഖ്യമന്ത്രി

വെള്ളത്തിന്റെ വില തിരിച്ചറിയാനും അതു സംരക്ഷിക്കാനും കഴിയണമെന്ന് 'ജലസംഗമ'ത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിച്ച മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ജലം ശുദ്ധമാകുന്നതിന് മാലിന്യസംസ്കരണം അവിഭാജ്യഘടകമാണെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. ഉറവിട മാലിന്യ സംസ്കരണത്തിനൊപ്പം, ആവശ്യമായ സ്ഥലങ്ങളിൽ കേന്ദ്രീകൃത മാലിന്യസംസ്കരണ പ്ലാന്റുകളും സ്ഥാപിക്കണം.

പരിസരമലിനീകരണമോ മറ്റ് ബുദ്ധിമുട്ടോ ഇല്ലാത്ത ആധുനിക രീതിയിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ സാധ്യമാണെന്ന് വിദേശ സന്ദർശനവേളയിലെ സ്വന്തം അനുഭവങ്ങൾ സൂചിപ്പിച്ച് മുഖ്യമന്ത്രി പറഞ്ഞു. ജലസംരക്ഷണത്തിൽ ശാസ്ത്രീയമായ സമീപനമുണ്ടാകണം. കുട്ടികൾ മുതൽ എല്ലാ വിഭാഗം ജനങ്ങളിലും ഇക്കാര്യത്തിൽ അവബോധം വളർത്തണം.

ജലസംരക്ഷണത്തിന്റെ കാര്യത്തിൽ നല്ല ഇടപെടൽ നടത്താൻ നമുക്കായി.



ചെറുതും വലുതുമായ പ്രവർത്തനങ്ങൾക്ക് ഇതിനകം ഫലമുണ്ടായി. നമ്മുടെ പ്രവർത്തനങ്ങൾ രാജ്യവും ലോകവും ശ്രദ്ധിക്കുന്നു. വിദേശ സന്ദർശനത്തിനിടെ ഐക്യരാഷ്ട്ര സഭയിലെ പ്രതിനിധി സംഘവുമായുള്ള ചർച്ചയിൽ കാട്ടാക്കടയിലെ ജലസമൃദ്ധി പദ്ധതിയെക്കുറിച്ച് പരാമർശമുണ്ടായത് മുഖ്യമന്ത്രി സൂചിപ്പിച്ചു.

ജലസംരക്ഷണം സാധ്യമായാൽ കൃഷിയിൽ അത്ഭുതകരമായ മാറ്റമുണ്ടാക്കാനാകും. തദ്ദേശസ്ഥാപനങ്ങളുടെ കൂടി സഹകരണത്തോടെ കൃഷിയിൽ കുതിച്ചുചാട്ടമുണ്ടാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. പ്രളയം അൽപം ബുദ്ധിമുട്ടുണ്ടാക്കിയെങ്കിലും കൃഷി തിരിച്ചുപിടിച്ച് കാർഷികമേഖലയിൽ സ്വയംപര്യാപ്തത നേടുകയാണ് ലക്ഷ്യം. നമ്മൾ തുനിഞ്ഞിറങ്ങിയാൽ കാർഷികാഭിവൃദ്ധി സാധ്യമാകും.

വിദേശ രാജ്യങ്ങളുടെ അനുഭവങ്ങളിൽ നിന്ന് നമുക്ക് പ്രചോദനം സ്വീകരിക്കാനാകുമെന്ന് അദ്ദേഹം പറഞ്ഞു. മാലിന്യം കട്ടപിടിച്ച് കിടന്നിരുന്ന നെതർലാൻഡ്സിലെ നദികൾ വീണ്ടെടുത്ത് സംരക്ഷിച്ചത് അദ്ദേഹം ഉദാഹരിച്ചു.

നമ്മെക്കുറിച്ചും നമ്മുടെ നാടിനെക്കുറിച്ചും ലോകത്തിന് വലിയ മതിപ്പാണ്. അവർ വരുമ്പോൾ പ്രകൃതിയെ നേരിട്ടറിയാനാണ് വരുന്നത്. അവരിൽ നിന്ന് മോശം അഭിപ്രായം വരുന്ന നിലയുണ്ടാകരുത്. ഒട്ടേറെ നദികൾ വീണ്ടെടുക്കാൻ നമുക്കായി. പ്രളയകാലത്ത് ഈ നദികളിലൂടെ വെള്ളം ഒഴുകി. തദ്ദേശ സ്ഥാപനങ്ങൾക്കും നല്ല രീതിയിൽ ഇടപെടാൻ കഴിഞ്ഞിട്ടുണ്ട്. നവകേരളത്തിൽ വെള്ളവും വായുവും എല്ലാം ശുദ്ധമായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു.



വിദഗ്ധരും ജനപ്രതിനിധികളും വികസന പ്രവർത്തകരും അവരുടെ അനുഭവങ്ങളും ആശയങ്ങളും പങ്കുവച്ചു.

വെള്ളത്തിന്റെ വില തിരിച്ചറിയാനും സംരക്ഷിക്കാനും നമുക്ക് കഴിയണമെന്ന് സംഗമം ഉദ്ഘാടനം ചെയ്ത മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ജലസംരക്ഷണ രംഗത്തെ വിദേശ രാജ്യങ്ങളുടെ അനുഭവങ്ങൾ അദ്ദേഹം ചൂണ്ടിക്കാട്ടി. ജലസംരക്ഷണത്തിൽ മാലിന്യ സംസ്കരണത്തിനുള്ള പ്രാധാന്യം തദ്ദേശ സ്ഥാപനങ്ങൾ തിരിച്ചറിയണമെന്ന് മന്ത്രി എ. സി. മൊയ്തീൻ എടുത്തു പറഞ്ഞു. കേരളത്തിൽ വിവിധ പ്രദേശങ്ങളിൽ ജലസംരക്ഷണത്തിന്റെ ആവേശകരമായ മാതൃകകൾ സൃഷ്ടിച്ച ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളെ അദ്ദേഹം അഭിനന്ദിച്ചു. നദീപുനരുജ്ജീവനവും സുസ്ഥിര വികസനം നേരിടുന്ന വെല്ലുവിളികളും, പ്രാദേശിക ജലസ്രോതസ്സുകളും ജലസുരക്ഷയും, നഗര നീർച്ചാലുകളുടെ ശൃംഖലയും മലിനജല പരിപാലനവും എന്നീ വിഷയങ്ങളിൽ നടന്ന സെമിനാറുകൾ ഈ ദിശയിൽ തുടർ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതിന്റെ പ്രാധാന്യം എടുത്തുകാട്ടി. മൂന്ന് വേദികളിലായി നടന്ന അവതരണങ്ങളിൽ നിയമസഭാ സാമാജികർ മുതൽ ജില്ലാകളക്ടർമാർ വരെ പങ്കെടുത്തു. വരട്ടാർ പുനരുദ്ധാരണം പോലുള്ള എണ്ണം പറഞ്ഞ ജലസംരക്ഷണ പ്രവൃത്തികൾ സംഗമത്തിൽ ചർച്ച ചെയ്യപ്പെട്ടു.

മാലിന്യക്കൂമ്പാരമായി ഭൂപടത്തിൽ നിന്നുപോലും മാഞ്ഞു പോകുമായിരുന്ന ഒട്ടേറെ കനാലുകളും ചെറു തോടുകളും വിദ്യാർത്ഥികളും പൊതുജനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഒത്തുചേർന്നപ്പോൾ വീണ്ടെടുക്കാനായി. ഇവയിൽ പലതും ബ്രിട്ടീഷ് ഭരണകാലത്തിന്റെ ചരിത്ര ശേഷിപ്പുകളാണു താനും. വെല്ലുവിളി നേരിടുന്ന നഗരപ്രദേശങ്ങളിലെ നീരുറവകളുടെയും കനാലുകളുടെയും വീണ്ടെടുപ്പ് സാധ്യമാണെന്ന് വിദഗ്ധരുടെ അവതരണങ്ങളും ചർച്ചകളും വ്യക്തമാക്കി.

ജലസംരക്ഷണത്തിന്റെ ഉത്തമ മാതൃകകൾ മൂന്ന് ദിവസം നീണ്ടു നിന്ന ജലസംഗമ വേദിയിൽ പ്രദർശിപ്പിച്ചു. പ്രകൃതിയെയും പ്രകൃതി വിഭവങ്ങളെയും വീണ്ടെടുക്കുന്നതിനായി വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ മാതൃകകൾ പ്രദർശനത്തിൽ ഉൾപ്പെടുത്തി. ഒഴുകിയെത്തുന്ന മഴ വെള്ളം



# മാലിന്യ പരിചരണം വികസന പ്രശ്നമായി കാണണം

## മന്ത്രി എ.സി. മൊയ്തീൻ

ജലസംരക്ഷണ പ്രവർത്തനങ്ങളിൽ പ്രധാനമാണ് മാലിന്യസംസ്കരണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ പറഞ്ഞു. മാലിന്യ പ്രശ്നം പരിഹരിക്കുക എന്നത് വികസന പ്രശ്നമായി കാണണം. കേരളത്തിൽ വിവിധ പ്രദേശങ്ങളിൽ ആവേശകരമായ നിരവധി മാതൃകകൾ സൃഷ്ടിക്കാൻ ഹരിതകേരളം മിഷന് കഴിഞ്ഞിട്ടുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ജനങ്ങളെ കൂടെ ചേർത്ത് മുന്നോട്ടു പോകാനായതാണ് 'ഹരിതകേരളം' മിഷൻ പ്രവർത്തനങ്ങളുടെ വിജയം.

ആധുനിക കേരളം സൃഷ്ടിക്കുന്നതിന് കേരളത്തിലെ ഗൗരവമുള്ള പ്രശ്നങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവ ഹരിതകേരളം മിഷൻ വഴിയാണ് അഭിസംബോധന ചെയ്യുന്നത്. പരിസ്ഥിതി സംരക്ഷണം, ആരോഗ്യപരിപാലനം, ശുചിത്വം, ക്രിയാത്മകമായ ജലവിനിയോഗം എന്നീ രംഗങ്ങളിൽ നിരവധി മാതൃകാപരമായ പ്രവർത്തനങ്ങൾ മിഷന് ചെയ്യാനായി. എല്ലാ വകുപ്പുകളുടെയും ഏകോപനത്തോടെ ജനങ്ങൾ ഏറ്റെടുക്കുന്ന വിധമാണ് മിഷന്റെ പ്രവർത്തനം. കേരള മാതൃകയെന്ന രീതിയിൽ ഇത് ജനകീയമായി നടപ്പാക്കാനായതിനാലാണ് പുതിയ അവബോധം സമൂഹത്തിൽ സൃഷ്ടിക്കാനായതെന്നും അദ്ദേഹം പറഞ്ഞു. ഇവയിൽ നിന്ന് തിരഞ്ഞെടുത്ത പ്രവർത്തനങ്ങൾ മറ്റു പ്രദേശങ്ങളിലുള്ളവർക്ക് മനസിലാക്കാനും അതത് സ്ഥലങ്ങളിലെ പ്രകൃതിക്കനുസരിച്ച് ഉപയോഗിക്കാനും ജലസംഗമം പോലുള്ള പരിപാടികൾ സഹായിക്കുമെന്ന് മന്ത്രി പറഞ്ഞു.

ശേഖരിക്കുന്നതിനുള്ള മാതൃകയാണ് ഫാം ഇൻഫർമേഷൻ ബ്യൂറോ ഒരുക്കിയത്. കിണർ റീച്ചാർജിംഗ്, മൺകലം ഉപയോഗിച്ചുള്ള മഴവെള്ള ശുദ്ധീകരണം, കൃഷിക്കായി തുള്ളിനന, തിരിനന എന്നിവ ജലവിഭവവിനിയോഗ കേന്ദ്രം പരിചയപ്പെടുത്തി. മൂവാറ്റുപുഴ ജലസേചന പദ്ധതി അടിസ്ഥാനമാക്കിയുള്ള ചെറുകിട ജലസേചന മാതൃകയും ഹരിതകേരളം മിഷൻ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന ആമച്ചൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും ജലസേചന വകുപ്പ് മാതൃകകളിലൂടെ അവതരിപ്പിച്ചു. കാട്ടാക്കട നിയോജകമണ്ഡലത്തിൽ വിജയകരമായി പൂർത്തിയാക്കിയ പുഴ, കുളം നവീകരണവും പ്രദർശനത്തിൽ ശ്രദ്ധേയമായി. ജലസംരക്ഷണത്തിനു പുറമെ, ഇന്ത്യയിലെ വിവിധ തരം ശിലകളുടെ പ്രദർശനമാണ് ഭൂജല വകുപ്പ് സജ്ജമാക്കിയത്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, ജലവിഭവ വിനിയോഗ കേന്ദ്രം, മണ്ണ് പര്യവേക്ഷണ, മണ്ണ് സംരക്ഷണ വകുപ്പ്, നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രം, ജലസേചന വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കേരള കാർഷിക സർവകലാശാല, ജലഅതോറിറ്റി, സംസ്ഥാന ഭൂവിനിയോഗ ബോർഡ്, കാട്ടാക്കട നിയോജകമണ്ഡലത്തിലെ ജലസമൃദ്ധി പ്രോജക്ട്, ശുചിത്വമിഷൻ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് എന്നിവയുടെ വിവിധങ്ങളായ സംരംഭങ്ങളുടെ മാതൃകകൾ പ്രദർശനത്തിൽ അവതരിപ്പിച്ചു.

ബോംബെ ഐ.ഐ.ടി യുടെയും കിലയുടെയും നേതൃത്വത്തിൽ ആലപ്പുഴയിൽ ക്യാൻ ആലപ്പി എന്ന പേരിൽ ആരംഭിച്ച ക്യാമ്പയിനിലൂടെ ചാത്തനാട് കനാലും മുതലപ്പൊഴി കനാലും വീണ്ടെടുക്കാനായി. ഐ.ഐ.ടി. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഇന്ത്യയൊട്ടാകെയുള്ള 330 വിദ്യാർത്ഥികൾ ഈ ഉദ്യമത്തിൽ പങ്കുചേർന്നു. മൊബൈൽആപ്പ് ഉപയോഗിച്ചാണ് വിവരശേഖരണം നടത്തിയത്. ക്യാൻ കുട്ടനാട് എന്ന ക്യാമ്പയിനിലൂടെ നെടുമുടി കനാൽ വീണ്ടെടുത്തു. വാർഡുതല മീറ്റിങ്ങുകൾ സംഘടിപ്പിച്ച് ജനപങ്കാളിത്തത്തോടെയാണ് ഫറൂഖ് നഗരസഭയിലെ പെരുവൻമാട് തോട് നവീകരിച്ചത്. നവീകരിച്ച തോട്ടിൽ മത്സ്യകൃഷി ആരംഭിക്കാൻ പോകുന്നതും മാതൃകയാണ്. കോഴിക്കോട്, മലപ്പുറം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന കനോലി കനാൽ വീണ്ടെടുക്കാൻ ഇരു നഗരസഭകളും വലിയ പങ്കാണ് വഹിച്ചത്. പൊന്നാനിയിലെ നെൽകൃഷി സംരക്ഷണവും ശ്രദ്ധേയമാണ്. സ്കൂളുകളിൽ ജല അസംബ്ലിയും ജനങ്ങൾക്കിടയിൽ ജലസംരക്ഷണം മുൻനിർത്തിയുള്ള തെരുവു നാടകങ്ങളും മാജിക്കുമൊക്കെ സംഘടിപ്പിച്ചാണ് കൊയിലാണ്ടി നഗരസഭയിലെ 32 കുളങ്ങൾ വീണ്ടെടുത്തത്. വടകരയിൽ റെയിൽവേ നികത്താൻ തീരുമാനിച്ച റെയിൽവേ കുളവും കോട്ടക്കുളവും കരിമ്പന തോടുമെല്ലാം ജനപങ്കാളിത്തത്തോടെ

നഗരസഭ വീണ്ടെടുത്തു. അന്യംനിന്നു പോകുമായിരുന്ന പുഴകളെ വീണ്ടെടുക്കുന്നതിനൊപ്പം മാലിന്യ നിർമ്മാർജനം കൂടി ഈ കൂട്ടായ്മയിലൂടെ സാധ്യമായി.

കാസർകോട് ജില്ലയിലെ നിരവധി ഏക്കറോളം വരുന്ന തരിശുഭൂമി മുളകൃഷിയിലൂടെ ജൈവ സമൃദ്ധമാക്കി മാറ്റിയെടുത്തതും ഒഴുകിപ്പോകുന്ന നദീജലത്തെ ചെറുചാലുകളിലൂടെ കുളങ്ങളിലെത്തിച്ചതും കാസർകോട് ജില്ലാകളക്ടർ ഡോ. സജിത്ബാബു അവതരിപ്പിച്ചത് കൈയടി നേടി.

സ്വന്തം മണ്ഡലങ്ങളിൽ നടപ്പാക്കിയ 'ജലസമൃദ്ധി', 'സമൃദ്ധി' പദ്ധതികൾ ഒരു നാടിനെ എങ്ങനെ ജലസുഭിക്ഷമാക്കുന്നുവെന്ന് കാട്ടാക്കട എം.എൽ.എ, ഐ.ബി. സതീഷും തളിപ്പറമ്പ എം.എൽ.എ ജെയിംസ് മാത്യുവും വിവരിച്ചു. ജലസംഗമത്തിനെത്തിയത്. കള്ളൻമാരെ മാത്രമല്ല ജലത്തെയും 'അറസ്റ്റ്' ചെയ്ത് നിർത്തി എങ്ങനെ ക്രിയാത്മകമായി ഉപയോഗിച്ചു എന്നു വിശദീകരിച്ചത് കാസർകോട് ചീമേനി തുറന്ന ജയിലിലെ സൂപ്രണ്ടും പാലക്കാട് മുട്ടിക്കുളങ്ങര കെ. എ.പി ബറ്റാലിയനിലെ അസി. കമാൻഡന്റുമാണ്. കണ്ണൂർ, തിരുവനന്തപുരം ജില്ലാ പഞ്ചായത്തുകൾ, എറണാകുളം ജില്ലാ ഭരണകൂടം, വിവിധ പഞ്ചായത്തുകൾ തുടങ്ങിയവർ നടത്തുന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ, കവിയൂർ പുഞ്ച വീണ്ടെടുത്തത് തുടങ്ങിയവ വിവിധതരം പ്രായോഗിക വിജയഗാഥകളുടെ അനുഭവസാക്ഷ്യങ്ങളായി. ചെലവുകുറഞ്ഞ ജല ശേഖരണ മാർഗങ്ങൾ, കുളങ്ങൾ വീണ്ടെടുത്ത കഥകൾ, പുതിയ കുളങ്ങൾ സൃഷ്ടിച്ചത്, തടയണകൾ, മഴക്കുഴികൾ തുടങ്ങി കേരളമാകെ നടക്കുന്ന നിശബ്ദ വിപ്ലവത്തിന്റെ നേരറിവുകളാണ് വിവിധ സ്ഥലങ്ങളിൽ നിന്നെത്തിയ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും വിദഗ്ധർക്കു മുന്നിൽ അവതരിപ്പിച്ചത്.

ജനകീയ ജലസംരക്ഷണ അനുഭവങ്ങൾ ചേർത്തൊരുക്കിയ 'തെളിനീരിന്റെ വിജയഗാഥ' എന്ന പുസ്തകം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ ജെയിംസ് മാത്യു എം.എൽ.എ യ്ക്ക് നൽകി പ്രകാശനം ചെയ്തു. ജലസംഗമ'ത്തിന്റെ ഭാഗമായുള്ള പ്രദർശന സ്റ്റാളുകളുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു. കൃഷിക്ക് കൃത്യമായ ജലസേചനം നടത്തിയാൽ ഉൽപ്പാദനത്തിൽ കുതിച്ചുചാട്ടമുണ്ടാക്കാൻ കഴിയുമെന്ന് ചടങ്ങിൽ സംസാരിച്ച ജലവിഭവമന്ത്രി കെ. കൃഷ്ണൻകുട്ടി പറഞ്ഞു. കമ്മ്യൂണിറ്റി ഇറിഗേഷൻ ഉൾപ്പെടെയുള്ള സാധ്യതകൾ തദ്ദേശസ്ഥാപനങ്ങൾ പരിഗണിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

ഹരിതകേരളം മിഷൻ പുറത്തിറക്കിയ 'ഹരിതദൃഷ്ടി' മൊബൈൽ ആപ്ലിക്കേഷൻ കൃഷിവകുപ്പ് മന്ത്രി വി.എസ്. സുനിൽകുമാർ പ്രകാശനം ചെയ്തു. നാശോന്മുഖമായ ജലസ്രോതസ്സുകൾ തിരിച്ചുപിടിക്കാനായാൽ കൃഷിയും വളർത്താൻ കഴിയുമെന്ന് അദ്ദേഹം പറഞ്ഞു.

ഹരിതകേരളം മിഷന്റെ മൂന്ന് ഉപമിഷ



# തുടർപ്രവർത്തനങ്ങൾ പ്രധാനം

## മന്ത്രി തോമസ് ഐസക്

ഹരിതകേരളം പ്രവർത്തനങ്ങൾ സുസ്ഥിരമായി തുടർന്നു പോകുന്നതാകണമെന്ന് മന്ത്രി ഡോ. ടി.എം. തോമസ് ഐസക് പറഞ്ഞു. ശ്രദ്ധയോടെയുള്ള സെപ്റ്റേജ് മാലിന്യങ്ങളുടെ സംസ്കരണവും പ്രധാനപ്പെട്ടതാണ്. 'ജലസംഗമ'ത്തിന്റെ പ്ലീനറി സെഷൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജലസംരക്ഷണം സംബന്ധിച്ച അവബോധം വളർത്താൻ ജലഗ്രാമസഭകൾ നടത്തണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ജനകീയ ഇടപെടലുകളാണ് ഹരിതകേരളം പ്രവർത്തനങ്ങൾ യാഥാർഥ്യമാക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചത്. ഈ മുൻകൈ നിലനിർത്തും വിധമാകണം മിഷന്റെ തുടർപ്രവർത്തനങ്ങളും പദ്ധതികളും. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങളിലെ ജനപങ്കാളിത്തം മന്ത്രി ചൂണ്ടിക്കാട്ടി.

കോർത്തിണക്കാൻ പറ്റുന്ന പദ്ധതികളും വകുപ്പുകളും കോർത്താണ് പരിപാടികൾ നടപ്പാക്കിയത്. നടപ്പാക്കിയവയുടെ വിജയകഥകൾ മാത്രമല്ല, ഭാവിയിൽ എങ്ങോട്ടു പോകണം എന്നതിന്റെ ചൂണ്ടുപലകകൂടി പല പദ്ധതികളിലുമുണ്ട്. കുടുംബങ്ങളിൽ അവബോധമെത്തിക്കാൻ സ്കൂൾ കുട്ടികൾ നല്ല ഉപാധികളാണ്. ഹരിതകേരളവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഏകോപിപ്പിക്കാൻ കഴിയുന്ന സർക്കാർ പദ്ധതികളും വകുപ്പുകളുമായി ചേർന്ന് പ്രവർത്തിക്കണം. അതിനുമപ്പുറം സഹായം ആവശ്യമായി വന്നാൽ സർക്കാർ അത് പരിഗണിക്കുമെന്ന് മന്ത്രി വ്യക്തമാക്കി.

തുടർപ്രവർത്തനങ്ങൾക്ക് കൃത്യമായ ചട്ടക്കൂടും പദ്ധതിയും വേണം. ഓരോ ജനപ്രതിനിധിയും ഓർത്തിരിക്കാൻ കഴിയുംവിധം ഒരു നീർച്ചാലെങ്കിലും നവീകരിക്കാൻ മുൻകൈയെടുക്കണം. ഇത്തരം പ്രോജക്ടുകൾ പഞ്ചായത്തുകളുടെ പ്ലാനിൽ ഉൾപ്പെടുത്താൻ നടപടികൾ വേണമെന്നും അദ്ദേഹം പറഞ്ഞു.



*ജനകീയ ജലസംരക്ഷണ അനുഭവങ്ങൾ ചേർത്തൊരുക്കിയ 'തെളിനീരിന്റെ വിജയഗാഥ' എന്ന പുസ്തകം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ, ജെയിംസ് മാത്യു എം.എൽ.എ യ്ക്ക് നൽകി പ്രകാശനം ചെയ്യുന്നു.*

നുകളെ സംബന്ധിച്ച് ഫീൽഡ്തലത്തിലും ജില്ലാതലത്തിലുമുള്ള ഉദ്യോഗസ്ഥർ ജിയോടാഗ് ചെയ്ത് വിവരങ്ങൾ ഹരിത ദൃഷ്ടി ആപിൽ അപ്‌ലോഡ് ചെയ്യും. കേരളത്തിലെ ജലസ്രോതസുകളുടെ ജലവിതാനവും ജലലഭ്യതയും കണക്കാക്കാൻ കഴിയുന്നുവെന്നത് ഈ ആപ്ലിക്കേഷന്റെ സവിശേഷതയാണ്. ഏതൊരാൾക്കും എല്ലാ ജലസ്രോതസുകളിലെയും ജലനില വിലയിരുത്താൻ ഇതിലൂടെ സാധിക്കുന്നു. പ്രാരംഭ ഘട്ടത്തിൽ കാട്ടാക്കട നിയോജക മണ്ഡലത്തിലെ വിവരങ്ങളാണ് ഇതിലൂടെ ലഭ്യമാകുക. കാട്ടാക്കടയിലെ കുളങ്ങളിൽ ജലനിരപ്പ് രേഖപ്പെടുത്തുന്നതിനായി സ്കെയിലുകൾ സ്ഥാപിച്ചു തുടങ്ങി. ക്രമേണ മറ്റു ജില്ലകളിലേക്കും ഇത് വ്യാപിപ്പിക്കും. ജലഉറവകളുടെ പരിപാലനത്തിനു പുറമേ കൃഷി, മാലിന്യ സംസ്കരണം എന്നിവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഇതിലൂടെ സാധിക്കും. ട്രിപ്പിൾ ഐ.ടി.എം.കെ.യാണ് ഹരിത ദൃഷ്ടി മൊബൈൽ ആപ്പ് രൂപകല്പന ചെയ്തത്.

ഹരിതകേരളം പ്രവർത്തനങ്ങളിലൂടെ കേരളത്തിൽ ഹരിത വിപ്ലവമാണ് നടക്കുന്നതെന്ന് നവകേരളം കർമ്മപദ്ധതി കോ-ഓർഡിനേറ്റർ ചെറിയാൻ ഫിലിപ്പ് പറഞ്ഞു. തിരുവനന്തപുരം മേയർ വി.കെ. പ്രശാന്ത്, എം.എൽ.എമാരായ പുരുഷൻ കടലുണ്ടി, ജെയിംസ് മാത്യു, ഐ.ബി സതീഷ്, മേയേഴ്സ് കൗൺസിൽ പ്രസിഡന്റ് തോട്ടത്തിൽ രവീന്ദ്രൻ, മുനിസിപ്പൽ ചെയർമാൻസ് ചേമ്പർ ചെയർമാൻ വി.വി. രമേശൻ, ബ്ളോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ആർ. സുഭാഷ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. കെ. തുളസീഭായ്, ഹരിത കേരളം മിഷൻ കൺസൽട്ടന്റ് എബ്രഹാം കോശി തുടങ്ങിയവരും നിരവധി വിദഗ്ധരും സംഗമത്തിൽ പങ്കെടുത്തു.

ജലസംരക്ഷണത്തിനായുള്ള ഒട്ടേറെ ആശയങ്ങൾ സംഗമത്തിൽ ഉരുത്തിരിഞ്ഞു. ചർച്ചകൾ ക്രോഡീകരിച്ച് അവയുടെ തുടർസാധ്യതകൾ മന്ത്രിമാരുടെ മുന്നിൽ അവതരിപ്പിച്ച ശേഷമാണ് സംഗമം സമാപിച്ചത്. ഒട്ടേറെ ക്രിയാത്മകവും ശാസ്ത്രീയവുമായ നിർദേശങ്ങൾ ഉയർന്നുവന്നു. ജനകീയ കൂട്ടായ്മയിലൂടെ വീണ്ടെടുത്ത ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടണമെങ്കിൽ അവയുടെ ഉടമസ്ഥതതയും ഉത്തരവാദിത്തവും ആ കൂട്ടായ്മകളെ തന്നെ ഏൽപ്പിക്കണമെന്ന നിർദ്ദേശം ശ്രദ്ധേയമായി. നദികളിലെ മാലിന്യ നിർമ്മാർജനത്തിനു മുൻപ് അതിന്റെ കൈവഴികളിൽ പുനരുദ്ധാരണം നടത്തണം എന്നതാണ് മറ്റൊരു നിർദ്ദേശം. കൂടാതെ, ഓരോ ചെറുപുഴകളുടെയും വൃഷ്ടിപ്രദേശം പ്രാരംഭ ഘട്ടത്തിൽ തന്നെ മാലിന്യമുക്തമാക്കണം. ജനങ്ങളെ പരമാവധി ബോധവൽക്കരിക്കണം. നദീതീരത്ത് അധിവസിക്കുന്നവർ ഉൾപ്പെട്ട പുഴസംരക്ഷണ ഗ്രൂപ്പുകൾ ഉണ്ടാക്കണം. സർക്കാർതലത്തിലെ ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ച് മാസ്റ്റർപ്ലാൻ ആവിഷ്ക്കരിക്കണം. പുഴയോരത്തെ കൈയേറ്റം, മാലിന്യനിക്ഷേപം എന്നിവയ്ക്കെതിരെയുള്ള നിയമങ്ങൾ ഫലവത്തായി നടപ്പാക്കണം. സ്ഥിരമായി മോണിറ്ററിംഗ് സംവിധാനവും ആവശ്യമാണ്.

കൃത്യമായി മഴ ലഭിച്ചാൽ പോലും വെള്ളത്തിന് ദൗർലഭ്യം നേരിടുന്ന സാഹചര്യം സംഗമത്തിൽ ചർച്ച ചെയ്തു.

●●●

മാലിന്യക്കൂമ്പാരമായി
ഭൂപടത്തിൽ നിന്നുപോലും
മാഞ്ഞു പോകുമായിരുന്ന
ഒട്ടേറെ കനാലുകളും
ചെറു തോടുകളും
വിദ്യാർത്ഥികളും
പൊതുജനങ്ങളും
തദ്ദേശസ്വയംഭരണ
സ്ഥാപനങ്ങളും
ഒത്തുചേർന്നപ്പോൾ
വീണ്ടെടുക്കാനായി.

●●●

ദീർഘകാലാടിസ്ഥാനത്തിലുള്ള പരിഹാരമാർഗങ്ങളും നിർദ്ദേശിക്കപ്പെട്ടു. ഒഴുകിപ്പോകുന്ന ജലത്തെ ഭൂമിക്കടിയിൽ തങ്ങിനിർത്താൻ ഓരോ വീട്ടിലും മഴക്കുഴികൾ, കിണർ റീച്ചാർജിംഗ് എന്നിവ ഉറപ്പുവരുത്തണം. പാലങ്ങളിൽ നിന്ന് നദികളിലേക്ക് മാലിന്യം വലിച്ചെറിയുന്നത് തടയാൻ സംവിധാനം ഏർപ്പെടുത്തണം. നദിയിൽ സാധ്യമായ സ്ഥലങ്ങളിലെല്ലാം റഗുലേറ്റർ സ്ഥാപിക്കണം. ഇതിലൂടെ വേനൽക്കാലത്തെ നീരൊഴുക്ക് നിയന്ത്രിച്ച് നദികളിൽ തന്നെ വെള്ളം ശേഖരിക്കാനാകും.




തീരപ്രദേശത്തെ ജലസ്രോതസുകളിൽ ഉപ്പ് കയറാതിരിക്കാൻ താല്കാലിക ബണ്ടുകൾ നിർമ്മിക്കണം. നിലവിലുള്ള കുളങ്ങൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംരക്ഷിക്കണം. കുടിവെള്ള സ്രോതസ്സായി ഇവയെ മാറ്റണം.

നഗരങ്ങളിലെ പ്രധാനപ്രശ്നം സെപ്റ്റേജ് മാലിന്യമാണ്. ഇതിനു കൃത്യമായ പരിഹാരം കണ്ടില്ലെങ്കിൽ ജലസ്രോതസ്സുകൾ ശുദ്ധമായി സൂക്ഷിക്കാനാകില്ല. മാലിന്യ സംസ്കരണത്തിന് ഗവേഷണങ്ങളുണ്ടാകണം. കോളേജ് കുട്ടികൾ ഉൾപ്പെടെയുള്ളവരെ ഗവേഷണങ്ങൾക്കും പുതുസാങ്കേതികവിദ്യകൾ രൂപപ്പെടുത്താനും ഉപയോഗപ്പെടുത്തണമെന്നും നിർദേശമുയർന്നു.



മീനച്ചിലാർ-മീനന്തലയാർ-കൊടൂരാർ നദീസംയോജന പ്രവർത്തനങ്ങൾ, ആലപ്പുഴ കനാൽ ശുചീകരണ പ്രവർത്തനങ്ങൾ, കാട്ടാക്കട നിയോജകമണ്ഡലത്തിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ കണ്ടു മനസിലാക്കാൻ ഒരു ഫീൽഡ് സന്ദർശനവും ജലസംഗമത്തോടനുബന്ധിച്ച് സംഘടിപ്പിച്ചു. പറഞ്ഞതിനും അവതരിപ്പിച്ചതിനുമപ്പുറം ഇനിയും നൂതനമായ പ്രായോഗിക വിജയങ്ങളുണ്ടെന്ന തിരിച്ചറിവുമായാണ് സംഗമത്തിനെത്തിയ പ്രതിനിധികൾ മടങ്ങിയത്. □

*(വിവരങ്ങൾക്ക് കടപ്പാട്: ഹരിതകേരളം മിഷൻ)*










*ജലസംഗമം: പ്രദർശന സ്റ്റാളുകളിലൂടെ*



# പൊതുവിദ്യാഭ്യാസം പ്രാദേശിക സർക്കാരുകളും വികസന സാധ്യതകളും

■ഡോ.സി. രാമകൃഷ്ണൻ

**ആത്മവിശ്വാസത്തോടെ, വലിയ പ്രതീക്ഷയോടെ സന്തോഷത്തോടെ കുട്ടികളെ പൊതുവിദ്യാലയങ്ങളിലേക്ക് അയയ്ക്കുന്ന പോയകാലത്തിന്റെ അവസ്ഥ തിരികെ വന്നിരിക്കുന്നു.**

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം മുന്നോട്ട് വച്ച ആശയതലം നാട്ടിലെ വിദ്യാഭ്യാസ പദ്ധതികളും പ്രവർത്തനങ്ങളുമായി മാറിയിരിക്കുന്നു. പൊതുവിദ്യാലയങ്ങൾ പൊതുസമൂഹത്തിന്റെ കൂടി സർഗ്ഗാത്മക പങ്കാളിത്തമുള്ള ഇടമായി വികസിച്ചിരിക്കുന്നു. ആത്മവിശ്വാസത്തോടെ വലിയ പ്രതീക്ഷയോടെ സന്തോഷത്തോടെ കുട്ടികളെ പൊതുവിദ്യാലയങ്ങളിലേക്ക് അയയ്ക്കുന്ന പോയകാലത്തിന്റെ അവസ്ഥ തിരികെ വന്നിരിക്കുന്നു. പൊതുവിദ്യാലയങ്ങളുമായി ഇടപെടുന്ന എല്ലാവരുടെയും മനോഭാവത്തിലും പ്രവർത്തനങ്ങളിലും പ്രകടമായ മാറ്റങ്ങൾ ദൃശ്യമാണ്. അത് അദ്ധ്യാപകരാവാം, അനദ്ധ്യാപകരാവാം, രക്ഷിതാക്കളാകാം, ഭരണ നിർവ്വഹണ സംവിധാനങ്ങളാകാം, ജനപ്രതിനിധികളാകാം, പഞ്ചായത്തിരാജ് സംവിധാനങ്ങളാകാം. വലിയ ഉണർവ്വും ഉന്മേഷവും പുതുപ്രതീക്ഷകളും സേവനസന്നദ്ധതയും എങ്ങും അലയടിക്കുന്നു.

സമൂഹത്തിന്റെ ഈ പ്രതീക്ഷകൾ, താൽപര്യം എന്നിവ കുട്ടികളെയെല്ലാം സ്വാധീനിക്കുന്നുണ്ട്. ഈ വർഷത്തെ 10-ാം

ക്ലാസ്, 12-ാം ക്ലാസ് പരീക്ഷാഫലങ്ങൾ അതിനുള്ള തെളിവുകളാണ്. പരീക്ഷാഫലങ്ങളെ ഗുണപരമായി വിലയിരുത്തിയാൽ ഇത് വ്യക്തമാകും. D+ ലഭിച്ച് ഉപരിപഠനത്തിന് അർഹരാകുന്ന കുട്ടികളുടെ എണ്ണം വളരെ കുറഞ്ഞിരിക്കുന്നു. ഉയർന്ന ഗ്രേഡ് ലഭിക്കുന്നവരുടെ എണ്ണം കൂടി വരുന്നു. എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷകളിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഏതാണ്ടിരട്ടി കുട്ടികൾക്ക് ഈ വർഷം സ്കോളർഷിപ്പ് ലഭിച്ചിട്ടുണ്ട്.

നാടിന്റെ താൽപര്യവും നാട്ടാരുടെ താൽപര്യവും ഓരോ വർഷവും പൊതുവിദ്യാലയങ്ങളിൽ അധികമായെത്തുന്ന കുട്ടികളുടെ എണ്ണം വഴി നമുക്ക് വിലയിരുത്താനാകും. കഴിഞ്ഞ രണ്ട് അക്കാദമിക വർഷം 3.5 ലക്ഷം കുട്ടികളാണ് അധികമായി പൊതുവിദ്യാലയങ്ങളിലെത്തിയത്. ഈ അക്കാദമിക വർഷം വലിയ വർദ്ധനവ് ഉണ്ടായേക്കും. സാധാരണ സ്കൂൾ വർഷാരംഭകാലത്ത് പൊതുവിദ്യാലയങ്ങൾ ചിത്രത്തിലേ ഉണ്ടാകാറില്ല. ഇപ്പോഴാണെങ്കിലോ കേരളത്തിന്റെ പത്ര ദൃശ്യമാധ്യമങ്ങൾ ഓരോ പൊതുവിദ്യാലയത്തിലും നടക്കുന്ന പുതുമയാർന്ന പരിപാടികളുടെ വാർത്തകളാൽ നിറഞ്ഞിരിക്കുന്നു. പൊതുവിദ്യാലയങ്ങളിൽ കുട്ടികളെ അയയ്ക്കുന്നതും പൊതുവിദ്യാലയങ്ങൾക്ക്വേണ്ടി പ്രവർത്തിക്കുന്നതും അഭിമാനമുയർത്തുന്ന ഒന്നായി മാറിയിരിക്കുന്നു. ഇങ്ങനെയുള്ള പരിവർത്തനത്തിൽ ഓരോ പ്രദേശത്തെയും ഓരോ തലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾ അതിപ്രധാനമായ പങ്ക് വഹിക്കുന്നുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ വളർത്തിയെടുത്ത ആശയതലവും പ്രയോഗതലവും സ്ഥായിയാകണമെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതിൽ നിർണ്ണായക പങ്ക് വഹിക്കണം. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം മുന്നോട്ട് വച്ച കാഴ്ചപ്പാടുകളെ ഈ വിധത്തിൽ വായിച്ചെടുക്കാം.

- ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം.
- അക്കാദമിക മികവ് വിദ്യാലയ മികവ്
- വിദ്യാഭ്യാസം ജനാധിപത്യവൽക്കരിക്കുക ജനകീയവൽക്കരിക്കുക.
- ഓരോ കുട്ടിയുടെയും പ്രതിഭ കണ്ടെത്തി ഏറ്റവും ഉയർന്ന തലത്തിലേക്ക് വികസിപ്പിക്കാനുള്ള അനുഭവങ്ങൾ പ്രദാനം ചെയ്യുക.
- പഠനം പ്രക്രിയാബന്ധിതമാക്കുക. കൂട്ടായ പഠനത്തിന്റെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തുക.എന്നാൽ ഓരോ കുട്ടിയുടെയും തനത് കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള അവസരവും ഉണ്ടാകണം.
- ഗുണമേന്മാ വിദ്യാഭ്യാസത്തിനായി ലഭ്യമാകുന്ന എല്ലാ വിഭവങ്ങളെയും പ്രയോജനപ്പെടുത്തുക.
- പാഠ്യപദ്ധതി വിനിമയത്തിന് സാങ്കേതികവിദ്യ നീതിയുക്തമായും ആവശ്യാനുസരണവും പ്രയോജനപ്പെടുത്തുക. ഇങ്ങനെ ചെയ്യുമ്പോൾ കുട്ടികളുടെ അമൂർത്തചിന്തകളെയും ഭാവനയെയും തടസ്സപ്പെടുത്താതെ സൂക്ഷിക്കണം.
- ഇതിനെല്ലാം കഴിയുംവിധം സ്കൂൾ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടണം. സ്കൂൾ ഭൗതികസൗകര്യങ്ങൾ എന്നത് കൊണ്ടുദ്ദേശിക്കുന്നത് കേവലം ക്ലാസ് മുറികൾ മാത്രമല്ല, കുട്ടികളുടെ ശുചിമുറികൾ, കളിസ്ഥലം, വിദ്യാലയങ്ങളുടെ ചുമരുകൾ, മതിലുകൾ തുടങ്ങിയവയുടെ ഫലപ്രദമായ വിനിയോഗം, മാലിന്യനിർമ്മാർജ്ജന സൗകര്യം, മരച്ചോട്ടിലെ ഇരിപ്പിട സൗകര്യം, ഭക്ഷണപ്പുര, അടുക്കള തുങ്ങിയവയെല്ലാം വരും.
- ഹരിതവിദ്യാലയം ശുചിത്വവിദ്യാലയം എന്നത് പ്രായോഗികമാക്കുക. ജൈവ വൈവിധ്യ ഉദ്യാനങ്ങൾ എല്ലാ ക്യാമ്പസുകളിലും.
- പൂർണ്ണമായും ലഹരിവിമുക്ത ക്യാമ്പസ് ആയി പരിവർത്തിക്കുക.

ഇതെല്ലാം സ്ഥായിയായി നിലനിൽക്കണമെങ്കിൽ പ്രാദേശിക സമൂഹത്തിന്റെ പിന്തുണയും പങ്കാളിത്തവും ഉണ്ടായേ മതിയാകൂ. ഇങ്ങനെയുള്ള പിന്തുണയും പങ്കാളിത്തവും ഉറപ്പാക്കാൻ പ്രാദേശിക സർക്കാരുകൾക്ക് മാത്രമേ കഴിയൂ.

മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്ന ഒരു വിദ്യാഭ്യാസ ക്രമം വികസിപ്പിക്കണമെങ്കിൽ അത് വികേന്ദ്രീകൃതമായി മാത്രമേ സാധ്യമാകുകയുള്ളൂ. ഓരോ സ്ഥാപനത്തിന്റെയും വസ്തുനിഷ്ഠ സാഹചര്യങ്ങൾ വ്യത്യസ്തമായിരിക്കും. അവിടെ എത്തിച്ചേരുന്ന കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും വ്യത്യസ്തങ്ങളാകും. ഏറ്റവും പിന്നിലാണ് എന്ന് ഇപ്പോൾ കണ്ടുവരുന്ന കുട്ടികൾക്കും നീതി ലഭിക്കണം. അവരെയും ആവശ്യമായ പഠന പിന്തുണ നൽകി മുന്നോട്ടു കൊണ്ട് വരേണ്ടതുണ്ട്. ഇത് സാധ്യമാകുന്നതിനാണ് ഓരോ വിദ്യാലയവും അക്കാദമിക മാസ്റ്റർപ്ലാൻ ഉണ്ടാക്കണം എന്ന് നിർദേശിച്ചത്. ഇങ്ങനെ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുമ്പോൾ അത് ജനപ്രതിനിധികളുടെയും രക്ഷിതാക്കളുടെയും നാട്ടുകാരുടെയും അഭിപ്രായങ്ങൾ തേടിയാകണം എന്നും നിർദേശിച്ചു. ഓരോ വിദ്യാലയവും അക്കാദമിക മാസ്റ്റർപ്ലാനും അത് പ്രയോഗത്തിൽ കൊണ്ടുവരാനുള്ള ആക്ഷൻ പ്ലാനും തയ്യാറാക്കി. ഇവയെല്ലാം സ്കൂളുകളിലെ അക്കാദമിക പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ സഹായിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുന്നതായിരുന്നു കഴിഞ്ഞ ജനുവരി മുതൽ മാർച്ച് മാസം വരെ നടന്ന പഠനോത്സവങ്ങൾ. ഓരോ വിദ്യാലയത്തിലും നടന്ന അക്കാദമിക പ്രവർത്തനങ്ങളും അതിലൂടെ കുട്ടികൾ ആർജ്ജിച്ച അറിവും ശേഷിയും തെളിവുകളായി സമൂഹത്തിന് മുൻപിൽ അവതരിപ്പിക്കുകയായിരുന്നു. ഈ പഠന സാക്ഷ്യങ്ങൾ സമൂഹത്തിന് നൽകിയ ആത്മവിശ്വാസം വളരെ വലുതായിരുന്നു. ഇതിന്റെ അനുരണനങ്ങൾ ഈ വർഷത്തെ സ്കൂൾ പ്രവേശനത്തിൽ പ്രകടമാകുന്നുണ്ട്.

കേരളത്തിന്റെ വിദ്യാഭ്യാസത്തിന്റെ ഇന്നലെകൾ നോക്കിയാൽ ഇന്ന് കേരളം എത്തിനിൽക്കുന്ന അവസ്ഥയിലേക്കെത്തിയത് കേന്ദ്രീകൃതമായ പദ്ധതികളിലൂടെയല്ല. തികച്ചും വികേന്ദ്രീകൃതമായ ശ്രമത്തിലൂടെയാണ് എന്ന് വ്യക്തമാകും. നാട്ടിലുണ്ടായ ചൂഷണരീതി ജാതി അടിസ്ഥാനത്തിലായിരുന്നു നിർണ്ണയിച്ചിരുന്നത്. അവയ്ക്കെതിരായ മുന്നേറ്റങ്ങൾ നവോത്ഥാനഘട്ടത്തിൽ നടന്നതും ഭിന്നമായ തലത്തിലും രീതിയിലുമായിരുന്നു. മലബാറിൽ മലബാർ ഡിസ്ട്രിക്ട് ബോർഡ് അതിനിർണ്ണായക പങ്കാണ് സ്കൂൾ സ്ഥാപനത്തിൽ വഹിച്ചത്. ഐക്യകേരള രൂപീകരണത്തോടെയാണ് എല്ലാറ്റിനും കേന്ദ്രീകൃതമായ രൂപം കൈവന്നത്. വിദ്യാഭ്യാസ രംഗത്ത് കേന്ദ്രീകരണമല്ല വികേന്ദ്രീകരണമാണ് ലക്ഷ്യം വയ്ക്കേണ്ടത് എന്ന നിലപാടാണ് 1957 ലെ ഇ.എം.എസ്. മന്ത്രിസഭയിലെ വിദ്യാഭ്യാസ മന്ത്രിയായ മുണ്ടശ്ശേരി മാസ്റ്റർ അവതരിപ്പിച്ച വിദ്യാഭ്യാസ ബില്ലിലൂടെ മുന്നോട്ടുവച്ചത്. ദൗർഭാഗ്യവശാൽ അത്തരം കാര്യങ്ങൾ നടപ്പാക്കാൻ കഴിഞ്ഞില്ല എന്നത് കേരള ചരിത്രത്തിന്റെ ഭാഗമാണ്.

എന്നാൽ മുഴവൻ കുട്ടികൾക്കും സ്കൂളിൽ പഠനകാര്യങ്ങളിൽ നീതി ഉറപ്പാക്കിക്കൊണ്ടുമാത്രമേ എല്ലാവരും ഉൾച്ചേരുന്ന ഗുണമേന്മാ വിദ്യാഭ്യാസം സാധിക്കുകയുള്ളൂ. അതിന് കഴിയണമെങ്കിൽ സ്കൂൾ വിദ്യാ

ഭ്യാസ രംഗത്ത് വികേന്ദ്രീകരണം ഫലപ്രദമായി നടപ്പാക്കണം. ഇങ്ങനെ ചെയ്യണമെങ്കിൽ പ്രാദേശിക സർക്കാരുകൾ അതിനിർണ്ണായകമായ ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടതുണ്ട്. ഓരോ നാടിന്റെയും സമൂഹത്തിന്റെയും സാമൂഹിക സാംസ്കാരിക പശ്ചാത്തലവും പരിതോവസ്ഥയും കണക്കിലെടുത്തുകൊണ്ടുള്ള ഏറ്റവും മികച്ച വിദ്യാഭ്യാസ പ്രവർത്തന പദ്ധതികൾ രൂപീകരിക്കാൻ വിദ്യാലയങ്ങൾക്കാവശ്യമായ പിന്തുണ നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയണം. അതനുസരിച്ച് പഞ്ചായത്ത് വിദ്യാഭ്യാസ സമിതികളെ ശക്തിപ്പെടുത്താനും കഴിയേണ്ടതുണ്ട്.

1994 ലെ പഞ്ചായത്തിരാജ്-മുനിസിപ്പൽ നിയമങ്ങൾ വിദ്യാഭ്യാസ മേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഇതുപ്രകാരം സർക്കാർ എൽ.പി, യു.പി സ്കൂളുകൾ ഗ്രാമപഞ്ചായത്തിനും ഹൈസ്കൂൾ, ഹയർസെക്കന്ററി എന്നിവ ജില്ലാ പഞ്ചായത്തിനും മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിലുള്ള വിദ്യാലയങ്ങളെല്ലാം പ്രസ്തുത തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കൈമാറിയിട്ടുണ്ട്.

ഈ അധികാരകൈമാറ്റത്തിനനുസരിച്ച് 1997 ലെ ജനകീയാസൂത്രണകാലം മുതൽ അതത് തദ്ദേശഭരണസ്ഥാപന പരിധിയിലെ വിദ്യാലയങ്ങളെ മെച്ചപ്പെടുത്താനുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ചെയ്യുന്നുണ്ട്. ഭൗതിക സൗകര്യവികസന രംഗത്ത് ഉണ്ടായ കുതിച്ചുചാട്ടം അധികാരവികേന്ദ്രീകരണ പ്രവർത്തനത്തിന്റെ ഭാഗമായി നടന്നതാണ്. അക്കാദമിക കാര്യങ്ങളിലും ചില ജില്ലാ പഞ്ചായത്തുകൾ സ്ഥായിയായി ഇടപെടുന്നുണ്ട്. അതത് ജില്ലകളിലെ വിദ്യാഭ്യാസ ഗുണതാ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ ഇതുവഴി കഴിഞ്ഞിട്ടുണ്ട്. ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാൻ ധാരാളം ഇടപെടൽ സാധ്യതകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മുന്നിലുണ്ട്.

ഇതിൽ ഏറ്റവും പ്രധാനം തദ്ദേശസ്വയംഭരണ പരിധിയിൽ വരുന്ന സ്കൂൾ പ്രായത്തിലുള്ള എല്ലാ കുട്ടികളും സ്കൂളുകളിൽ എത്തുന്നു എന്നുറപ്പാക്കുകയാണ്. വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ് വിദ്യാഭ്യാസ രജിസ്റ്റർ സൂക്ഷിക്കുക എന്നത്. തദ്ദേശഭരണ സ്ഥാപന പരിധിയിൽ വരുന്ന സ്കൂൾ പ്രായത്തിലുള്ള മുഴുവൻ കുട്ടികളും എവിടെപ്പോകുന്നു, അവർ പഠനം തുടരുന്നുണ്ടോ തുടങ്ങിയ പൂർണ്ണ വിവരങ്ങൾ പ്രസ്തുത രജിസ്റ്ററിൽ ഉണ്ടാകണം.

പാഠ്യപദ്ധതി ശരിയായ രീതിയിൽ വിനിമയം ചെയ്യണമെങ്കിൽ സർക്കാർ വർഷാവർഷങ്ങളിൽ തയ്യാറാക്കുന്ന അക്കാദമിക കലണ്ടറിൽ പറഞ്ഞ പ്രവൃത്തിദിനങ്ങൾ ഉറപ്പാക്കാൻ കഴിയണം. ഇത് കുട്ടികളുടെ അവകാശമാണ്. പല കാരണങ്ങളാൽ പ്രഖ്യാപിച്ച ദിനങ്ങൾ ലഭിക്കാറില്ല. എന്നാൽ നിയന്ത്രണത്തിനതീതമായ കാരണങ്ങളാൽ അവധികൊടുക്കേണ്ടി വന്നുവെങ്കിൽ പകരം ദിനം ലഭിക്കുന്നു എന്നുറപ്പ് വരുത്താൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൂടി പങ്കാളിത്തമുണ്ടാകണം.

പൊതുവിദ്യാലയങ്ങൾ കുട്ടികളുടെ സർവ്വതോമുഖമായ വികാസത്തിന് സഹായകമാകണം എന്ന നിലപാട് സാർത്ഥകമാക്കുമ്പോഴാണ് ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാൻ കഴിയുക. ഇതിന് നേതൃത്വപരമായ ഉത്തരവാദിത്തം ഏറ്റെടുക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയണം. സമഗ്രശിക്ഷാ അഭിയാൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൂടി പങ്കാളിത്തത്തോടെയാണ്. എന്നാൽ ഇവ എങ്ങനെ നടപ്പാക്കപ്പെടുന്നു എന്നതിൽ ക്രിയാത്മക പങ്കാളിയാകാൻ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ സവിശേഷതകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയാറില്ല. ഈ പരിമിതി മറികടക്കേണ്ടതുണ്ട്. ഓരോ തലത്തിലും കരിക്കുലം മുന്നോട്ടു വയ്ക്കുന്ന ലക്ഷ്യങ്ങൾ

> പൊതുവിദ്യാലയങ്ങൾ കുട്ടികളുടെ സർവ്വതോന്മുഖമായ വികാസത്തിന് സഹായകമാകണം എന്ന നിലപാട് സാർത്ഥകമാക്കുമ്പോഴാണ് ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാൻ കഴിയുക. ഇതിന് നേതൃത്വപരമായ ഉത്തരവാദിത്തം ഏറ്റെടുക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയണം.

നേടി എന്നുറപ്പാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പങ്കാളിത്തമുണ്ടാകണം. ഇതിന് ഒരു പ്രായോഗിക രൂപം വികസിപ്പിക്കേണ്ടതുണ്ട്. സ്കൂളിന്റെ ഗുണനിലവാരം എന്നത് പരീക്ഷകളിൽ കിട്ടുന്ന മാർക്കുകളോ ഗ്രേഡുകളോ മാത്രമാകരുത്. നാളത്തെ സമൂഹത്തിൽ ആത്മവിശ്വാസത്തോടെ ജീവിതം മുന്നോട്ടുനയിക്കാനുള്ള അറിവും കഴിവും നൈപുണിയും ആത്മവിശ്വാസവും ആർജ്ജിക്കലാകണം ഗുണനിലവാരം എന്നതുകൊണ്ട് വിവക്ഷിക്കേണ്ടത്.

ഗുണനിലവാരത്തെ സമീപിക്കുമ്പോൾ അത് കുട്ടികളുടെ സമഗ്ര വികാസമാകണം. അവരുടെ ശാരീരികവും മാനസികവും വൈകാരികവും സാമൂഹികവുമായ വികാസ ആവശ്യത്തിലധിഷ്ഠിതമാകണം. ഇങ്ങനെ വിദ്യാഭ്യാസത്തെ കണ്ടാൽ മാത്രമേ ഉച്ചഭക്ഷണപദ്ധതി മെച്ചപ്പെടുത്താനും കളിക്കാനുള്ള സൗകര്യം വികസിപ്പിക്കാനും ആത്മാവിഷ്കാരത്തിനും കൂട്ടായ അന്വേഷണത്തിനും പ്രതിഭാ വികാസത്തിനും തൊഴിൽ പരിശീലനത്തിനും രക്ഷാകർതൃ-സമൂഹപങ്കാളിത്തത്തിനും എല്ലാം വേണ്ട പദ്ധതികളെക്കുറിച്ച് ആലോചിക്കാനാകൂ.

മേൽപ്പറഞ്ഞ കാര്യങ്ങൾ ചെയ്യണമെങ്കിൽ ധാരാളം വൈദഗ്ധ്യം ആവശ്യമാണ്. പ്രാദേശികമായി ലഭിക്കാവുന്ന വൈദഗ്ധ്യം ഏകോപിപ്പിക്കാൻ ഏറ്റവും നന്നായി കഴിയുക പ്രാദേശിക സർക്കാരുകൾക്കാണ്.

കുട്ടികളുടെ ശരിയായ ശാരീരിക വികാസത്തിന് ഭക്ഷണം അതി പ്രധാനഘടകമാണ്. ശാരീരിക വളർച്ചയ്ക്ക് ആവശ്യമായ പോഷക ഭക്ഷണം ഉച്ചഭക്ഷണത്തിന്റെ ഭാഗമായി ലഭിക്കുന്നു എന്നുറപ്പാക്കാൻ കഴിയണം. പ്രഭാത ഭക്ഷണ സാധ്യതകൾ ആരായണം. നന്നായി പഠിക്കണമെങ്കിൽ പ്രഭാത ഭക്ഷണം ഒരു പ്രധാനഘടകമാണ്.

വലിയൊരു പേമാരിക്കും പ്രളയത്തിനും ശേഷം കഠിന വരൾച്ചയാണ് ഈ വർഷമുണ്ടായത്. ആഗോളതാപനത്തെക്കുറിച്ചും കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചും കേട്ടറിവ് മാത്രമേ ഉണ്ടായിരുന്നുള്ളൂ നമുക്ക്. ഇത് നമ്മുടെ കൂടി ജീവനത്തിന്റെ ഭാഗമായി മാറുന്ന അവസ്ഥ സംജാതമായിരിക്കുന്നു. ഇതിനെതിരായ പ്രതിരോധം "അണ്ണാറക്കണ്ണനും തന്നാലായത്" എന്ന നിലയിൽ എല്ലാവരും തീർക്കണം. അതിനായുള്ള അവബോധം കുട്ടികൾക്കുണ്ടാക്കാൻ സഹായകമായ പ്രായോഗിക പദ്ധതിയാണ് ജൈവവൈവിധ്യ ഉദ്യാനം. ഇതിന്

വേറേയും അർത്ഥ തലങ്ങളുണ്ട്. ക്ലാസ്സിൽ കുട്ടികൾ പഠിച്ച വസ്തുതകൾ ജീവിതവുമായി ബന്ധപ്പെടുത്തിയാലേ അത് സ്ഥിരം അറിവായി മാറൂ. ക്ലാസ്സിൽ നിന്ന് പുറത്തു വരുന്ന കുട്ടിയെ സ്വീകരിക്കേണ്ടത് വരണ്ട ഒരു സ്കൂൾ അന്തരീക്ഷമാകരുത് പകരം വളരെ ജൈവമായതും ചടുലമായതുമായ സ്കൂൾ പരിസരമാകണം. അതുകൊണ്ടുതന്നെ കുട്ടിയുടെ കണ്ണിനും മനസ്സിനും കുളിർമ നൽകുകയും തലച്ചോറിനെ ചിന്തോദ്ദീപകമാക്കുകയും ചെയ്യുന്ന ഒരു പഠന പരിസരം ജൈവവൈവിധ്യ ഉദ്യാനം പ്രദാനം ചെയ്യും. വിദ്യാലയത്തിന്റെ ഗുണതാ സൂചകങ്ങളിൽ ജൈവവൈവിധ്യ ഉദ്യാനത്തിന് അതീവ പ്രാധാന്യമുണ്ട്.



നമ്മുടെ കുട്ടികൾ ഓരോരുത്തരും തനിമയുള്ളവരാണ്. അവരുടെ കഴിവുകൾ വ്യത്യസ്തമാണ്. കുട്ടികളിലെല്ലാവരിലും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള പ്രതിഭയുണ്ട്. കുട്ടികളിലെ പ്രതിഭ കണ്ടെത്തി അത് ഏറ്റവും ഉയരത്തിലെത്തിക്കുക എന്നതാണ് ടാലന്റ് ലാബ് വഴി ഉദ്ദേശിക്കുന്നത്. സ്കൂളിലെയും പരിസരത്തെയും വൈദഗ്ധ്യത്തെ അണിചേർത്തുകൊണ്ട് മാത്രമേ ഇത് യാഥാർത്ഥ്യമാക്കാൻ കഴിയൂ. ഈ പ്രവർത്തനത്തിന് നേതൃത്വം എടുക്കാൻ കഴിയുക തദ്ദേശഭരണസ്ഥാപനങ്ങൾക്കാണ്.

നാം നേരിടുന്ന മറ്റൊരു വെല്ലുവിളി കുട്ടികളുടെ കായിക ക്ഷമതയുമായി ബന്ധപ്പെട്ടതാണ്. രോഗം വന്നാൽ, ഡോക്ടർ നിർദ്ദേശിച്ചാൽ മാത്രം വ്യായാമം മതി, കുട്ടികൾ കളിക്കേണ്ട പ്രായത്തിൽ നിർബന്ധിച്ച് പഠിപ്പിക്കുക, അങ്ങനെ അവർ മാർക്ക് വാങ്ങുന്ന യന്ത്രങ്ങൾ ആയാൽ മതി എന്നാണ് നമ്മുടെ നിലപാട്. അതുകൊണ്ട് തന്നെ നാം രോഗാതുരതയിൽ ഒന്നാം സ്ഥാനത്തേക്ക് കുതിച്ചുകൊണ്ടിരിക്കുന്നു. കുട്ടികൾക്ക് കളി എന്നത് ശരിയായ ശാരീരിക മാനസിക വൈകാരിക സാമൂഹിക വികാസത്തിന് അനിവാര്യമാണെന്ന് പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനും കളിക്കാനുള്ള ഇടങ്ങൾ വികസിപ്പിക്കുന്നതിനും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർണ്ണായക പങ്കുണ്ട്.

മാലിന്യ മുക്ത ക്യാമ്പസ്സ് എന്നത് യജ്ഞത്തിന്റെ ലക്ഷ്യമാണ്. മാലിന്യങ്ങളെ ഉറവിടത്തിൽ വച്ചു തന്നെ സംസ്കരിക്കണം എന്ന അവബോധം ഉണ്ടാക്കുകയും അതെങ്ങിനെ എന്നത് പ്രയോഗത്തിലൂടെ ബോധ്യപ്പെടുന്ന പ്രയോഗശാലയായി വിദ്യാലയങ്ങളെ മാറ്റുകയും ചെയ്യണം. ചെയ്ത് പഠിക്കാനുള്ള ഇടമാകണം സ്കൂൾ ക്യാമ്പസ്സ്. മാലിന്യ സംസ്കരണത്തിന്റെ വ്യത്യസ്തങ്ങളായ സങ്കേതങ്ങൾ സ്കൂൾ ക്യാമ്പസ്സിലുണ്ടാകണം. ഇക്കാര്യവും ശ്രദ്ധിക്കാൻ കഴിയുക തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്.

എല്ലാ ക്ലാസ്സ് മുറികളും (8-12ക്ലാസ്സുകൾ) ഹൈടെക്കായി. ശരിയായ പൗരബോധനപരിപാടിക്കും സമൂഹവിദ്യാഭ്യാസത്തിനും ഈ സാധ്യത എങ്ങനെ പ്രയോജനപ്പെടുത്താം എന്ന ആലോചന ഉണ്ടാകേണ്ടതുണ്ട്. വിദ്യാഭ്യാസ വകുപ്പിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കൂട്ടായി പ്രവർത്തിക്കാവുന്ന ഒരു പുത്തൻ സാധ്യതയാണിത്.

ഗുണമേന്മാ വിദ്യാഭ്യാസത്തിനായി നൂതനങ്ങളായ ഒട്ടേറെ അന്വേഷണങ്ങൾ നടക്കുന്നുണ്ട്. ഉദാ: സർക്കാരിന്റെ നേതൃത്വത്തിൽ കേരള ഡവലപ്മെന്റ് സ്ട്രാറ്റജിക് കൗൺസിൽ ഗണിതം മികച്ച നിലയിൽ പഠിക്കുന്നത് സംബന്ധിച്ച് ഒരന്വേഷണം 'മഞ്ചാടി ' എന്ന പേരിൽ ചെയ്യുന്നുണ്ട്. ഇത്തരം പ്രവർത്തന ങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ പ്രാദേശികമായി നൽകി ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുക എന്നതും ഒരു സാധ്യതയാണ്.

കൂടാതെ സംയുക്ത പ്രോജക്ടുകളുടെയും സംയോജിത പ്രോജക്ടുകളുടെയും സാധ്യത ആരായണം. സ്വിമ്മിങ് പൂൾ, സിന്തറ്റിക് ട്രാക്,സൗരോർജ്ജ പദ്ധതികൾ, ആധുനിക പാചകശാലാ സംവിധാനങ്ങൾ, ഭക്ഷണ ശാല, ഹരിത നിയമാവലി പാലിക്കാനുള്ള ക്രമീകരണങ്ങൾ, ശുചിത്വ സൗകര്യങ്ങളുടെ ഗുണത ഉറപ്പാക്കാനുള്ള മോണിറ്ററിംഗ് സംവിധാനം, ഡസ്ക്, ബഞ്ച് തുടങ്ങിയ അനിവാര്യമായ ഫർണ്ണിച്ചർ സംവിധാനങ്ങൾ, മികച്ച ലൈബ്രറി തുടങ്ങിയവയെല്ലാം ഈ രീതിയിൽ കൂടി നടപ്പാക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്. മുകളിൽ സൂചിപ്പിച്ചത് സാധ്യതകളുടെ ഒരറ്റം മാത്രമാണ്. ഇങ്ങനെയുള്ള എല്ലാ സാധ്യതകളും ആരായണം. ഇതെല്ലാം ഫലപ്രദമായി നടപ്പാക്കാൻ ആവശ്യമായ സംവിധാനങ്ങൾ വികസിപ്പിക്കണമെങ്കിൽ അത് സംബന്ധിച്ച ചർച്ചയും നിർദ്ദേശങ്ങളും ഉണ്ടാകണം. നമ്മുടെ വിദ്യാലയങ്ങളെ കാണപ്പെടുന്ന, അനുഭവപ്പെടുന്ന സ്വർഗ്ഗമാക്കി മാറ്റുക എന്നത് അസാധ്യമല്ല. നാളത്തെ തലമുറയോട് നാം ചെയ്യുന്ന നീതി മാത്രമാകും അത്.

☐

*(ലേഖകൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കൺസെൾട്ടന്റാണ്)*



കവർ സ്റ്റോറി

# വയോസൗഹൃദ ഗ്രാമപഞ്ചായത്തുകൾ പ്രസക്തിയും പ്രവർത്തനവും

കേരളത്തിലെ പഞ്ചായത്തുകൾക്ക് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ പഞ്ചായത്തുകളേക്കാൾ കൂടുതൽ അധികാരങ്ങളുണ്ട്. വയോസൗഹൃദ പഞ്ചായത്ത് എന്ന പരിപാടി പൂർണ്ണമായും എളുപ്പത്തിലും നടപ്പിലാക്കുവാൻ ഏറ്റവും ഉചിതമായ സ്ഥാപനങ്ങളാണ് കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ.



■ ഡോ.പി.കെ.ബി.നായർ

കേരളത്തിന്റെ ജനസംഖ്യയിൽ വൃദ്ധർ 14 ശതമാനമാണ്. അതായത് ഏഴിൽ ഒന്ന്. വൃദ്ധരിൽ 20 ശതമാനം 80ന്ന മുകളിൽ പ്രായമുള്ളവരാണ്. ഒരു പത്തുവർഷം കൂടി കഴിയുമ്പോൾ വൃദ്ധർ ജനസംഖ്യയുടെ 18 ശതമാനമാകും. അപ്പോൾ 80 കഴിഞ്ഞവർ വൃദ്ധരിൽ നാലിലൊന്നായി ഉയരും. വാർദ്ധക്യത്തിന്റെ തിക്താനുഭവങ്ങൾ കൂടുതലും ഇവരാണനുഭവിക്കേണ്ടിവരുന്നത്. അതിനാൽ ഇക്കൂട്ടർക്ക് പ്രത്യേകം പരിരക്ഷ വേണ്ടിയിരിക്കുന്നു.

വൃദ്ധരുടെ പ്രശ്നങ്ങൾ ഇതരപ്രായക്കാരുടേതിൽ നിന്നും വിഭിന്നവും സങ്കീർണവുമാണ്. ഇവരിൽ മിക്കവർക്കും ദേശീയതലത്തിലോ സംസ്ഥാനതലത്തിലോ ഉള്ള പൊതുനയങ്ങളിലും പരിപാടികളിലും നിന്ന് കാതലായ മേഖലകളിൽ കാര്യമായിട്ടൊന്നും കിട്ടിയിട്ടില്ല. വൃദ്ധർക്കുമാത്രമായുള്ള ഒരു സൂക്ഷ്മതല(Microlevel) പരിപാടിയിലൂടെ മാത്രമേ അവരുടെ പ്രത്യേകപ്രശ്നങ്ങൾ പരിഹരിക്കാനാകൂ. ഇതു പഞ്ചായത്ത് മുഖാന്തരം മാത്രമേ സാദ്ധ്യമാവുകയുള്ളൂ. കാരണം ജനങ്ങളുടെ ദൈനംദിന പ്രശ്നങ്ങളുമായി മുഖാമുഖം ഇടപഴകുന്നത് പഞ്ചായത്ത് ഭരണമാണല്ലോ. കൂടാതെ കേരളത്തിലെ പഞ്ചായത്തുകൾക്ക് ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളിലെ പഞ്ചായത്തുകളേക്കാൾ കൂടുതൽ അധികാരങ്ങളുണ്ട്. വയോസൗഹൃദ പഞ്ചായത്ത് എന്ന പരിപാടി പൂർണ്ണമായും എളുപ്പത്തിലും നടപ്പിലാക്കുവാൻ ഏറ്റവും ഉചിതമായ സ്ഥാപനങ്ങളാണ് കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ.

ഈ പശ്ചാത്തലത്തിലാണ് തിരുവനന്തപുരത്തെ വയോജനപഠനകേന്ദ്രം വയോസൗഹൃദ പഞ്ചായത്ത് എന്ന പ്രമേയം കൊണ്ടുവന്നത്. ഇത് പരീക്ഷണാർത്ഥം തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ പഞ്ചായത്തിലും പാലക്കാട് ജില്ലയിലെ പെരുവെമ്പ്, കരിമ്പ എന്നീ പഞ്ചായത്തുകളിലും പൈലറ്റ്പദ്ധതി എന്ന രീതിയിൽ ഗവൺമെന്റ് സഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതിയിൽ ഒട്ടുമുക്കാലും ഭാഗം മുതിർന്ന പൗരൻമാരുടെ സഹകരണത്തോടെയാണ് ആവിഷ്കരിച്ചതും നടപ്പിൽ വരുത്തുന്നതും.

## എന്താണ് വയോസൗഹൃദ ഗ്രാമപഞ്ചായത്ത്

ആരോഗ്യ-സാമ്പത്തിക സുരക്ഷിതത്വം തുടങ്ങി വൃദ്ധർക്ക് ആവശ്യമായ എല്ലാ മേഖലകളിലും വ്യാപിക്കുന്ന സമഗ്രമായ പരിപാടികളുടെ പ്രഭവകേന്ദ്രമാണ് വയോസൗഹൃദപഞ്ചായത്ത്. വൃദ്ധരുടെ ആവശ്യങ്ങൾ മുഴുവനായോ മുൻഗണനാക്രമത്തിലോ ഈ പഞ്ചായത്ത് ചെയ്തുകൊടുക്കും. പഞ്ചായത്തിന് നേരിട്ട് നിയന്ത്രണമില്ലാത്ത മറ്റു വകുപ്പുകളിലും സ്ഥാപനങ്ങളിലും പഞ്ചായത്തിന്റെ സ്വാധീനമുപയോഗിച്ചും സംഗതിയുടെ പ്രാധാന്യം ചൂണ്ടിക്കാട്ടിയും അവരുടെ പരിപാടികൾ വയോസൗഹൃദമാക്കി ഭേദഗതി ചെയ്യാൻ ഇത്തരം പഞ്ചായത്തുകൾ നടപടികളെടുക്കും. ചുരുക്കിപ്പറഞ്ഞാൽ തങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ഒരു പഞ്ചായത്താണ് ഇതെന്ന് എല്ലാ വൃദ്ധരിലും വിശ്വാസം ജനിപ്പിക്കും.

## എങ്ങനെയാണിതിന്റെ പ്രവർത്തനം

**നാലു പ്രധാന ഘടകങ്ങളാണ് വയോജനസൗഹൃദ പഞ്ചായത്തിന്റെ അടിസ്ഥാനം**

1. പ്രധാനമായി പഞ്ചായത്തു ഭരണം തന്നെ. വയോസൗഹൃദപരിപാടികൾ ആവിഷ്കരിക്കുവാനും അവയ്ക്ക് ഊർജ്ജം നൽകുവാനുമായി പഞ്ചായത്തിന്റെ ഒരു ഉന്നതതല സമിതി രൂപീകരിക്കുന്നു. ഈ സമിതി വൃദ്ധജനങ്ങളുടെ കാര്യത്തിൽ ഒരു ജാഗ്രതാസമിതി കൂടിയായി പ്രവർത്തിക്കുന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഈ കമ്മിറ്റിയുടെ ചെയർമാനും പഞ്ചായത്തിലെ വിവിധ കമ്മിറ്റികളുടെ ചെയർമാൻമാർ ഇതിലെ അംഗങ്ങളുമായിരിക്കും. പഞ്ചായത്ത് നേരിട്ടും അല്ലാതെയും നടത്തുന്ന എല്ലാ വയോസൗഹൃദപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടത് ഈ കമ്മിറ്റിയുടെ ചുമതലയാണ്. ഇതിനായി കുടുംബം, ആരോഗ്യം, വിദ്യാഭ്യാസം, PWD, ICDS, കുടുംബശ്രീ, പോലീസ് എന്നു വേണ്ട സമൂഹത്തിന്റെ നാനാ മേഖലകളിലും ഈ കമ്മിറ്റി

# സെന്റർ ഫോർ ജെറന്റോളജിക്കൽ സ്റ്റഡീസ്

ഡോ. പി.കെ.ബി. നായരുടെ നേതൃത്വത്തിൽ ആരംഭിച്ച സെന്റർ ഫോർ ജെറന്റോളജിക്കൽ സ്റ്റഡീസാണ് 2006-ൽ കേരള സംസ്ഥാനത്തിന്റെ ആദ്യത്തെ വയോജന നയം തയ്യാറാക്കിയത്. വയോജനങ്ങളുടെ പ്രശ്നങ്ങൾ സർക്കാരുകളുടെയും പൊതുജനങ്ങളുടെയും ശ്രദ്ധയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ 1983-ൽ പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനം, നാളിതുവരെ അഞ്ച് അന്താരാഷ്ട്ര സമ്മേളനങ്ങളും 15 അഖിലേന്ത്യാ സമ്മേളനങ്ങളും നിരവധി സംസ്ഥാനതല സമ്മേളനങ്ങളും നടത്തി. സെന്ററിന്റെ ഗവേഷണങ്ങൾ വയോജനങ്ങളുടെ പ്രശ്നങ്ങൾ പൊതുശ്രദ്ധയിലെത്തിക്കാനും അവയ്ക്ക് പരിഹാരം തേടാനും സഹായകമായി.

ഇന്ത്യാ ഗവൺമെന്റിന്റെ വയോജനങ്ങൾക്കുള്ള സേവനത്തിനുള്ള പരമോന്നത ബഹുമതിയായ വയോശ്രേഷ്ഠ സമ്മാൻ (2009) അടക്കമുള്ള അംഗീകാരങ്ങൾ സെന്ററിനു ലഭിച്ചു.

ഐക്യരാഷ്ട്രസഭയുടെ ഇക്കണോമിക് ആൻഡ് സോഷ്യൽ കൗൺസിലിൽ (ECOSOC) സ്പെഷ്യൽ കൺസൾട്ടൻസി പദവി നേടാനും സെന്ററിനായി.

കേരളത്തിൽ തിരുവനന്തപുരം ജില്ലയിൽ മൂന്നും (മാണിക്കൽ, വെമ്പായം, പൂവച്ചൽ) പാലക്കാട് ജില്ലയിൽ നാലും (കരിമ്പ, പെരുവെമ്പ്, പുതുശ്ശേരി, മുണ്ടൂർ) പഞ്ചായത്തുകളിൽ കേരളസർക്കാരിന്റെ ധനസഹായത്തോടുകൂടി നടപ്പാക്കുന്ന വയോജന സൗഹൃദ പഞ്ചായത്ത് എന്ന പദ്ധതിയുടെ ആശയവും നിർദ്ദേശവും സെന്ററിന്റേതാണ്. ഈ ഏഴു പഞ്ചായത്തുകളിലും ആശുപത്രികൾ, സ്കൂളുകൾ, പൊലീസ്, അംഗൻവാടികൾ ഇവ കേന്ദ്രീകരിച്ചാണ് പദ്ധതികൾ നടപ്പിലാക്കിയത്. അംഗൻവാടികൾ മുഖാന്തരം പഞ്ചായത്തിൽ മുഴുവനും വയോജനസഭകളും വയോജനകൗൺസിലുകളും സംഘടിപ്പിച്ച് അവയിൽക്കൂടി വയോജനങ്ങളുടെ ആവശ്യങ്ങളും അഭിപ്രായങ്ങളും രൂപീകരിച്ച് പഞ്ചായത്ത് മുഖാന്തരം അവയ്ക്ക് പരിഹാരം കാണുന്നു. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സംഘടനകളിലും വയോജനസൗഹൃദ പരിപാടിയുടെ സന്ദേശം എത്തിക്കുന്നു.



*ഡോ. പി.കെ.ബി. നായർ*
*ചെയർമാൻ*



*ഡോ. ജേക്കബ് ജോൺ*
*കട്ടക്കായം, ഡയറക്ടർ*

*വിലാസം*
*സെന്റർ ഫോർ ജെറന്റോളജിക്കൽ സ്റ്റഡീസ്*
*കൊളംബിയ വില്ല, കേശവദാസപുരം,*
*തിരുവനന്തപുരം 695004*
*www.cgsindia.org*
*Email: gerontocentre@gmail.com*
*Phone: 0471 2443441,*
*9037668530, 9447711122*

ഇടപെട്ട് അവയുടെ പരിപാടികൾ വയോസൗഹൃദമാക്കേണ്ടതാണ്. ഈ കമ്മിറ്റിയുടെ പ്രവർത്തനം എല്ലാ മേഖലയിലേക്കും വ്യാപിപ്പിക്കേണ്ടതാണ്.

2. വൃദ്ധരുടെ പ്രശ്നങ്ങളെയും ആവശ്യങ്ങളെയും കുറിച്ച് ആധികാരികമായിട്ടുള്ള അറിവു ലഭിക്കുവാൻ പഞ്ചായത്തിൽ 60 കഴിഞ്ഞവരെക്കുറിച്ച് ഒരു സർവ്വേ നടത്തുന്നു. ഈ സർവ്വേയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഒരു കരട് പദ്ധതി രൂപീകരിക്കുന്നു. അംഗൻവാടി/പ്രവർത്തകരുടെ സേവനം ഈ സർവ്വേയ്ക്കായി ഉപയോഗിക്കാവുന്നതാണ്.
3. ഓരോ പഞ്ചായത്തു വാർഡിലെയും വൃദ്ധരെ സംഘടിപ്പിച്ച് ഒരു വൃദ്ധജനസഭ രൂപീകരിക്കുകയും ഈ സഭയിൽ നിന്ന് രണ്ടുപേരെ തിരഞ്ഞെടുത്ത് പഞ്ചായത്തുതലത്തിൽ ഒരു വൃദ്ധജനകൗൺസിൽ രൂപീകരിക്കുകയും ചെയ്യുന്നു. വാർഡുതല സഭയുടെ കൺവീനർ പഞ്ചായത്ത് വാർഡ് മെമ്പറും പഞ്ചായത്തുതല കൗൺസിലിന്റെ അദ്ധ്യക്ഷൻ പഞ്ചായത്തു പ്രസിഡന്റും ആയിരിക്കും. വാർഡ്തലത്തിൽ നിന്നും വരുന്ന ആവശ്യങ്ങൾ ക്രോഡീകരിച്ച് വൃദ്ധജനകൗൺസിലിൽ ചർച്ച ചെയ്ത് തീരുമാനം പഞ്ചായത്ത് അധികൃതരുടെ നടപടിക്ക് അയയ്ക്കുന്നു. പഞ്ചായത്ത് പ്രസിഡന്റും വാർഡ് മെമ്പർമാരും നേരത്തെ തന്നെ ഈ സഭകളുടെ ഭാരവാഹികളായതിനാൽ കൗൺസിലിന്റെ തീരുമാനം ചർച്ചയ്ക്കു വരുമ്പോൾ സത്വരനടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് ഭരണത്തിനു സാധിക്കുന്നു.
4. വയോസൗഹൃദ ഗ്രാമപഞ്ചായത്തിന്റെ നാലാമത്തെ ഘടകം ഇക്കാര്യത്തിൽ പൂർണ്ണമായി ബോധവൽക്കരിക്കപ്പെട്ട ഉദ്യോഗസ്ഥൻമാരും ബന്ധപ്പെട്ട മറ്റു വ്യക്തികളുമാണ്. ഇത് സാധിക്കുന്നത് വിവിധതലങ്ങളിലും വകുപ്പുകളിലുമുള്ള ഉദ്യോഗസ്ഥരെയും ബന്ധപ്പെട്ട മറ്റുള്ളവരെയും വിളിച്ചുകൂട്ടി ബോധവൽക്കരണംനടത്തുകവഴിയാണ്. NREGS, PHC, PWD, കൃഷിവകുപ്പ്, സ്കൂൾ, ICDS, കുടുംബശ്രീ, പോലീസ് എന്നു വേണ്ട, ആർട്ട്സ് ക്ലബ് മുതലായ എല്ലാ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥരെയും ഭാരവാഹികളെയും വിളിച്ചു കൂട്ടി വയോസൗഹൃദ മാർഗ്ഗങ്ങളിൽക്കൂടി അവരുടെ പ്രവൃത്തികൾ നയിക്കുന്നതിനായി അവരെ മാനസികമായും പ്രാവർത്തികമായും സജ്ജീകരിക്കുന്നു. ചെറിയ ചെറിയ ഗ്രൂപ്പുകളായുള്ള ഇവരുടെ ചർച്ചായോഗങ്ങൾ വഴി വയോസൗഹൃദ സന്ദേശം നാനാ മേഖലകളിലും എത്തിക്കുന്നു. കുടുംബങ്ങളെയും സ്കൂളുകളെയും ഈ പ്രസ്ഥാനത്തിൽ പങ്കെടുപ്പിക്കേണ്ടതുണ്ട്.

*(ലേഖകൻ തിരുവനന്തപുരം വയോജന പഠനകേന്ദ്രം ചെയർമാനാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. 9037668530.)*






# മാണിക്കൽ ഗ്രാമപഞ്ചായത്ത് വയോസൗഹൃദം

■ എസ്. സുജാത

കേരളത്തിന് മാതൃകയായി മാറിയ ഒട്ടനേകം പദ്ധതികൾ നടപ്പിലാക്കിയ മാണിക്കൽ ഗ്രാമപഞ്ചായത്ത് കേരളത്തിലെ ആദ്യത്തെ വയോസൗഹൃദ പഞ്ചായത്താണ്. പഞ്ചായത്തിന്റെ താല്പര്യപ്രകാരം തിരുവനന്തപുരം വയോജന പഠന കേന്ദ്രവും (Cetnre for Gerentological studies) സാമൂഹ്യ നീതി വകുപ്പും ചേർന്നാണ് ഇ പദ്ധതി നടപ്പിലാക്കാൻ പഞ്ചായത്തിനെ സഹായിച്ചത്.

വൃദ്ധരുടെ പ്രശ്നങ്ങൾ സങ്കീർണ്ണവും മറ്റു പ്രായക്കാരിൽ നിന്ന് വിഭിന്നവുമാണ്. ഈ വ്യത്യസ്തമായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ലക്ഷ്യമിട്ടാണ് വയോജനസൗഹൃദ ഗ്രാമപഞ്ചായത്ത് എന്ന പ്രോജക്ട് നടപ്പിലാക്കുന്നത്.

വയോജനങ്ങൾക്കുള്ള ചികിത്സാ സഹായം നല്കൽ, ആവശ്യമുള്ളവർക്ക് ഭക്ഷണം എത്തിക്കൽ, മാനസികോല്ലാസത്തിനുള്ള സംവിധാനം ഏർപ്പെടുത്തൽ, അഗതികളെ പുനരധിവസിപ്പിക്കൽ, സ്ഥാപനങ്ങളെ വയോസൗഹൃദമാക്കൽ, വയോജനങ്ങളുടെ കഴിവുകൾ പ്രയോജനപ്പെടുത്തൽ തുടങ്ങി ഒട്ടേറെ ഘടകങ്ങൾ പദ്ധതിയിൽ ഉൾപ്പെടുന്നു. കൂടാതെ പദ്ധതിയുടെ വ്യാപ്തി ആരോഗ്യകേന്ദ്രങ്ങൾ, തദ്ദേശസ്വയംഭരണ വകുപ്പ്, പോലീസ്, സ്കൂൾ മുതലായ മേഖലകളിലേക്കും വ്യാപിച്ചു കിടക്കുന്നു.

ഈ പദ്ധതിയുടെ മുന്നോടിയായി ആദ്യമായി ചെയ്തത് പഞ്ചായത്തിൽ 60 വയസ്സ് കഴിഞ്ഞവരെക്കുറിച്ച് ഒരു സർവ്വെ നടത്തുകയായിരുന്നു. അങ്കണവാടി ടീച്ചർ

**കേരളത്തിന് മാതൃകയായി മാറിയ ഒട്ടനേകം പദ്ധതികൾ നടപ്പിലാക്കിയ മാണിക്കൽ ഗ്രാമപഞ്ചായത്ത് കേരളത്തിലെ ആദ്യത്തെ വയോസൗഹൃദ പഞ്ചായത്താണ്.**



മാർ മുഖേനയാണ് ഈ സർവ്വെ നടത്തിയത്. സർവ്വെയിൽ പ്രധാനമായി വയോജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും അവരുടെ ആവശ്യങ്ങളെയും ആഗ്രഹങ്ങളെയും കുറിച്ചുമുള്ള വിവരശേഖരണമാണ് നടത്തിയത്. ഈ സർവ്വെയിൽ നിന്ന് ലഭിച്ച വിവരങ്ങളുടെയും അറിവുകളുടെയും അടിസ്ഥാനത്തിൽ പഞ്ചായത്തിലെ വയോജനങ്ങൾക്കായി ഒരു ബൃഹത്തായ പരിപാടി തയ്യാറാക്കി അത് നടപ്പിലാക്കുകയായിരുന്നു പ്രധാന ലക്ഷ്യം.

പദ്ധതി നടത്തിപ്പിനും അതിലടങ്ങിയിരിക്കുന്ന പരിപാടികളുടെ പ്രവർത്തനത്തിനും പഞ്ചായത്ത് തലത്തിൽ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചു. വയോസൗഹൃദ പദ്ധതി നടപ്പിലാക്കുന്നതിനായി പഞ്ചായത്തിലെയും കീഴിലുള്ള സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥരെ വയോസൗഹൃദ പരിപാടിയെക്കുറിച്ച് ബോധവല്ക്കരിക്കുകയാണ് കമ്മിറ്റി ആദ്യമായി ചെയ്തത്. പഞ്ചായത്തോഫീസിൽ വയോജനങ്ങൾക്ക് വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുകയായിരുന്നു അടുത്ത സംരംഭം. വിവിധ ആവശ്യങ്ങളുമായി വരുന്ന വയോജനങ്ങൾക്ക് വേണ്ട എല്ലാ സേവനങ്ങളും കൃത്യമായും വേഗത്തിലും ചെയ്തു കൊടുക്കുക, അവരെ സ്നേഹസഹകരണ മനോഭാവത്തോടെ സ്വീകരിക്കുക, അവർക്ക് സൗകര്യമായ വിധത്തിൽ ഇരിപ്പിടങ്ങളും കുടിവെള്ളവും യൂറോപ്യൻ ടോയ്‌ലറ്റും നല്കുക എന്ന അനുബന്ധ പരിപാടികളും നടപ്പിൽ വരുത്തി.

മുമ്പ് പ്രസ്താവിച്ച പോലെ വയോസൗഹൃദപദ്ധതിയുടെ നടത്തിപ്പിന് പഞ്ചായത്തിലുള്ള വിവിധ വിഭാഗങ്ങളുടെ യോജിച്ചുള്ള പ്രവർത്തനം ആവശ്യമാണ്. പഞ്ചായത്തിലെ കെട്ടിടങ്ങൾ, റോഡുകൾ, മാർക്കറ്റുകൾ, പാർക്കുകൾ, മറ്റു പൊതുസ്ഥലങ്ങൾ ഇവയെല്ലാം തന്നെ വയോസൗഹൃദമാകും വിധത്തിൽ ക്രമീകരിക്കുകയും പുതിയ സംരംഭങ്ങൾ തദനുസൃതമായി പ്ലാൻ ചെയ്യുകയും വേണം. സ്വകാര്യ വ്യക്തികളുടെ കെട്ടിട നിർമ്മാണ അപേക്ഷകൾ പരിശോധിച്ച് അവയും വയോസൗഹൃദമായ വിധത്തിലാണ് പ്ലാൻ ചെയ്തിരിക്കുന്നതെന്ന് ഉറപ്പ് വരുത്തണം. നിലവിലുള്ള കെട്ടിടങ്ങൾക്ക് ഈ നിയമം ബാധകമാക്കാൻ പ്രയാസമാണെങ്കിലും ആവും വിധത്തിൽ അവയിലും വയോസൗഹൃദ കാര്യങ്ങൾ ഉൾപ്പെടുത്താൻ കഴിയും.

**വയോസൗഹൃദപദ്ധതിയുടെ നടത്തിപ്പിന് പഞ്ചായത്തിലുള്ള വിവിധ വിഭാഗങ്ങളുടെ യോജിച്ചുള്ള പ്രവർത്തനം ആവശ്യമാണ്. പഞ്ചായത്തിലെ കെട്ടിടങ്ങൾ, റോഡുകൾ, മാർക്കറ്റുകൾ, പാർക്കുകൾ, മറ്റു പൊതുസ്ഥലങ്ങൾ ഇവയെല്ലാം തന്നെ വയോസൗഹൃദമാകും വിധത്തിൽ ക്രമീകരിക്കുകയും പുതിയ സംരംഭങ്ങൾ തദനുസൃതമായി പ്ലാൻ ചെയ്യുകയും വേണം.**

പഞ്ചായത്തിന് കീഴിൽ വരുന്ന എല്ലാ സർക്കാർ, സ്വകാര്യാശുപത്രികളിലും വയോജനങ്ങൾക്ക് പ്രത്യേക ഇരിപ്പിടവും കുടിവെള്ളവും യൂറോപ്യൻ ക്ലോസറ്റുകളും സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ അവർക്ക് പ്രത്യേക ക്യൂവും ലാബ് പരിശോധനകളിൽ പ്രത്യേക പരിഗണനയും സാമ്പത്തിക ഇളവുകളും നല്കാനുള്ള ഏർപ്പാടുണ്ട്. പ്രൈമറി ഹെൽത്ത് സെന്റർ, അതിന്റെ ഉപശാഖകൾ, കമ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിലും വൃദ്ധർക്ക് മാന്യമായ പെരുമാറ്റവും ഇളവുകളുമുണ്ട്. കൂടാതെ പഞ്ചായത്ത് വാർഡടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിച്ച് വൃദ്ധരുടെ ആരോഗ്യപ്രശ്നങ്ങൾ ചർച്ച ചെയ്യുകയും അവരെ പരിശോധിച്ച് വേണ്ട ഉപദേശങ്ങളും മരുന്നുകളും നല്കുകയും ചെയ്യുന്നു. പഞ്ചായത്തിലെ എല്ലാ വയോജനങ്ങൾക്കും ഹെൽത്ത് കാർഡ് നല്കിയിട്ടുണ്ട്. ഇതുപയോഗിച്ച് വിവിധ സേവനങ്ങൾ പണം നല്കാതെ നേടാൻ സാധിക്കുന്നു.

സമൂഹത്തിൽ നാനാവിധ ചൂഷണങ്ങൾക്കും പീഢനങ്ങൾക്കും എളുപ്പത്തിൽ ഇരയാകാൻ സാദ്ധ്യതയുള്ള വിഭാഗമാണ് വയോജനങ്ങൾ. അവർക്ക് പ്രത്യേക

സംരക്ഷണം ആവശ്യമാണ്. ഇക്കാര്യത്തിൽ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ ചുമതലയുള്ള വെഞ്ഞാറമൂട് പോലീസ് സ്റ്റേഷൻ അതീവ ജാഗ്രത പാലിക്കുന്നുണ്ട്. സ്റ്റേഷനിൽ പരാതികളും മറ്റാവശ്യങ്ങളുമായി വരുന്ന വയോജനങ്ങൾക്ക് സത്വരമായി സേവനങ്ങൾ നല്കാൻ അവർ അതീവ തല്പരരാണ്. വൃദ്ധരുടെ ഭവനങ്ങൾ പൊതുവേയും ഒറ്റപ്പെട്ട് താമസിക്കുന്ന വൃദ്ധരുടെ വീടുകൾ പ്രത്യേകമായും പതിവായി സന്ദർശിച്ച് അവരുടെ ആവശ്യങ്ങൾക്കനുസൃതമായി കാര്യങ്ങൾ ചെയ്തു കൊടുക്കുന്നുണ്ട്. പോലീസ് സ്റ്റേഷനിൽ വൃദ്ധർക്ക് വേണ്ടി ഒരു പ്രത്യേക ഹെൽപ്പ്ലൈനും പ്രവർത്തിക്കുന്നുണ്ട്. വയോജനങ്ങൾക്ക് ആവശ്യമായ എല്ലാ വിധ സുരക്ഷാ സജ്ജീകരണങ്ങളും ഈ പോലീസ് സ്റ്റേഷനിൽ ഒരുക്കിയിട്ടുണ്ട്. വയോജനങ്ങളുടെ സുരക്ഷയുടെ ഭാഗമായി അവർ ചെയ്യേണ്ടതും ചെയ്യാൻ പാടില്ലാത്തതുമായ കാര്യങ്ങളെക്കുറിച്ചും ഈ പോലീസ് സ്റ്റേഷൻ നിരന്തരമായി വയോജനങ്ങളെ ബോധവാന്മാരാക്കുന്നു.

പിരപ്പൻകോട് ഹയർ സെക്കന്ററി സ്കൂളിൽ വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷകർത്തൃ സംഘടനയുടെ ഭാരവാഹികൾ എന്നിവരുടെ ഒരു ക്ലബ്ബ് രൂപീകരിച്ചിട്ടുണ്ട്. വയോജനസൗഹൃദ ക്ലബ്ബ് എന്നാണിതിന്റെ പേര്. ഈ ക്ലബ്ബ് മാസംതോറും യോഗം ചേർന്ന് വയോജന സൗഹൃദ പരിപാടികൾ ആവിഷ്കരിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുന്നു. മുതിർന്ന പൗരന്മാരോടുള്ള സ്നേഹവും ബഹുമാനവും കുട്ടികളിൽ വളർത്തുക, വീട്ടിലുള്ള വയോജനങ്ങൾക്ക് സഹായവും സംരക്ഷണവും നൽകാൻ കുട്ടികളെ പ്രാപ്തരാക്കുക എന്നീ ലക്ഷ്യങ്ങളാണ് ഈ ക്ലബ്ബിനുള്ളത്. ക്ലബ്ബിന്റെ പല മീറ്റിംഗുകളിലും വയോജനങ്ങളെക്കൂടി പങ്കെടുപ്പിക്കുന്നു.

## വയോജന സഭകൾ

വയോജനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും അവരുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും പ്രതിഫലിപ്പിക്കുന്നതിനും വേണ്ടി പഞ്ചായത്തിൽ വയോജന സഭകൾ സംഘടിപ്പിച്ചിട്ടുണ്ട്. അങ്കണവാടി അടിസ്ഥാനത്തിലാണ് ഇവയുടെ പ്രവർത്തനം. ഇവിടെയുള്ള 32 അങ്കണവാടികളിലും സഭകൾ സംഘടിപ്പിച്ചിട്ടുണ്ട്. പഞ്ചായത്ത് മെമ്പർ പ്രസിഡന്റും അങ്കണവാടി ടീച്ചർ കൺവീനറുമാണ്. മാസം തോറും കൂടുന്ന ഈ സഭയിൽ വയോജനങ്ങൾ അവരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും അവതരിപ്പിക്കുന്നു. അതിലുപരിയായി ഈ സഭകൾ ഒരു കൂട്ടായ്മയായിക്കൂടി പ്രവർത്തിക്കുന്നു. വയോജനങ്ങൾക്ക് മാസത്തിലൊരിക്കലെങ്കിലും ഒത്തുചേരാൻ സൗകര്യമുള്ളതിൽ അവർക്ക് വളരെ സന്തോഷമുണ്ട്.

**പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വർഷം തോറും ഒക്ടോബർ 1 വയോജന ദിനമായും ജൂൺ 15 വയോജന പീഢന വിരുദ്ധ ദിനമായും വിപുലമായ രീതിയിൽ ആചരിക്കുന്നുണ്ട്. ഈ സമ്മേളനത്തിൽ ഏറ്റവും മുതിർന്ന വയോജനങ്ങളെ പൊന്നാടയണിയിച്ച് ബഹുമാനിക്കുന്നു. കലാപരിപാടികളും ഈ സമ്മേളനങ്ങളുടെ ഭാഗമാണ്.**



## വയോജന കൗൺസിൽ

ഓരോ വയോജന സഭയിൽ നിന്നും തിരഞ്ഞെടുക്കുന്ന രണ്ടുപേരടങ്ങിയ ഒരു സംഘമാണ് വയോജന കൗൺസിൽ. പഞ്ചായത്ത് പ്രസിഡന്റ് ഇതിന്റെ അധ്യക്ഷനും ഐ.സി.ഡി.എസ് സൂപ്പർവൈസർ കൺവീനറുമാണ്. മൂന്നു മാസത്തിലൊരിക്കൽ ഈ കൗൺസിൽ യോഗം ചേരുന്നു. സഭകളിൽ നിന്നു കിട്ടുന്ന റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ഈ കൗൺസിൽ ചർച്ച ചെയ്യുന്നു. ഇവയുടെ മേൽ നടപടിക്കായി പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുന്നു. പഞ്ചായത്ത് പ്രസിഡന്റ് ഈ കൗൺസിലിന്റെ അധ്യക്ഷനും വാർഡ് മെമ്പർ ഇതിന്റെ അംഗങ്ങളുമായ സ്ഥിതിക്ക് കൗൺസിലിന്റെ തീരുമാനം അംഗീകരിക്കാൻ പഞ്ചായത്തിന് വിഷമമുണ്ടാകുകയില്ല. വയോസൗഹൃദ കൗൺസിലും സഭകളും മുഖാന്തരം പഞ്ചായത്തിലെ എല്ലാ വൃദ്ധജനങ്ങളെയും അവരുടെ കാര്യങ്ങളിൽ വേണ്ട നടപടി കൈക്കൊള്ളാൻ സഹായിക്കുന്നുവെന്നത് വയോസൗഹൃദ പരിപാടിയുടെ കാതലായ ഒരു ഭാഗമാണ്. ഈ സംഘടനകൾ വയോജനങ്ങളുടെ കാര്യത്തിൽ ജാഗ്രതാസമിതികൾ കൂടിയായി പ്രവർത്തിക്കുന്നു.

പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വർഷം തോറും ഒക്ടോബർ 1 വയോജന ദിനമായും ജൂൺ 15 വയോജന പീഢന വിരുദ്ധ ദിനമായും വിപുലമായ രീതിയിൽ ആചരിക്കുന്നുണ്ട്. ഈ സമ്മേളനത്തിൽ ഏറ്റവും മുതിർന്ന വയോജനങ്ങളെ പൊന്നാടയണിയിച്ച് ബഹുമാനിക്കുന്നു. കലാപരിപാടികളും ഈ സമ്മേളനങ്ങളുടെ ഭാഗമാണ്. കാലാകാലങ്ങളിൽ പഞ്ചായത്ത് വയോസൗഹൃദ മൂല്യങ്ങൾ ബന്ധപ്പെട്ട ജനങ്ങളിൽ പ്രചരിപ്പിക്കുന്നുണ്ട്. പെൻഷണേഴ്സ് അസോസിയേഷൻ, ആർട്സ്, സ്പോർട്സ് ക്ലബ്ബുകൾ, ട്രേഡ് യൂണിയനുകൾ മുതലായ സംഘടനകളിൽ ഇക്കാര്യത്തിൽ ആവശ്യമായ പ്രചരണം നടത്തുന്നു.

*(ലേഖിക മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്)*

☐

**കവർ സ്റ്റോറി**



# വയോസൗഹൃദ കരിമ്പ

**ഉമ്മറക്കോലായിലെ നിറവെൺസാന്നിദ്ധ്യങ്ങളെ അരികുകളിലേക്കൊതുക്കുന്ന പുത്തൻ സംസ്ക്കാരത്തിന് എതിരെയുള്ള ഒരു നിശബ്ദ പോരാട്ടമാണ് കരിമ്പയിൽ നടക്കുന്നത്**

കരിമ്പഗ്രാമപഞ്ചായത്ത് ``വയോസൗഹൃദ പഞ്ചായത്ത് ``പദ്ധതി ഏറ്റെടുത്തത് വ്യത്യസ്തമായ ഒരു കാഴ്ചപ്പാടോടെയാണ്. വയോജനങ്ങൾ എത്തുന്ന പഞ്ചായത്തിനകത്തെ എല്ലാ പൊതു ഇടങ്ങളും വയോസൗഹൃദമാക്കാനായി നിർദ്ദേശം നൽകുകയും ബോർഡുകൾ സ്ഥാപിക്കുകയും ഇരിപ്പിടങ്ങൾ ഒരുക്കുകയും ചെയ്തു.

തിരുവനന്തപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന സെന്റർ ഫോർ ജെറന്റോളജിക്കൽ സ്റ്റഡീസിന്റെ സ്ഥാപകനും ചെയർമാനുമായ ഡോ. പി.കെ.ബി. നായരുടെയും ടീമിന്റേയും സമയബന്ധിതമായ ഓർമ്മപ്പെടുത്തലുകളാണ് തങ്ങൾക്ക് ഈ പദ്ധതി നടത്തിപ്പിൽ കൈത്താങ്ങായതെന്ന് പഞ്ചായത്ത് പ്രസിഡന്റ് സി.കെ. ജയശ്രീ സാക്ഷ്യപ്പെടുത്തുന്നു. വാർദ്ധക്യത്തിലെത്തിയവർക്ക് ശാരീരികമായ ക്ഷയങ്ങൾ സ്വാഭാവികമാണെന്നും മാനസികമായ ക്ഷയിക്കലിന് പരിഹാരം കാണുന്നതിലാണ് ഊന്നൽ നൽകേണ്ടതെന്നുമുള്ള ഡോ. നായരുടെ കാഴ്ചപ്പാടിൽനിന്നാണ് പദ്ധതിയുടെ വിശദാംശങ്ങൾ രൂപപ്പെടുത്തിയത്. പഞ്ചായത്തിന്റെ കീഴിലുള്ള വിവിധ വകുപ്പുകളുടെ സഹായത്തോടെയാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്. ആരോഗ്യം, വിദ്യാഭ്യാസം, ഐ.സി.ഡി.എസ്, കുടുംബശ്രീ സംവിധാനം എന്നിവയുടെ കൃത്യവും ആത്മാർത്ഥവുമായ ഇടപെടലുകളാണ് പഞ്ചായത്തിനെ വയോസൗഹൃദമാക്കിമാറ്റുവാൻ സഹായകമായത്.

**കുട്ടികൾക്കും വൃദ്ധർക്കുമിടയിൽ വർദ്ധിച്ചു വരുന്ന അകലം കുറയ്ക്കാൻ, വൃദ്ധജനങ്ങൾക്ക് കൂട്ടുംതാങ്ങുമാവാൻ കുട്ടികളെ പ്രേരിപ്പിക്കാൻ, മുതിർന്നവർക്ക് തങ്ങൾ മറ്റുള്ളവർക്ക് ഒരു ഭാരമല്ലെന്ന വിചാരമുണ്ടാക്കാൻ ഒക്കെ ഉദ്ദേശിച്ചുകൊണ്ട് എല്ലാ വിദ്യാലയത്തിലും വയോസഭ രൂപീകരിച്ചു.**

### ആരോഗ്യം

കല്ലടിക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ എല്ലാ വ്യാഴാഴ്ചയും വയോജന ക്ലിനിക് ആരംഭിച്ചിട്ടുണ്ട്. ഇതിന് പുറമെ തീർത്തും ഒറ്റപ്പെട്ട , അവശരായ വയോജ




നങ്ങൾക്ക് ആശപ്രവർത്തകർ ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് വീടുകളിലെത്തി ചികിത്സ നൽകുന്നുവെന്ന് ഉറപ്പാക്കുന്നുണ്ട്. ഒറ്റപ്പെട്ട വൃദ്ധരുടെ മാനസികാരോഗ്യത്തിനായി പ്രത്യേക കൗൺസിലിംഗ് സഹായം ഉറപ്പുവരുത്തുവാനും ശ്രദ്ധപുലർത്തുന്നു. കണ്ണുപരിശോധന ക്യാമ്പും കണ്ണട വിതരണവും നടത്തുന്നുണ്ട്. ആയുർവ്വേദ വിഭാഗം ആഴ്ചയിലൊരു ദിവസം ജെറിയാട്രിക് ക്ലിനിക് നടത്തിവരുന്നു. അവർക്ക് ആവശ്യമായ എല്ലാവിധ ആയുർവ്വേദ മരുന്നുകളും ആയുർവ്വേദ ഡിസ്പെൻസറിയിൽ കരുതിവയ്ക്കാൻ വേണ്ട ജാഗ്രത പഞ്ചായത്ത് കാണിക്കുന്നുണ്ട്.

## വിദ്യാഭ്യാസം

കുട്ടികൾക്കും വൃദ്ധർക്കുമിടയിൽ വർദ്ധിച്ചുവരുന്ന അകലം കുറയ്ക്കാൻ, വൃദ്ധജനങ്ങൾക്ക് കൂട്ടും താങ്ങുമാവാൻ കുട്ടികളെ പ്രേരിപ്പിക്കാൻ, മുതിർന്നവർക്ക് തങ്ങൾ മറ്റുള്ളവർക്ക് ഒരു ഭാരമല്ലെന്ന വിചാരമുണ്ടാക്കാൻ ഒക്കെ ഉദ്ദേശിച്ചുകൊണ്ട് എല്ലാ വിദ്യാലയത്തിലും 'വയോസഭ' രൂപീകരിച്ചു. അത് ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു.

## ഐ.സി.ഡി.എസ്.

അംഗൻവാടി തലത്തിൽ അതതിന്റെ ഫീഡിങ് ഏരിയയിൽ വയോജനങ്ങളെ ഉൾപ്പെടുത്തി വയോസഭകൾ രൂപീകരിച്ചിട്ടുണ്ട്. ഇടയ്ക്കിടെ ഒത്തുകൂടാനും പരസ്പരം കാണാനും സംസാരിക്കാനും അവർക്ക് സാഹചര്യമൊരുക്കാനും അല്പനേരം ആസ്വാദ്യകരമായി ചെലവഴിക്കാൻ വേദിയൊരുക്കാനും ഇതിലൂടെ സാധിക്കുന്നു. പരാതികളും പരിഭവങ്ങളും ഇറക്കിവെച്ച് ആശ്വസിക്കാൻ അവർക്ക് അവസരം ലഭിക്കുന്നു. വയോജനങ്ങൾക്ക് കട്ടിൽ വിതരണവും പഞ്ചായത്തിന്റെ പ്രൊജക്ടിന്റെ ഭാഗമായി നടപ്പിൽ വരുത്തുന്നുണ്ട്.

## കുടുംബശ്രീ

കുടുംബശ്രീ അയൽക്കൂട്ടങ്ങളിലൂടെ, സി.ഡി.എസ് സംവിധാനത്തിലൂടെ , സ്നേഹിത കോളിംഗ് ബെൽ പദ്ധതിയിലൂടെയെല്ലാം കരിമ്പ ഗ്രാമ പഞ്ചായത്ത് നിരന്തരം വയോജനങ്ങളുടെ ഒറ്റപ്പെടലിന് പരിഹാരം കണ്ടെത്താൻ ശ്രമിച്ച് വരുന്നു. വയോജനങ്ങളിലേക്ക് പ്രത്യേകം ശ്രദ്ധയെത്തിക്കുന്നതിന് കുടുംബങ്ങളെ പ്രേരിപ്പിക്കാനാണ് പഞ്ചായത്ത് ശ്രമിക്കുന്നത്. എല്ലാ അയൽക്കൂട്ട പ്രസിഡന്റ്, സെക്രട്ടറിമാരേയും വിളിച്ച് പ്രത്യേക ബോധവൽക്കരണ ക്ലാസ്സുകൾ ഈ വിഷയത്തിൽ നൽകിയിട്ടുണ്ട്. മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചിട്ടുണ്ട്.

ഒരു വയോഗ്രാമസഭയിൽ ഒതുക്കാതെ അവരെ പലയിടത്ത് പലപ്പോഴായി ഒത്തുകൂടിക്കുവാനും ആദരിക്കുവാനും ആഘോഷാവസരങ്ങളിൽ പങ്കാളികളാക്കാനും അവർക്കായി കൊച്ചുകൊച്ചു ഉല്ലാസയാത്രകൾ സംഘടിപ്പിക്കുവാനും പഞ്ചായത്ത് ശ്രമിച്ചുവരുന്നു. വിവിധ വിഭാഗത്തിലുള്ളവരുടെ ശ്രദ്ധ വയോജനങ്ങളുടെ കാര്യത്തിൽ ഉറപ്പു വരുത്താനാണ് ശ്രമിച്ചുവരുന്നത്. പരിസരത്തുള്ള വയോജനങ്ങളോട് കുശലാന്വേഷണത്തിന് അയൽക്കൂട്ടാംഗങ്ങളെ ഓർമിപ്പിക്കുകവരെ ചെയ്യുവെന്ന് പഞ്ചായത്ത് പ്രസിഡന്റ് പറയുന്നു. ഉമ്മറക്കോലായിലെ നിറവെൺസാന്നിദ്ധ്യങ്ങളെ അരികുകളിലേക്കൊതുക്കുന്ന പുത്തൻ സംസ്ക്കാരത്തിനെതിരെയുള്ള ഒരു നിശബ്ദ പോരാട്ടമായാണ് കരിമ്പ ഗ്രാമപഞ്ചായത്ത് ഈ പദ്ധതിയെ കാണുന്നത്.





നഗരവികസനം

# അമൃത്

# മുഖച്ഛായ മാറുന്ന നഗരങ്ങൾ

**ഇന്ത്യയിൽ 500 നഗരങ്ങളിൽ നടന്നു വരുന്ന പദ്ധതി സംസ്ഥാനാടിസ്ഥാനത്തിൽ ത്വരിതഗതിയിൽ പുരോഗമിക്കുന്ന സംസ്ഥാനങ്ങളിൽ 3-ാം സ്ഥാനത്തും കേന്ദ്രഭരണ പ്രദേശം ഉൾപ്പെടെ 4-ാം സ്ഥാനത്തുമാണ് കേരളം.**

നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിൽ കേരളത്തിന് ദേശീയതലത്തിൽ നാലാംസ്ഥാനമാണ്. കേരളത്തിലെ 6 കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ 3 മുനിസിപ്പാലിറ്റികളിലുമാണ് പദ്ധതി നടപ്പിലാക്കി വരുന്നത്.

2015 സെപ്റ്റംബർ 1-നാണ് കേരളത്തിൽ പദ്ധതി ആരംഭിച്ചത്. പദ്ധതി കാലാവധിയായ 5 വർഷത്തിനുള്ളിൽ 3 വാർഷിക കർമ്മ പദ്ധതികളിലായി (2015-16, 2016-17, 2017-18) 2357.66 കോടി രൂപയുടെ 385 പദ്ധതികൾ (1024 ഉപപദ്ധതികൾ) നടപ്പിലാക്കുന്നതിനാണ് അംഗീകാരം ലഭിച്ചിരിക്കുന്നത്. ഇതിൽ ആകെ പദ്ധതി തുകയുടെ 50 ശതമാനം കേന്ദ്ര വിഹിതവും 30 ശതമാനം സംസ്ഥാന വിഹിതവും 20 ശതമാനം തദ്ദേശ സ്ഥാപന വിഹിതവുമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് മൂന്ന് വാർഷിക പദ്ധതികളും തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയെടുത്തത്.

ശുദ്ധജല വിതരണം, സ്വിവറേജ് ആന്റ് സെപ്റ്റേജ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് എന്നീ അഞ്ച് മേഖലകളിലായാണ് പദ്ധതി നടപ്പിലാക്കുന്നത്. ഉപപദ്ധതികൾ ഉൾപ്പെടെ 1024 പദ്ധതികൾക്കാണ് (മുഖ്യപദ്ധതികൾ 385) അംഗീകാരം ലഭിച്ചിരിക്കുന്നത്. ഇതിൽ 2252.16 കോടി രൂപയുടെ 1023 പദ്ധതികൾക്ക് ഭരണാനുമതിയും 2122.73 കോടി രൂപയുടെ 1015 പദ്ധതികൾക്ക് സാങ്കേതികാനുമതിയും നല്കി. 2109.29 കോടി രൂപയുടെ 1014 പദ്ധതികളുടെ ടെണ്ടർ നടപടി പൂർത്തിയാകുകയും 1577.08 കോടി രൂപയുടെ 934 പദ്ധതികളുടെ പ്രവൃത്തി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ 78.58 കോടി രൂപയുടെ 225 പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിക്കായി 439.15 കോടി രൂപ നാളിതുവരെ ചെലവഴിച്ചു.

സംസ്ഥാനത്തെ 9 അമൃത് നഗരങ്ങളിലായി ചെറുതും ഇടത്തരവുമായ 29 ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിക്കുവാൻ സാധിച്ചു. ഈ നഗരങ്ങളിലെയും പരിസര പ്രദേശങ്ങളിലെയും ശുദ്ധജല ക്ഷാമം പരിഹരിക്കുവാൻ ബാക്കി പദ്ധതികൾ (176)

കൂടി പൂർത്തിയാകുമ്പോൾ സാധിക്കും.

സെപ്റ്റേജ്/സ്വിവറേജ് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും നിലവിലുള്ള സ്വിവറേജ് ശൃംഖല വിപുലപ്പെടുത്തുന്നതിനും ശേഷി വർദ്ധിപ്പിക്കുന്നതിനുമായുള്ള പദ്ധതികളാണ് സെക്ടറിൽ വിഭാവനം ചെയ്തിരിക്കുന്നത്. നിലവിൽ 29 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. അംഗീകരിച്ചിട്ടുള്ള (137) പദ്ധതികളും പൂർത്തീകരിക്കുമ്പോൾ 9 അമൃത് നഗരങ്ങളിലെ സെപ്റ്റേജ്/സ്വിവറേജ് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് സാധിക്കുന്നതാണ്.

അമൃത് പദ്ധതിയുടെ കാര്യശേഷി വികസന പരിപാടിയുടെ ഭാഗമായി അമൃത് പദ്ധതി നടപ്പിലാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും മൂന്ന് ഘട്ടങ്ങളിലായി പരിശീലനം നല്കിയിട്ടുണ്ട്. 985 പേർ ഒന്നാം ഘട്ടത്തിലും 549 പേർ രണ്ടാം ഘട്ടത്തിലും 252 പേർ മൂന്നാം ഘട്ടത്തിലും പരിശീലനം നേടി. അമൃത് നഗരങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തെ ശാക്തീകരിക്കുന്നതിനായി എഞ്ചിനീയർമാരെയും ഓവർസീയർമാരെയും (42 പേർ) കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

അമൃത് പദ്ധതി പരിഷ്ക്കരണങ്ങളുടെ ഭാഗമായി കൈവരിക്കേണ്ടതായ നാഴികക്കല്ലുകൾ ഈ കാലയളവിൽ സംസ്ഥാനം വിജയകരമായി കൈവരിച്ചിട്ടുണ്ട്. അതിന് പ്രോത്സാഹനമായി മൂന്ന് റിഫോം ഇൻസെന്റീവുകൾ (യഥാക്രമം 2015-16-ൽ 15 കോടിയും 2016-17-ൽ 16.68 കോടിയും 2017-18-ൽ 15.59 കോടി രൂപയും) സംസ്ഥാനം നേടുകയുണ്ടായി.

അമൃത് പദ്ധതിയിലെ പ്രോജക്ട് നിർദ്ദേശങ്ങളെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ചവയാണ്. 9 അമൃത് നഗരങ്ങളുടെയും തദ്ദേശീയമായ ആവശ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടുള്ള വികേന്ദ്രീകൃത ആസൂത്രണം അമൃത് പദ്ധതിയുടെ പ്രത്യേകതയാണ്.

സ്വിവറേജ് & സെപ്റ്റേജ് മേഖലയിൽ കേന്ദ്രീകൃത പദ്ധതികൾ നടപ്പാക്കുന്നതിലെ പ്രായോഗിക വൈഷമ്യങ്ങൾ പരിഗണിച്ച് വികേന്ദ്രീകൃത സ്വിവറേജ് & സെപ്റ്റേജ് പദ്ധതികളാണ് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പദ്ധതികളുടെ നിർവഹണം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടാണ് നടത്തുന്നത്. പദ്ധതികൾക്ക് സാങ്കേതിക സമിതിയും ഉന്നതാധികാര സമിതിയും അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതികളുടെ മോണിറ്ററിംഗ്, ഫണ്ടിംഗ് തുടങ്ങിയവയാണ് സംസ്ഥാനതലത്തിൽ സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റും നഗരതലത്തിൽ സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റും നിർവഹിക്കുന്നത്.

അമൃത് വഴി നടപ്പാക്കുന്ന പദ്ധതികളുടെ സംക്ഷിപ്ത വിവരവും നിലവിലെ സ്ഥിതിയും പ്രധാനപ്പെട്ട പദ്ധതികളുടെ വിവരണവും ചുവടെ ചേർക്കുന്നു.


- ശുദ്ധജല വിതരണ സെക്ടറിൽ 1081.09 കോടി രൂപയുടെ 176 പദ്ധതികളിൽ (മുഖ്യ പദ്ധതികൾ 95) 18.73 കോടി രൂപയുടെ 29 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ ഈ സെക്ടറിൽ 325.51 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.
- സ്വിവറേജ് & സെപ്റ്റേജ് സെക്ടറിൽ 629.86 കോടി രൂപയുടെ 137 പദ്ധതികളിൽ (മുഖ്യ പദ്ധതികൾ 46) 8.71 കോടി രൂപയുടെ 37 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ ഈ സെക്ടറിൽ 24.44 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.
- സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിൽ 382.28 കോടി രൂപയുടെ 508 പദ്ധതികളിൽ (മുഖ്യ പദ്ധതികൾ 113) 47.24 കോടി രൂപയുടെ 144 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ ഈ സെക്ടറിൽ 64.09 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.
- അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ 214.50 കോടി രൂപയുടെ 130 പദ്ധതികളിൽ (മുഖ്യ പദ്ധതികൾ 59) 0.72 കോടി രൂപയുടെ 6 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുവരെ 19.57കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.
- പാർക്ക് സെക്ടറിൽ 49.89 കോടി രൂപയുടെ 73 പദ്ധതികളിൽ (മുഖ്യ പദ്ധതികൾ 72) 3.17 കോടി രൂപയുടെ 9 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ പദ്ധതികൾക്കായി 5.55 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.
- നിലവിൽ ഇന്ത്യയിൽ 500 നഗരങ്ങളിൽ നടന്നു വരുന്ന പദ്ധതി സംസ്ഥാനാടിസ്ഥാനത്തിൽ ത്വരിതഗതിയിൽ പുരോഗമിക്കുന്നതിൽ സംസ്ഥാനങ്ങളിൽ 3-ാം സ്ഥാനത്തും കേന്ദ്രഭരണ പ്രദേശം ഉൾപ്പെടെ 4-ാം സ്ഥാനത്തുമാണ് കേരളം.


*വിവരങ്ങൾക്ക് കടപ്പാട്:*
*മിഷൻ ഡയറക്ടർ, അമൃത്*

**തിരുത്ത്**

പഞ്ചായത്ത് രാജ് മാസിക 2019 മെയ് ലക്കം പേജ് 49 ൽ പ്രസിദ്ധീകരിച്ച 'അമൃത് പദ്ധതിയിൽ 2,357 കോടിരൂപയുടെ 10,200 പ്രവൃത്തികൾ' എന്ന വാർത്ത 2,357.66 കോടിരൂപയുടെ 385 പദ്ധതികൾ (1024 ഉപപദ്ധതികൾ) എന്ന് തിരുത്തി വായിക്കേണ്ടതാണ്.


**എഡിറ്റർ**







സദ്ഭരണം



## ഐ.എസ്.ഒ.

# പഞ്ചായത്തുകൾ സമ്പൂർണ്ണ ഗുണമേന്മയിലേക്ക്

**ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് ഐ.എസ്.ഒ. സേവനപ്രദാന സംവിധാനത്തിന്റെ ഗുണനിലവാരത്തിനുള്ള അംഗീകാരമാണ്. എന്നാൽ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയതുകൊണ്ട് മാത്രം പഞ്ചായത്തുകളുടെ ദൗത്യം അവസാനിക്കുന്നില്ല.**

അധികാര വികേന്ദ്രീകരണത്തിന്റെ കേരള മാതൃകയിലൂടെ കീർത്തി നേടിയ കേരളം സേവന പ്രദാന സംവിധാനത്തിന്റെ ഗുണമേന്മയിലും മാതൃകയാകുന്നു. ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഗുണമേന്മാ സംവിധാനം (TQM - Total Quality Management) നടപ്പിലാക്കിക്കൊണ്ട് സേവന ഗുണമേന്മയുടെ അന്തർദേശീയ സർട്ടിഫിക്കറ്റായ ഐ.എസ്.ഒ. 9001:2015 കരസ്ഥമാക്കാനുള്ള ഉദ്യമത്തിലാണ് സംസ്ഥാനം. കേരളത്തിലെ 453 ഗ്രാമപഞ്ചായത്തുകൾ ഇതിനോടകം ഐ.എസ്.ഒ. 9001:2015 സർട്ടിഫിക്കറ്റ് കരസ്ഥമാക്കികഴിഞ്ഞു.

### മുന്നോട്ട്

ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് ഐ.എസ്.ഒ. സേവന പ്രദാന സംവിധാനത്തിന്റെ ഗുണനിലവാരത്തിനുള്ള അംഗീകാരമാണ്. എന്നാൽ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയതുകൊണ്ട് മാത്രം പഞ്ചായത്തുകളുടെ ദൗത്യം അവസാനിക്കുന്നില്ല. സേവന പ്രദാന സംവിധാനത്തിലെ ഗുണനിലവാരം സ്ഥായിയായി നിലനിർത്തുവാനുള്ള നിരന്തര ശ്രമങ്ങൾ ഉണ്ടാകണം.

**ഐ.എസ്.ഒ. 9001:2015 കരസ്ഥമാക്കിയ ഗ്രാമപഞ്ചായത്തുകൾ**

| | |
|---|---|
| തിരുവനന്തപുരം | 52 |
| കൊല്ലം | 13 |
| ആലപ്പുഴ | 38 |
| പത്തനംതിട്ട | 9 |
| ഇടുക്കി | 20 |
| എറണാകുളം | 49 |
| കോട്ടയം | 71 |
| തൃശ്ശൂർ | 86 |
| മലപ്പുറം | 16 |
| പാലക്കാട് | 25 |
| കോഴിക്കോട് | 21 |
| വയനാട് | 23 |
| കണ്ണൂർ | 23 |
| കാസർഗോഡ് | 7 |
| ആകെ | 453 |

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

### ക്വാളിറ്റി സർക്കിളിന്റെ ക്രിയാത്മകത

ഗുണമേന്മാ സംവിധാനത്തിന്റെ സ്ഥായിയായ നിലനിൽപ്പിന് ക്വാളിറ്റി സർക്കിളിന്റെ ക്രിയാത്മകത അനിവാര്യമാണ്.

- ക്വാളിറ്റി സർക്കിൾ പ്രതിമാസ യോഗംകൂടി സേവന പ്രദാന സംവിധാനത്തിന്റെ ഗുണനിലവാരം വിലയിരുത്തണം. വിലയിരുത്തൽ ഫലം കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരണം.
- ഒരു നിശ്ചിത സമയക്രമത്തിൽ അംഗങ്ങളുടെ ഊഴംമാറ്റി എല്ലാ ജീവനക്കാർക്കും ക്വാളിറ്റി സർക്കിളിൽ അവസരം നൽകണം.
- സേവന പ്രദാനത്തിന് നൂതനാശയങ്ങൾ രൂപീകരിച്ച് നടപ്പിലാക്കണം. തുടർച്ചയായ മെച്ചപ്പെടുത്തൽ ഉറപ്പുവരുത്തുകയും വേണം.

### സബ്ടീമുകളുടെ സജീവത

ടി.ക്യു.എം. നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഫ്രണ്ട് ഓഫീസ്, ഡോക്യുമെന്റേഷൻ, റിക്കോർഡ്റൂം, കാര്യശേഷി വികസനം, ഇൻഫ്രാസ്ട്രക്ചർ എന്നീ സബ്ടീമുകൾ പഞ്ചായത്ത് രൂപീകരിച്ചുവല്ലൊ. പ്രസ്തുത സബ്ടീമുകൾ:

- അവരിൽ നിക്ഷിപ്തമായ മേഖലകളുടെ ഗുണമേന്മ സ്ഥായിയായി നിലനിൽക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- അതത് മേഖലകളിലെ തുടർച്ചയായ മെച്ചപ്പെടുത്തൽ ഉറപ്പുവരുത്തണം.

#### (i) ഫ്രണ്ട് ഓഫീസ് സബ് ടീം

- ഫ്രണ്ട് ഓഫീസിൽ നിന്നുള്ള സേവനത്തിന്റെ ഗുണമേന്മ നിരന്തരം വിലയിരുത്തുക.
- സിറ്റിസൺ ഫീഡ് ബാക്ക് (Citizen Feedback) ഫോറങ്ങൾ, പരാതികൾ എന്നിവ നിരന്തരം വിലയിരുത്തണം.
- എല്ലാവർഷവും പൊതുജനാഭിലാഷം അറിയുന്നതിന് പൗരസർവ്വേ (Citizen Survey) നടത്തണം.

#### (ii) ഡോക്യുമെന്റേഷൻ സബ് ടീം

- ഓഫീസ് പ്രമാണങ്ങളും (Documents) രേഖകളും (Records), എസ്.ഒ.പി. (SOP) പ്രകാരമാണെന്ന് നിരന്തരം ഉറപ്പുവരുത്തുക.
- '5എസ്സ്' ഫ്രെയിം വർക്കിന്റെ അഞ്ചാമത്തെ 'എസ്സ്' (Sustain-സുസ്ഥിരത) ഉറപ്പുവരുത്തുക.

#### (iii) റിക്കോർഡ് റൂം സബ് ടീം

- റിക്കോർഡ് റൂമിന്റെ കൃത്യമായ പരിപാലനം ഉറപ്പാക്കുക.
- ഓഫീസ് മാനേജ്മെന്റ് മാന്വൽ (ജി.ഒ.(ആർ.ടി) നം. 1699/2017/ തസ്വഭവ; തീയതി24.05.2017) പ്രകാരമുള്ള നടപടികൾ ഉറപ്പുവരുത്തുക.

#### (iv) കാര്യശേഷി വികസന സബ് ടീം

- ട്രെയിനിംഗ് പ്ലാൻ അനുസരിച്ചുള്ള പരിപാടികൾ കൃത്യമായി സംഘടിപ്പിക്കുക.
- പഞ്ചായത്ത് തലത്തിൽ പ്രതിവാര പരിശീലനം സംഘടിപ്പിക്കുക
- ആവശ്യാനുസരണ പരിശീലനത്തിന് കിലയെ സമീപിക്കുക
- ട്രെയിനിംഗ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുക.
- ട്രെയിനിംഗിന്റെ ഫലപ്രാപ്തി വിലയിരുത്തുക, റിപ്പോർട്ട് ചെയ്യുക.

ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഗുണമേന്മാ സംവിധാനം (TQM - Total Quality Management) നടപ്പിലാക്കിക്കൊണ്ട് സേവന ഗുണമേന്മയുടെ അന്തർ ദേശീയ സർട്ടിഫിക്കറ്റായ ഐ.എസ്.ഒ. 9001:2015 കരസ്ഥമാക്കാനുള്ള ഉദ്യമത്തിലാണ് സംസ്ഥാനം.




#### (v) പശ്ചാത്തല സൗകര്യം സബ് ടീം

- പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഉള്ള പശ്ചാത്തല സൗകര്യങ്ങളുടെ ഫലപ്രാപ്തിയും ഗുണമേന്മയും ഉറപ്പുവരുത്തുക.
- ഭൗതിക സൗകര്യങ്ങളുടെ പ്രാപ്യത, വൃത്തി എന്നിവ ഉറപ്പുവരുത്തുക.

### ഭരണസമിതിയുടെ പങ്ക്

#### (i) സ്ഥിരം അജണ്ട

ഭരണസമിതിയുടെ പ്രതിമാസ യോഗത്തിന്റെയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും സ്ഥിരം അജണ്ടയാവണം ടി.ക്യു.എം. ഇതിലൂടെ ഗുണമേന്മ ഓഡിറ്റുകൾ സുഗമമാക്കാനും ഗുണമേന്മാനിലവാരം സുസ്ഥാപിതമാക്കാനും കഴിയും. ഈ യോഗങ്ങളിൽ:

- ക്വാളിറ്റി സർക്കിളിന്റെയും സബ്ടീമുകളുടെയും പ്രവർത്തന പുരോഗതി വിലയിരുത്തണം.
- ഉചിതമായ നടപടികൾ സ്വീകരിക്കണം.

#### (ii) നിസീമമായ അനുമോദനം

ജീവനക്കാരെയും ജനപ്രതിനിധികളെയും കൂടുതൽ കർമ്മോത്സുകരാക്കാൻ പ്രചോദനം കൂടിയേ തീരൂ. നല്ല പ്രവൃത്തികൾ ചെയ്ത, നൂതനാശയങ്ങൾ നൽകിയ വ്യക്തികളെ അനുമോദിക്കുവാൻ പ്രത്യേകം ശ്രദ്ധി




ക്കണം. 'ആലോചിച്ച് വിമർശിക്കുക, വേഗത്തിൽ അനുമോദിക്കുക' എന്ന തന്ത്രം അനുവർത്തിക്കണം.

**(iii) തുടർച്ചയായ മേൽനോട്ടം**

ഗുണമേന്മയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായി വേണ്ടത് തുടർച്ചയായ മേൽനോട്ടമാണ്. ഭരണസമിതി ഊർജ്ജസ്വലമായി ഈ ധർമ്മം നിർവ്വഹിക്കണം. തുടർച്ചയായ പരിശീലനങ്ങളും ക്വാളിറ്റി സർക്കിളിന്റെ ക്രിയാത്മകമായ ഇടപെടലും സബ്കമ്മിറ്റികളുടെ സജീവ പ്രവർത്തനങ്ങളും കൃത്യമായ ഇടവേളകളിലുള്ള ഗുണമേന്മാ ഓഡിറ്റുകളും നടക്കുകയാണെങ്കിൽ അത് പഞ്ചായത്തിന്റെസേവന പ്രദാന സംവിധാനത്തിൽ സ്ഥായിയായ ഗുണമേന്മ ഉറപ്പുവരുത്തും.

## ഗുണമേന്മാ ഓഡിറ്റുകൾ

ഗുണമേന്മാസംവിധാനം കുറ്റമറ്റതാക്കുന്നത് ഗുണമേന്മാ ഓഡിറ്റിംഗിലൂടെയാണ്. ആയതിലേക്ക്:

- ഇന്റേണൽ ഓഡിറ്റ്, മാനേജ്മെന്റ് റിവ്യൂ എന്നിവ കൃത്യമായ ഇടവേളകളിൽ (വർഷത്തിൽ 2 പ്രാവശ്യം) ചിട്ടയായി നടത്തുക.
- ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ നടപടികളും മുൻകരുതൽ നടപടികളും മാനേജ്മെന്റ് റിവ്യൂവിൽ തീരുമാനിച്ച് നടപ്പിലാക്കുക.
- നഷ്ട/പരാജയ സാദ്ധ്യതകൾ മുൻകൂട്ടി തിട്ടപ്പെടുത്തി അവ സംഭവിക്കാതിരിക്കുവാനുള്ള നടപടികൾ (risk based planning) സ്വീകരിക്കുക. അതിനാൽ കാലേക്കൂട്ടിയുള്ള ഇടപെടലുകളിലൂടെ തെറ്റുകൾ സംഭവിക്കാത്ത സമ്പൂർണ്ണ ഗുണമേന്മയ്ക്ക് ഊന്നൽ നൽകണം.

## ഉപസംഹാരം

പഞ്ചായത്തുകളിൽ ടി.ക്യൂ.എം. കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാണ് കൺസൾട്ടൻസി സർവ്വീസ് ദൗത്യം സ്വകാര്യ ഏജൻസികൾക്ക് പകരം കിലയെ സർക്കാർ ഏൽപ്പിച്ചത്. ടി.ക്യൂ.എം. സുസ്ഥാപിതമാക്കുന്ന തരത്തിൽ പഞ്ചായത്തിൽ നിന്നുള്ള ടീമിനെ സജ്ജരാക്കുകയെന്നതാണ് കില നൽകിവരുന്ന കൺസൾട്ടൻസിയുടെ സമീപനം. ഇത്തരുണത്തിൽ അതത് പഞ്ചായത്തുകളിൽ സബ് ടീമിനെയും ക്വാളിറ്റി സർക്കിളിനെയും കില സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലയിലും പഞ്ചായത്തിൽ നിന്നുള്ള റിസോഴ്സ് ടീമിനെയും പെർഫോർമൻസ് ഓഡിറ്റ് ടീമിനെയും കില പരിശീലിപ്പിച്ചിട്ടുണ്ട്. ടി.ക്യൂ.എം. സംബന്ധിച്ച പഞ്ചായത്തിലെ വിവിധ വേദികളുടെ ക്രിയാത്മകത ഉറപ്പുവരുത്തുന്നതോടൊപ്പം ജില്ലാ റിസോഴ്സ് ടീമിന്റെയും സേവനം ആവശ്യാനുസരണം പ്രയോജനപ്പെടുത്താവുന്നതാണ്. ഗുണമേന്മ നിലവാരത്തിനുള്ള അന്തർദേശീയ സർട്ടിഫിക്കറ്റ് കരസ്ഥമാക്കി എന്നതിലുപരി ജനസംതൃപ്തി നിരന്തരം ഉറപ്പുവരുത്തുകയെന്നതാവണം ആത്യന്തിക ലക്ഷ്യം. അതിലൂടെ സമ്പൂർണ്ണ ഗുണമേന്മയ്ക്ക് മാതൃകയാവട്ടെ കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ.


*തയ്യാറാക്കിയത്:*

***ഡോ. ജെ.ബി. രാജൻ***

*(അസ്സോസിയേറ്റ് പ്രൊഫസർ, കില)*

***ഡോ. ബിജു എസ്.കെ.***

*(അസിസ്റ്റന്റ് പ്രൊഫസ്സർ, ഗവ. ആർട്സ് കോളേജ്, തിരുവനന്തപുരം)*

***ഹാഷിം കെ.പി.എ.***

*(ഡയറക്ടർ, എഫ്.ഡി.ഡി.സി., കോഴിക്കോട്)*




ആരോഗ്യം



# നിപ

## ജാഗ്രതയോടെ നേരിടാം ഭയപ്പാട് വേണ്ട

**നിപ വൈറസിനെപ്പറ്റി വ്യാജ പ്രചാരണങ്ങൾ നടത്താതിരിക്കാനും അത്തരം പ്രചാരണങ്ങളിൽ വീഴാതിരിക്കാനും എല്ലാവരും ശ്രദ്ധിക്കണം. എന്താണ് നിപ വൈറസെന്നും അതിന് സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തെന്നും എല്ലാവർക്കും അവബോധം ഉണ്ടാകണം**

കേരളത്തിൽ സമീപകാലത്ത് ഏറ്റവും കൂടുതൽ ഭീതിയും ആശങ്കയും സൃഷ്ടിച്ച ഒന്നാണ് നിപ. സംസ്ഥാനത്ത് ഈ വർഷവും നിപ വൈറസ് ബാധ സ്ഥിരീകരിച്ച സാഹചര്യത്തിൽ, ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ. ശൈലജ ടീച്ചർ വ്യക്തമാക്കിയതുപോലെ ഭയപ്പാടല്ല, ജാഗ്രതയാണ് ഉണ്ടാവേണ്ടത്.

കഠിനമായ ചുമ, പനി മുതലായ രോഗ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ ആരും മറച്ച് വയ്ക്കാതെ എത്രയും പെട്ടന്ന് ചികിത്സ തേടണം. ആശുപത്രികൾക്കും രോഗ പര്യവേക്ഷണത്തിനും അണുബാധ നിയന്ത്രണത്തിനും ആവശ്യമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ഏത് സാഹചര്യവും നേരിടാൻ ആരോഗ്യ വകുപ്പ് സജ്ജമാണ്. വിവിധ ആശുപത്രികളിൽ ഐസൊലേഷൻ വാർഡ് അടക്കമുള്ള സംവിധാനങ്ങൾ സർക്കാർ തയ്യാറാക്കിയിട്ടുണ്ട്.

നിപ വൈറസിനെപ്പറ്റി വ്യാജ പ്രചാരണങ്ങൾ നടത്താതിരിക്കാനും അത്തരം പ്രചാരണങ്ങളിൽ വീഴാതിരിക്കാനും എല്ലാവരും ശ്രദ്ധിക്കണം. എന്താണ് നിപ വൈറസെന്നും അതിന് സ്വീകരിക്കേണ്ട

മുൻകരുതലുകൾ എന്തെന്നും എല്ലാവർക്കും അവബോധം ഉണ്ടാകണം. ഇതിന് സഹായകരമായ നിലവിലുള്ള മാർഗരേഖകൾ ആരോഗ്യ വകുപ്പ് വെബ്സൈറ്റായ http://www.dhs.kerala.gov.in/-ൽ ലഭ്യമാണ്.

## എന്താണ് നിപ വൈറസ്

ഹെനിപാ വൈറസ് ജീനസിലെ നിപ വൈറസ് പാരാമിക്സോ വൈറിഡേ ഇനത്തിലെ വൈറസാണ്. പൊതുവേ മൃഗങ്ങളിൽ നിന്നും മൃഗങ്ങളിലേക്ക് പകരുന്ന അസുഖമാണ് നിപ. വൈറസ് ബാധയുള്ള വവ്വാലുകളിൽ നിന്നോ പന്നികളിൽ നിന്നോ ഇത് മനുഷ്യരിലേക്ക് പകരാൻ സാധ്യതയുമുണ്ട്. മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്കും പകരാം. അസുഖ ബാധയുള്ളവരെ അടുത്ത് പരിചരിക്കുന്നവരിലേക്ക് ശ്രദ്ധിച്ചില്ലെങ്കിൽ രോഗം പകരാം. വൈറസ് ബാധയുള്ള വവ്വാലുകളുടെ കാഷ്ഠം കലർന്ന പാനീയങ്ങളും വവ്വാൽ കടിച്ച പഴങ്ങളും മറ്റും കഴിക്കുന്നതിലൂടെയും രോഗം പകരാം.

## രോഗലക്ഷണങ്ങൾ

അണുബാധയുണ്ടായാൽ അഞ്ച് മുതൽ 14 ദിവസം കഴിയുമ്പോഴാണ് രോഗ ലക്ഷണങ്ങൾ പ്രകടമാകുക. പനിയും തലവേദനയും തലകറക്കവും ബോധക്ഷയവുമൊക്കെയാണ് ലക്ഷണങ്ങൾ. ചുമ, വയറുവേദന, മനംപിരട്ടൽ, ഛർദി, ക്ഷീണം, കാഴ്ചമങ്ങൽ തുടങ്ങിയ ലക്ഷണങ്ങളും അപൂർവമായി പ്രകടിപ്പിക്കാം. രോഗലക്ഷണങ്ങൾ ആരംഭിച്ച് ഒന്നു രണ്ടു ദിവസങ്ങൾക്കകം തന്നെ ബോധക്ഷയം വന്ന് കോമ അവസ്ഥയിലെത്താൻ സാധ്യതയുണ്ട്. തലച്ചോറിനെ ബാധിക്കുന്ന എൻസഫലൈറ്റിസ് ഉണ്ടാവാനും വലിയ സാധ്യതയാണുള്ളത്.

## രോഗ സ്ഥിരീകരണം

തൊണ്ടയിൽ നിന്നും മൂക്കിൽ നിന്നുമുള്ള സ്രവം, രക്തം, മൂത്രം, തലച്ചോറിലെ നീരായ സെറിബ്രോ സ്പൈനൽ ഫ്ളൂയിഡ് എന്നിവയിൽ നിന്നും ആർ.ടി.പി.സി.ആർ. (റിയൽ ടൈം പോളിമറേസ് ചെയിൻ റിയാക്ഷൻ) ഉപയോഗിച്ച് വൈറസിനെ വേർതിരിച്ചെടുക്കാൻ സാധിക്കും. അസുഖം പുരോഗമിക്കുന്ന ഘട്ടത്തിൽ എലൈസ പരിശോധനയിലൂടെയും രോഗം തിരിച്ചറിയാം. മരണപ്പെട്ടവരുടെ പോസ്റ്റ്മോർട്ടം പരിശോധനയിൽ കലകളിൽ നിന്നെടുക്കുന്ന സാമ്പിളുകളിൽ ഇമ്യൂണോ ഹിസ്റ്റോ കെമിസ്ട്രി പരിശോധന നടത്തിയും അസുഖം സ്ഥിരീകരിക്കാൻ സാധിക്കും.

## സ്വീകരിക്കേണ്ട മുൻകരുതലുകൾ

അസുഖം വന്നതിനു ശേഷമുള്ള ചികിത്സ അത്ര ഫലപ്രദമല്ല. അതുകൊണ്ടു തന്നെ പ്രതിരോധമാണ് ഏറ്റവും പ്രധാനം. വൈറസ് ബാധയുള്ള വവ്വാലുകളിൽ നിന്നും രോഗം പകരാതിരിക്കാൻ മുൻകരുതലുകൾ സ്വീകരിക്കണം.

വൈറസ് ബാധയുള്ള വവ്വാലുകളുടെ കാഷ്ഠം മനുഷ്യ ശരീരത്തിന്റെ ഉള്ളിലെത്തിയാൽ അസുഖം ഉണ്ടാകാം. ഇതിനുള്ള സാഹചര്യങ്ങളെല്ലാം ഒഴിവാക്കണം. ഉദാഹരണമായി, വവ്വാലുകൾ ധാരാളമുള്ള സ്ഥലങ്ങളിൽ നിന്നും തുറന്ന കലങ്ങളിൽ ശേഖരിക്കുന്ന കള്ള് ഒഴിവാക്കണം.

വവ്വാലുകൾ കടിച്ച ചാമ്പങ്ങ, പേരയ്ക്ക, മാങ്ങ പോലുള്ള കായ് ഫലങ്ങൾ ഉപയോഗിക്കരുത്.

രോഗം ബാധിച്ച വ്യക്തിയിൽ നിന്നും രോഗം പകരാതിരിക്കാനും മുൻകരുതലുകൾ ആവശ്യമാണ്.

രോഗിയുമായി സമ്പർക്കം ഉണ്ടായതിന് ശേഷം കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് നന്നായി കഴുകണം.

രോഗിയെ പരിചരിക്കുന്നവർ രോഗിയുമായി ഒരു മീറ്റർ എങ്കിലും ദൂരം പാലിക്കുകയും രോഗി കിടക്കുന്ന സ്ഥലത്തു നിന്നും അകലം പാലിക്കുകയും വേണം.

രോഗിയുടെ വ്യക്തിപരമായ ആവശ്യങ്ങൾക്കുള്ള സാമഗ്രികൾ പ്രത്യേകം സൂക്ഷിക്കുകയും മറ്റുള്ളവർ അത് ഉപയോഗിക്കുന്നത് ഒഴിവാക്കുകയും വേണം.

രോഗിയുടെ വസ്ത്രങ്ങളും മറ്റും പ്രത്യേകം കഴുകി ഉണക്കണം.

## രോഗം പടരാതിരിക്കാൻ വേണ്ടി ആശുപത്രികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

രോഗ ലക്ഷണങ്ങളുമായി വരുന്ന എല്ലാ രോഗികളെയും ഐസൊലേഷൻ വാർഡിൽ പ്രവേശിപ്പിക്കണം.

രോഗമുണ്ടെന്ന് സംശയിക്കുന്ന ആളുകളോട് സംസാരിക്കുമ്പോഴും പരിശോധിക്കുമ്പോഴും മറ്റു ഇടപഴകലുകൾ നടത്തുമ്പോഴും കയ്യുറകളും മാസ്കും ധരിക്കണം.

സാംക്രമിക രോഗങ്ങളിൽ എടുക്കുന്ന എല്ലാ മുൻകരുതലുകളും ഇത്തരം രോഗികളിലും കർശനമായി എടുക്കണം. രോഗമുണ്ടെന്നു സംശയിക്കുന്ന രോഗി അഡ്മിറ്റ് ആയാൽ ഉടൻ അധികൃതരെ വിവരം അറിയിക്കുകയും വേണം.

## നിഷ്കർഷ പുലർത്തേണ്ട സുരക്ഷാരീതികൾ

നിപാ രോഗികളെ പ്രവേശിപ്പിക്കുന്ന ആശുപത്രികളിൽ പഴുതടച്ച സുരക്ഷാരീതികൾ അവലംബിക്കണം.

രോഗികളെ അല്ലെങ്കിൽ രോഗമുണ്ടെന്ന് സംശയിക്കുന്നവരെ ശുശ്രൂഷിക്കുമ്പോൾ പകരാതിരിക്കാനുള്ള മുൻ കരുതലുകൾ സ്വീകരിക്കേണ്ടത് പരമ പ്രധാനമാണ്.

രോഗിയെ പരിചരിക്കുന്നവർ സോപ്പ്/ആൾക്കഹോൾ ഹാൻഡ് റബ്ബുകൾ ഉപയോഗിച്ച് എപ്പോഴും കൈ ശുചിയായി വയ്ക്കണം. രോഗി, രോഗ ചികിൽസക്ക് ഉപയോഗിച്ച ഉപകരണങ്ങൾ രോഗിയുടെ വസ്ത്രം, വിരി മുതലായവയെല്ലാം സുരക്ഷിതമായി കൈകാര്യം ചെയ്യണം. നിപ രോഗികളെ മറ്റു രോഗികളുമായുള്ള ഇടപഴകൽ തീർത്തും ഒഴിവാക്കി വേർതിരിച്ച് വാർഡുകളിലേക്ക് മാറ്റണം. ഇത്തരം വാർഡുകളിൽ ആരോഗ്യരക്ഷാ പ്രവർത്തകരുടെ എണ്ണം പരിമിതപ്പെടുത്തണം. രണ്ട് രോഗികളുടെ കട്ടിലുകൾ തമ്മിൽ ഒരു മീറ്റർ അകലമെങ്കിലും ഉറപ്പാക്കണം.

## സ്വയംരക്ഷാ സജ്ജീകരണങ്ങളുടെ ഉപയോഗം

രോഗിയുമായി ഇടപഴകുമ്പോഴും രക്തവും സ്രവങ്ങളും ടെസ്റ്റിനായെടുക്കുമ്പോഴും ട്യൂബ് ഇടുന്നത് പോലുള്ള ഇടപെടൽ വേളയിലും മാസ്ക്, കൈയുറ (ഗ്ലൗസ്), ഗൗൺ എന്നിവ ഉപയോഗിക്കേണ്ടതാണ്. ഇവ ഉപയോഗിച്ച ശേഷം അഴിക്കുമ്പോൾ വളരെയധികം ജാഗ്രതയും സുരക്ഷിതത്വവും പാലിക്കേണ്ടതാണ്. തീർത്തും സൂക്ഷ്മമായ വായുവിലെ കണങ്ങളിൽ 95 ശതമാനവും ശ്വസിക്കുന്നത് തടയാൻ കഴിയുന്ന എൻ-95 മാസ്കുകൾ നിഷ്കർഷിക്കേണ്ടതാണ്.

കൈകൾ സോപ്പുപയോഗിച്ച് 20 സെക്കന്റെങ്കിലും വൃത്തിയായി കഴുകണം. അണുനാശികാരികളായ ക്ലോറോഹെക്സിഡൈൻ അല്ലെങ്കിൽ ആൾക്കഹോൾ

അടങ്ങിയ ഹസ്ത ശുചികരണ ദ്രാവകങ്ങൾ (ഉദാ. സാവ്ലോൺ പോലുള്ള) കൊണ്ട് ശുശ്രൂഷയ്ക്ക് ശേഷം കൈ കഴുകാവുന്നതാണ്.

ശുശ്രൂഷയ്ക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങൾ പരമാവധി ഡിസ്പോസബിൾ ആവുന്നതാണ് ഉത്തമം. പുനരുപയോഗം അനിവാര്യമെങ്കിൽ ശരിയായ രീതിയിൽ അണു നശീകരണത്തിന് ശേഷം മാത്രമെന്ന് ഉറപ്പ് വരുത്തണം. ഓട്ടോക്ലേവ് ചെയ്യുക, ഗ്ലൂട്ടറാൽഡിഹൈഡ് ഉപയോഗിക്കുക എന്നിവയാണ് അണു നശീകരണത്തിന് സ്വീകരിക്കാവുന്ന മാർഗ്ഗങ്ങൾ.

ആശുപത്രികൾക്കും പരിചരിക്കുന്നവർക്കും ഉള്ള പൊതുവായ അണുനശീകരണ മാർഗങ്ങൾ ആരോഗ്യ വകുപ്പ് വെബ്സൈറ്റിൽ ലഭ്യമാണ്.

### മരണമടഞ്ഞ ആളിൽ നിന്ന് രോഗം പടരാതിരിക്കാൻ


രോഗം ബാധിച്ചയാളുടെ മൃതദേഹത്തിൽനിന്ന് നിപ വൈറസ് പടരാനുള്ള സാധ്യത കൂടുതലാണ്. മൃതദേഹം കൊണ്ടുപോകുന്ന സമയത്ത് മുഖവുമായും ശാരിരികസ്രവങ്ങളുമായും സമ്പർക്കം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. ചുംബിക്കുക, കവിളിൽ തൊടുക എന്നിങ്ങനെയുള്ള സ്നേഹപ്രകടനങ്ങൾ ഒഴിവാക്കുന്നതാണ് നല്ലത്. മൃതദേഹത്തെ കുളിപ്പിക്കുന്ന സമയത്ത് മുഖം മറയ്ക്കണം. മൃതദേഹത്തെ കുളിപ്പിച്ചതിനു ശേഷം കുളിപ്പിച്ച വ്യക്തികൾ ദേഹം മുഴുവൻ സോപ്പ് തേച്ച് കുളിക്കേണ്ടതാണ്.

മരണപ്പെട്ട വ്യക്തി ഉപയോഗിച്ചിരുന്ന വസ്തുങ്ങൾ പാത്രങ്ങൾ തുടങ്ങിയ വീണ്ടും ഉപയോഗിക്കാവുന്ന സാധനങ്ങൾ സോപ്പോ ഡിറ്റർജന്റോ ഉപയോഗിച്ച് കഴുകേണ്ടതാണ്. മരണാനന്തര ചടങ്ങുകളിൽ പങ്കെടുക്കുന്നവരുടെ എണ്ണം പരമാവധി ചുരുക്കുന്നതാണ് നല്ലത്.

പൊതുജനങ്ങളുടെ സംശയങ്ങൾ ഏറ്റവും ഉത്തമമായ രീതിയിൽ പരിഹരിക്കുവാൻ എൻ.എച്ച്.എം. ആരോഗ്യ വകുപ്പിന്റെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ദിശ ഹെൽപ് ലൈൻ നമ്പരിലേക്ക് വിളിക്കാവുന്നതാണ്. നമ്പരുകൾ: 0471 2552056, 1056 (ടോൾഫ്രീ).

*(വിവരങ്ങൾക്ക് കടപ്പാട്: ആരോഗ്യ വകുപ്പ്)*

□



# നിപ തടയാൻ മൃഗസംരക്ഷണ വകുപ്പും

നിപ രോഗബാധ സ്ഥിരീകരിച്ച സാഹചര്യത്തിൽ ആവശ്യമായ മുൻകരുതൽ സ്വീകരിക്കാൻ മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് വളർത്തു മൃഗങ്ങളിലോ പക്ഷികളിലോ രോഗം ഉണ്ടാകുകയോ അവരിൽ നിന്നും മനുഷ്യരിലേക്ക് പകരുകയോ ചെയ്തതായി റിപ്പോർട്ടില്ല. കർഷകർ പരിഭ്രാന്തരാകേണ്ട സാഹചര്യം ഇപ്പോഴില്ല.

നിപ രോഗബാധയുമായി ബന്ധപ്പെട്ട രോഗനിരീക്ഷണ നടപടികൾ സർക്കാർ ശക്തിപ്പെടുത്തിയിട്ടുണ്ട്. രോഗനിയന്ത്രണത്തിനാവശ്യമായ പി.പി.ഇ. കിറ്റ്, മാസ്ക്, അണുനാശിനികൾ എന്നിവയുടെ ലഭ്യതയും ഉറപ്പുവരുത്തി. എറണാകുളം, തൃശ്ശൂർ, ഇടുക്കി ജില്ലകളിലെ ജില്ലാ ഓഫീസർമാർ പ്രത്യേക ജാഗ്രത പുലർത്താൻ സർക്കാർ നിഷ്കർച്ചിട്ടുണ്ട്.

സർക്കാർ ഫാമുകളിൽ രോഗനിരീക്ഷണം, അണുനശീകരണം എന്നിവ കൃത്യമായി നടത്തണം. ചെക്പോസ്റ്റുകൾ വഴി രോഗം ബാധിച്ചതോ മരണപ്പെട്ടതോ ആയ കന്നുകാലികൾ സംസ്ഥാനത്തേക്ക് കടന്നുവരുന്നത് ഒഴിവാക്കാൻ സർക്കാർ പ്രത്യേക ശ്രദ്ധ പുലർത്തുന്നുണ്ട്. ഇതിനു പുറമെ, കർഷകരും പൊതുജനങ്ങളും ഒട്ടേറെ കാര്യങ്ങൾ ശ്രദ്ധിക്കണം. വവ്വാലുകൾ ഉപേക്ഷിച്ച കായ്കനികളും പഴവർഗ്ഗങ്ങളും കന്നുകാലികൾക്ക് നൽകരുത്. വവ്വാലുകളും മറ്റു പക്ഷികളും ഫാമിനുള്ളിൽ പ്രവേശിക്കുന്നത് തടയാൻ നെറ്റ് ഉപയോഗിക്കണം. മൃഗാശുപത്രികളിൽ മൃഗങ്ങളെ ഷെഡുകളിൽ പ്രവേശിപ്പിക്കുന്നതിന് മുൻപ് അണുനാശിനി കലർത്തിയ ഫൂട്ട്ഡിപ്പ് ക്രമീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്. പക്ഷി മൃഗാദികളിൽ രോഗലക്ഷണങ്ങൾ കണ്ടാൽ സംസ്ഥാനതല ലബോറട്ടറിയിലേക്കും ആവശ്യമെങ്കിൽ ഭോപ്പാലിലെ ഹൈ സെക്യൂരിറ്റി ലാബിലേക്കും സാമ്പിൾ അയക്കാൻ ഉദ്യോഗസ്ഥർ നടപടികളെടുക്കും. വളർത്തു മൃഗങ്ങളെ കൈകാര്യം ചെയ്യുന്നവർ കർശനമായ വ്യക്തി ശുചിത്വം പാലിക്കണം. നിപ രോഗബാധയുമായി ബന്ധപ്പെട്ട വിവരങ്ങൾ എ.ഡി.സി.പി. ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ നമ്പറിൽ (04712732151) അറിയിക്കാം.

# കില ന്യൂസ്



*വാർഷികപദ്ധതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാരുടെ മേഖലായോഗം കിലയിൽ തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി എ.സി. മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു*

## വാർഷികപദ്ധതി: മികവിന്റെ വർഷമാകണമെന്നു മന്ത്രി മൊയ്തീൻ

ജനകീയാസൂത്രണചരിത്രത്തിൽ രേഖപ്പെടുത്തുന്ന മികവിന്റെ വർഷമായിരിക്കണം 2019-20 പദ്ധതി വർഷമെന്ന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി എ.സി.മൊയ്തീൻ. വാർഷികപദ്ധതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാരുടെ മേഖലായോഗം കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

2018-19തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ചെലവ് സർവകാല റെക്കോർഡിലെത്തി. 2017-18 ലെ ചെലവ് ശതമാനം അന്നത്തെ റെക്കാർഡായിരുന്നു. പെന്റിംഗ് ബില്ലുകൾ ചേർത്താൽ 2018-19 ലെ ചെലവ് 93 ശതമാനമാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് കഴിഞ്ഞ വർഷം പദ്ധതി നിർവഹണത്തിനു 12 മാസം ലഭിച്ചു. ലോക്സഭാ തെരഞ്ഞെടുപ്പായതിനാൽ ഈ വർഷത്തെ പദ്ധതി അംഗീകാര നടപടികൾ ഡിസംബറിൽ തന്നെ പൂർത്തിയായിരുന്നു. പദ്ധതി ചെലവു ഉയർത്തുന്നതിനേക്കാൾ ഉപരി പദ്ധതി നിർവഹണം മികവുറ്റതും ഗുണപരവുമായിരിക്കണം. അടുത്ത വർഷം തദ്ദേശഭരണസ്ഥാപനങ്ങളിലേക്കു തെരഞ്ഞെടുപ്പു നടക്കുന്നതിനാൽ മുഴുവൻ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തങ്ങളുടെ കഴിവ് പദ്ധതി നിർവഹണത്തിനു ഉപയോഗിക്കണം. തനതു പദ്ധതികളിൽ മികവു പുലർത്തുന്നതോടൊപ്പം നവകേരള മിഷന്റെ ഭാഗമായ നാലു മിഷനുകളുടെ പ്രവർത്തനവും മികച്ചതാക്കണം. പ്രാദേശിക സർക്കാരിന്റെ ഭരണകാര്യങ്ങളിലും മികവു കാട്ടണം. നികുതി പിരിവുൾപ്പെടെ തനതു വരുമാനം വർദ്ധിപ്പിക്കണം. ജില്ലാ പദ്ധതിയുമായി ചേർന്ന് സംയുക്ത പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ജില്ല ആസൂത്രണസമിതിയും തദ്ദേശഭരണ സ്ഥാപനങ്ങളും പ്രാധാന്യം നൽകണം. സംയുക്ത പ്രോജക്ടുകൾക്കു സഹായം നൽകാൻ 40 കോടി രൂപ സർക്കാർ നീക്കിവച്ചിട്ടുണ്ട്. തൊഴിലുറപ്പുപദ്ധതി ഫലപ്രദമായി നടപ്പാക്കാനും തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കണമെന്നു മന്ത്രി പറഞ്ഞു.

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് അദ്ധ്യക്ഷയായിരുന്നു. സംസ്ഥാന ആസൂത്രണബോർഡ് അംഗം ഡോ.കെ. എൻ ഹരിലാൽ, തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണ ചീഫ് സെക്രട്ടറി ടി.കെ. ജോസ്, കില ഡയറക്ടർ ഡോ. ജോയ് ഇളമൺ, പഞ്ചായത്ത് ഡയറക്ടർ ഡോ.ബി.എസ്. തിരുമേനി, തദ്ദേശഭരണവകുപ്പ ചീഫ് എഞ്ചിനീയർ, വിവിധ വകുപ്പ മേധാവികൾ, തൃശ്ശൂർ മേയർ അജിത വിജയൻ, എസ്.ആർ. ജി കൺവീനർ ആർ.എസ്. സനൽ കുമാർ, തൃശ്ശൂർ, എറണാകുളം, മലപ്പുറം, പാലക്കാട് ജില്ലകളിൽനിന്നുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ എന്നിവർ പങ്കെടുത്തു.

## പാരസ്പര്യപഠനത്തിനു കിലയിൽ ദേശീയ ശില്പശാല

പാരസ്പര്യപഠനം (ഹൊറിസോണ്ടൽ ലേണിംഗ് പ്രോഗ്രാം-എച്ച്.എൽ.പി) സംബന്ധിച്ച മൂന്നുദിവസത്തെ ദേശീയ ശില്പശാല കിലയിൽ സംഘടിപ്പിച്ചു. പാരസ്പര്യപഠന രീതിശാസ്ത്രം ദേശീയ തലത്തിൽ വ്യാപിപ്പിക്കുന്നതിനും അതിനു ദേശീയ റിസോഴ്സ് ടീമിനെ വാർത്തെടുക്കുന്നതിനുമാണ് ശില്പശാല സംഘടിപ്പിച്ചത്. പാരസ്പര്യപഠനരീതിശാസ്ത്രം പ്രചരിപ്പിക്കുന്നതിന് ശില്പശാലയിലെ പങ്കാളികൾ ശ്രദ്ധിക്കണമെന്നു സമാപനച്ചടങ്ങിൽ സംസാരിച്ച കില ഡയറക്ടർ ഡോ. ജോയ് ഇളമൺ പറഞ്ഞു. അതിനുവേണ്ട അക്കാദമിക പിന്തുണ നൽകാൻ കില തയ്യാറാണെന്ന് അദ്ദേഹം



*പാരസ്പര്യപഠനവുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച മൂന്നുദിവസത്തെ ദേശീയ ശില്പശാലയിൽ കില ഡയറക്ടർ ഡോ. ജോയ് ഇളമൺ സംസാരിക്കുന്നു.*

അറിയിച്ചു. കോഴ്സ് ഡയറക്ടറും കില അസോസിയേറ്റ് പ്രൊഫസറുമായ ഡോ.ജെ.ബി.രാജൻ ശില്പശാലയ്ക്ക് നേതൃത്വം നൽകി. എ.എസ്. പ്രതാപ് സിംഗും സുകന്യയും കോർഡിനേറ്റർമാരായിരുന്നു. ലോഗിൻ ഏഷ്യയുടെ സാങ്കേതിക സഹായത്തോടെ മാർച്ച് 12 മുതൽ സംഘടിപ്പിച്ച ശില്പശാലയിൽ വിവിധ സംസ്ഥാനങ്ങളിലെ റൂറൽ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിലെയും പരിശീലനസ്ഥാപനങ്ങളിലെയും ഫാക്കൽറ്റികളാണ് പങ്കെടുത്തത്.

## ജെൻഡർ ഡിപ്ലോമ കോഴ്സിനു തുടക്കമായി

കിലയിലെ ജെൻഡർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസിന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമുള്ള ആറുമാസത്തെ ഡിപ്ലോമ കോഴ്സിനു തുടക്കമായി. ജെൻഡറും പ്രാദേശികഭരണവും എന്നതാണ് വിഷയം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും ജെൻഡർ അവബോധത്തോടെയായിരിക്കണമെന്ന ലക്ഷ്യത്തോടെയാണ് കോഴ്സ് ആരംഭിച്ചിട്ടുള്ളത്. കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനം, വികേന്ദ്രീകൃതാസൂത്രണം, ജെൻഡർ സൗഹൃദ തദ്ദേശഭരണം, ലിംഗപദവിയിലൂന്നിയ വികസനം, ആസൂത്രണം, ജെൻഡർ അനുബന്ധ പ്ലാനിംഗ്, ബജറ്റിംഗ്, ഓഡിറ്റിംഗ്, തുടങ്ങിയ വിഷയങ്ങളാണ് കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## ഹിമാചൽപ്രദേശ് ജനപ്രതിനിധികൾ കിലയിൽ

ഹിമാചൽ പ്രദേശിലെ സിർമോർ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ദലീപ്സിംഗ് ചൗഹാന്റെ നേതൃത്വത്തിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന 19 അംഗ സംഘം കിലയിലെത്തി. അഞ്ചുപേർ ഉദ്യോഗസ്ഥരും ശേഷിച്ചവർ ജനപ്രതിനിധികളുമാണ്. കേരളത്തിലെ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ ചുമതലകൾ, ഉത്തരവാദിത്വങ്ങൾ, അധികാരങ്ങൾ, വിഭവസ്രോതസ്സുകൾ, കൈമാറി കിട്ടിയ ഘടകസ്ഥാപനങ്ങളുടെ പ്രവർത്തനം, ബാലസൗഹൃദ തദ്ദേശഭരണം എന്നിവയെക്കുറിച്ച് കൂടുതൽ അറിയാനും പഠിക്കാനുമാണ് സംഘമെത്തിയത്. കിലയിൽ ഇവർക്കു നാലുദിവസത്തെ പരിശീലനപരിപാടി സംഘടിപ്പിച്ചു.

## ഊർജ്ജസംരക്ഷണം ബോധവൽക്കരണ സെമിനാർ

പരമാവധി ഉപയോഗം കുറയ്ക്കലാണ് ഊർജ്ജസംരക്ഷണത്തിനുള്ള എളുപ്പമാർഗ്ഗമെന്നു കേരള എനർജി മാനേജ്മെന്റ് സെന്ററിലെ ഡോ. ജോബി പോൾ പറഞ്ഞു. ഊർജ്ജസംരക്ഷണവുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ഊർജ്ജ കിരൺ ബോധവൽക്കരണ സെമിനാറിൽ വിഷയാവതരണം നടത്തുകയായിരുന്നു അദ്ദേഹം. ഊർജ്ജ ഉപയോഗം കുറച്ചില്ലെങ്കിൽ ഭാവിയിൽ നാം ഗുരുതരമായ ഭവിഷ്യത്ത് നേരിടേണ്ടിവരും.വരുംതലമുറയ്ക്കു വേണ്ടി നാം ഊർജ്ജം സംരക്ഷിക്കണം. അതു സമൂഹത്തിനും ആവശ്യമാണ്.

പ്രകൃതി സംരക്ഷണവും ഊർജ്ജസംരക്ഷണത്തിന്റെ ഭാഗമാണ്. പ്ലഗുകൾ ഉപയോഗം കഴിഞ്ഞാൽ ഓഫ് ചെയ്യുക, ഫ്രിഡ്ജിൽ ഐസ് കട്ടി പിടിക്കാതിരിക്കാൻ ശ്രദ്ധിക്കുക, ഓട്ടോമാറ്റിക് ഇസ്തിരിപ്പെട്ടി ഉപയോഗിക്കുക, ആവശ്യമില്ലാത്ത ഫാനുകളും ലൈറ്റുകളും ഒഴിവാക്കുക, ബൾബുകളും ഷേയ്ഡുകളും വൃത്തിയായി സൂക്ഷിക്കുക തുടങ്ങിയവ ഊർജ്ജസംരക്ഷണത്തിന് അത്യാവശ്യമാണ്. കഴിയുന്നതും പകൽ വെളിച്ചം ഉപയോഗിക്കാൻ ശ്രമിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.



*ഊർജ്ജസംരക്ഷണവുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ബോധവൽക്കരണ സെമിനാറിൽ കേരള എനർജി മാനേജ്മെന്റ് സെന്ററിലെ ഡോ.ജോബി പോൾ സംസാരിക്കുന്നു.*

# വാർത്തകൾ വിശേഷങ്ങൾ

## വാർഷിക പദ്ധതി പരിഷ്ക്കരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2019 - 20 വാർഷിക പദ്ധതി സ്പിൽഓവർ പ്രൊജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്ക്കരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായി.

(സഉ(സാധാ) നം.990/2019/തസ്വഭവ, തീയതി 15.05.2019)

## ലൈഫ് മിഷൻ – മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2019 - 20 സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതി വിഹിതത്തിന്റെ 20 % തുക ലൈഫ് ഭവന നിർമ്മാണ പദ്ധതിക്കായി വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

(സർക്കുലർ നം. ഡിബി 167/2019/തസ്വഭവ, തീയതി 06.06.2019)

## സംസ്ഥാന സഹകരണ ബാങ്കിന്റെ ഐ എഫ് എസ് കോഡിൽ മാറ്റം

കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം ഹെഡ് ഓഫീസിലുള്ള 001101023000369 നമ്പർ അക്കൗണ്ടിന്റെ പുതിയ ഐ എഫ് എസ് സി കോഡ് KSBK0000101.

(സർക്കുലർ നമ്പർ 55/2019/ധന, തീയതി 27.05.2019)

## നദീതീരങ്ങളിൽ വീണുകിടക്കുന്ന വൃക്ഷങ്ങൾ നീക്കം ചെയ്യണം

പ്രളയാനന്തരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ പരിധിയിലുള്ള നദീതീരങ്ങളിൽ വീണുകിടക്കുന്ന വൃക്ഷങ്ങൾ കാലവർഷകാലത്ത് നീരൊഴുക്ക് തടസപ്പെടുത്തുവാനും ചെക്ക് ഡാമുകളിലും മറ്റും തടസങ്ങളാകുന്നതിനും സാധ്യതയുള്ളതിനാൽ അവ അടിയന്തരമായി നീക്കം ചെയ്യുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

(സർക്കുലർ നമ്പർ 193/ഡിസി1/2019/തസ്വഭവ, തീയതി 25.05.2019)

## "ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം" മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

തദ്ദേശസ്വയംഭരണ വകുപ്പും ആരോഗ്യ വകുപ്പും ബന്ധപ്പെട്ട ഇതര ഏജൻസികളുടെയും മിഷനുകളുടെയും നേതൃത്വത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കി മാലിന്യസംസ്കരണ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

(സർക്കുലർ നമ്പർ 100/ഡിസി1/2019/തസ്വഭവ, തീയതി 02.05.2019)

## സ്പിൽ ഓവർ ബാധ്യത മാറ്റി നിർത്തി വാർഷിക പദ്ധതി അന്തിമമാക്കുന്നതിന് അനുമതി

2019 -20 വാർഷിക പദ്ധതി ബജറ്റ് വിഹിതത്തിന്റെ 30% വരെ സ്പിൽ ഓവർ ബാധ്യത ബജറ്റ് വിഹിതത്തിന് ഉപരിയായി മാറ്റി നിർത്തി വാർഷിക പദ്ധതി അന്തിമമാക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും അനുമതി നൽകി ഉത്തരവായി.

(സഉ (സാധാ) നം.1209/2019/തസ്വഭവ തീയതി 12.06.2019)

## ആധാർ സമർപ്പിക്കാൻ കഴിയാത്തവരുടെ റേഷൻ കാർഡ് വിവരങ്ങൾ സേവനയിൽ ഉൾപ്പെടുത്തുന്നത് – മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

സാമൂഹ്യസുരക്ഷാ പെൻഷൻ ലഭിക്കുന്നവരും ആധാർ സമർപ്പിക്കാൻ കഴിയാത്തവരുമായ ഗുണഭോക്താക്കളുടെ റേഷൻ കാർഡ് വിവരങ്ങൾ സേവനയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

(സർക്കുലർ നം. 60/2019/ധന, തീയതി. 12.06.2019)

## വിനോദ നികുതി വീണ്ടും ഈടാക്കുന്നത് ഉത്തരവായി

ചരക്കുസേവന നികുതി നിയമം നിലവിൽ വന്ന സാഹചര്യത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഈടാക്കി വന്ന വിനോദ നികുതി ഒഴിവാക്കിയിരുന്നത് പുനഃസ്ഥാപിച്ച് ഉത്തരവായി.

(സഉ(കൈ) നം. 63/2019/തസ്വഭവ, തീയതി. 10.06.2019)

**തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്**





അതിജീവനത്തിനായി ജൈവവൈവിധ്യത്തിന്റെ

# പച്ചത്തുരുത്ത്

ഹരിതകേരളംമിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് പരിസ്ഥിതി ദിനത്തിൽ ആരംഭിച്ച പച്ചത്തുരുത്ത് പദ്ധതിക്ക് മികച്ച തുടക്കം. പ്രകൃതിയെയും അതിന്റെ ആവാസവ്യവസ്ഥയെയും തനിമയോടെ നിലനിർത്താൻ പച്ചത്തുരുത്തുകൾ നാട്ടിൽ വ്യാപകമാക്കണമെന്ന് പദ്ധതി ഉദ്ഘാടനം ചെയ്തുകൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഇതിനായി ഓരോ വ്യക്തിയും കുടുംബവും മുന്നോട്ടുവരണമെന്ന് അദ്ദേഹം പറഞ്ഞു. ജൂൺ അഞ്ചിന് ലോക പരിസ്ഥിതി ദിനത്തിൽ തിരുവനന്തപുരം ജില്ലയിലെ വേങ്ങോട് പ്രൈമറി ഹെൽത്ത് സെന്റർ കോമ്പൗണ്ടിൽ നീർമാതളത്തിന്റെ തൈ നട്ടാണ് മുഖ്യമന്ത്രി പച്ചത്തുരുത്ത് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചത്. നാടിന്റെ വിവിധ ഭാഗങ്ങളിലുണ്ടായിരുന്ന നഷ്ടപ്പെട്ട ചെറുകാടുകൾ തിരികെ കൊണ്ടുവരികയാണ് ഇതിലൂടെ ലക്ഷ്യംവയ്ക്കുന്നത്. ഫലവൃക്ഷങ്ങളും ഔഷധസസ്യങ്ങളും പച്ചത്തുരുത്തിൽ വളർത്താൻ കഴിയും. പ്രകൃതിയുടെ സ്വാഭാവികത അതേപടി നിലനിർത്താനും കഴിയും. ഇത് നാടിനും ഭാവിതലമുറയ്ക്കുമായി ചെയ്യുന്ന സൽകൃത്യമായിരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

പ്രകൃതിയുടെ സ്വാഭാവികതയും സൗന്ദര്യവും തിരികെ കൊണ്ടുവരുന്ന വലിയ ചുവടുവയ്പാണ് പച്ചത്തുരുത്ത് പദ്ധതിയെ



ന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച കൃഷി മന്ത്രി വി.എസ്. സുനിൽകുമാർ പറഞ്ഞു. നിലവിലുള്ള കാർഷിക ഭൂമിയുടെയോ വനഭൂമിയുടെയോ ഘടനയ്ക്ക് മാറ്റം വരുത്താതെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒഴിച്ചിട്ടിരിക്കുന്ന പൊതു, സ്വകാര്യസ്ഥലങ്ങളിൽ പ്രദേശത്തിന്റെ സവിശേഷതകൾക്കിണങ്ങുന്ന മരങ്ങളും സസ്യങ്ങളും നട്ടുവളർത്തുക എന്ന ഉദ്ദേശ്യത്തിൽ സംസ്ഥാനത്ത് 1000 പച്ചത്തുരുത്തുകൾ നട്ടുവളർത്താനാണ് ലക്ഷ്യമിടുന്നത്.

## പച്ചത്തുരുത്ത് പദ്ധതി

തരിശുഭൂമിയിൽ പച്ചപ്പൊരുക്കാനുള്ള ഹരിതകേരളം മിഷന്റെ നൂതനാശയമാണ് 'പച്ചത്തുരുത്ത്' പദ്ധതി. പൊതുസ്ഥലങ്ങളിലുൾപ്പെടെ തരിശുസ്ഥലങ്ങൾ കണ്ടെത്തി തനതായ വൃക്ഷങ്ങളും തദ്ദേശീയമായസസ്യങ്ങളും ഉൾപ്പെടുത്തി സ്വാഭാവിക ജൈവവൈവിധ്യ തുരുത്തുകൾ സൃഷ്ടിച്ചെടുത്ത് സംരക്ഷിക്കാനാണ് പച്ചത്തുരുത്ത്പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഇതിനായി സ്ഥലങ്ങൾ കണ്ടെത്തുന്നത്. സർക്കാർ/ സ്വകാര്യസ്ഥാപനങ്ങളുടെ ഭൂമി, പുറമ്പോക്കുകൾ, നഗരഹൃദയങ്ങളിലും മറ്റും ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ എന്നിവയെല്ലാം പച്ചത്തുരുത്ത് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങളാണ്.

ചുരുങ്ങിയത് അരസെന്റ് മുതൽ കൂടുതൽ വിസ്തൃതിയുള്ള ഭൂമിയിൽ പച്ചത്തുരുത്തുകൾ സ്ഥാപിക്കാം. കാലാവസ്ഥാവ്യതിയാനത്തിന്റെ ദോഷഫലങ്ങൾ കുറയ്ക്കുന്നതിനും ഹരിതഗൃഹവാതകങ്ങളുടെ സാന്നിധ്യം കൊണ്ടുണ്ടാകുന്ന ആഗോളതാപനത്തെ ചെറുക്കുന്നതിനും പച്ചത്തുരുത്തുകൾക്ക് നിർണായക പങ്ക് വഹിക്കാനാകും. അന്തരീക്ഷത്തിലെ അധിക കാർബണിനെ ആഗിരണം ചെയ്ത് സംഭരിച്ച് സൂക്ഷിക്കുന്ന കാർബൺ കലവറകളായി വർത്തിക്കുന്ന പച്ചത്തുരുത്തുകൾ പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണവും ഉറപ്പാക്കും.

ജൈവവൈവിധ്യ ബോർഡ്, കൃഷിവകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, വനംവകുപ്പിന്റെ സാമൂഹ്യവനവത്ക്കരണ വിഭാഗം, പരിസ്ഥിതി സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെയാണ് പച്ചത്തുരുത്ത് സൃഷ്ടിക്കുന്നത്. പച്ചത്തുരുത്ത് പ്രവർത്തനങ്ങളെ സഹായിക്കാനായി പരിസ്ഥിതി പ്രവർത്തകർ, ജൈവവൈവിധ്യ മേഖല വിദഗ്ധർ, വനവത്ക്കരണരംഗത്ത് പ്രവർത്തിച്ച പരിചയസമ്പന്നർ, കൃഷി വിദഗ്ധർ, ജനപ്രതിനിധികൾ, പ്രാദേശികസാമൂഹിക പ്രവർത്തകർ എന്നിവരുൾപ്പെടുന്ന ജില്ലാതല സാങ്കേതികസമിതികളുണ്ടാകും. വിത്തിനങ്ങൾ കണ്ടെത്തൽ, വൃക്ഷങ്ങളുടെ തിരിച്ചറിയൽ തുടങ്ങിയ പ്രവർത്തനങ്ങൾ



ഉൾപ്പെടെ പച്ചത്തുരുത്ത് നിർമ്മിതിക്കാവശ്യമായ സാങ്കേതികസഹായങ്ങൾ ഈ സമിതികളാണ് നൽകുന്നത്.

സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം, മഴയുടെ അളവ്, മണ്ണിന്റെ ഘടന, ഭൂപ്രകൃതി എന്നിവയുടെ അടിസ്ഥാനത്തിൽ കേരളത്തെ വിവിധ കാർഷിക പാരിസ്ഥിതിക മേഖലകളായി വേർതിരിച്ചിട്ടുണ്ട്. ഈ മേഖലയുടെ അടിസ്ഥാനത്തിൽ വേണം വൃക്ഷങ്ങളെ തെരഞ്ഞെടുക്കേണ്ടത്. പച്ചത്തുരുത്ത് നിർമ്മിക്കുമ്പോൾ തെരഞ്ഞെടുക്കേണ്ട വൃക്ഷങ്ങളും അവയുടെ സ്ഥാനവും മറ്റും മേഖലകൾ അനുസരിച്ച് വ്യത്യാസപ്പെടാം. സ്വാഭാവിക വനമാതൃകകൾ സൃഷ്ടിക്കുമ്പോൾ ഘടനാപരമായി ഉയരത്തിനും ശാഖാവിന്യാസത്തിനും അനുസരിച്ച് വേണം സസ്യങ്ങൾ വച്ചുപിടിപ്പിക്കേണ്ടത്.

ഉയരം കൂടിയ വൃക്ഷങ്ങളായ ഈട്ടി, വേങ്ങ, ആഞ്ഞിലി മുതലായവയും ഇടത്തരം വലിപ്പമുള്ള മാവ്, കുടംപുളി മുതലായ തദ്ദേശീയ ഫലവൃക്ഷങ്ങളും ഇടകലർത്തി നടണം. ഇവയ്ക്കിടയിൽ കുറ്റിച്ചെടികളും വള്ളിച്ചെടികളും ചെറുസസ്യങ്ങളും വളർത്താവുന്നതാണ്. ഗ്രാഫ്റ്റ് ചെയ്ത സസ്യങ്ങൾ, വിദേശ സസ്യങ്ങൾ, അധിനിവേശ സസ്യങ്ങൾ തുടങ്ങിയവ പൂർണ്ണമായും ഒഴിവാക്കണം.

ഇടുക്കിജില്ലയിൽ കുടയത്തൂർ, മുട്ടം, വെള്ളിയാമറ്റം, അറക്കുളം, വാത്തിക്കുടി, അടിമാലി, ചക്കുപള്ളം, പെരുവന്താനം, കൊക്കയാർ, കുമളി എന്നീ പഞ്ചായത്തുകളിൽ പച്ചത്തുരുത്ത് പദ്ധതിയാരംഭിച്ചു. ജില്ലയിലെ 21 പഞ്ചായത്തുകളിലായി 57 കേന്ദ്രങ്ങളിൽ പച്ചത്തുരുത്ത് സൃഷ്ടിക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. കണ്ണൂർ ജില്ലയിലെ മുഴക്കുന്ന്, പടിയൂർ, മയ്യിൽ എന്നീ സ്ഥലങ്ങളിലായി ജില്ലയിൽ മൊത്തം 18 പച്ചത്തുരുത്തുകൾ സൃഷ്ടിക്കാനുള്ള പണികളാരംഭിച്ചു.

ആലപ്പുഴ ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും വാർഡുകൾ കേന്ദ്രീകരിച്ച് വൃക്ഷത്തൈകൾ നട്ടുവളർത്തി ചെറുവനങ്ങൾ രൂപപ്പെടുത്തിയെടുക്കാനുള്ള പദ്ധതിക്കാണ് ഹരിതകേരളം മിഷൻ തുടക്കമിട്ടത്. തൃശ്ശൂർ ജില്ലയിൽ 40 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതിക്ക് തുടക്കമിട്ടു. കൊല്ലം ജില്ലയിൽ 29 ഗ്രാമപഞ്ചായത്തുകളിലാണ് പദ്ധതിക്ക് തുടക്കമായത്.

പത്തനംതിട്ട ജില്ലയിൽ 25 ഏക്കറിലായി 54 പച്ചത്തുരുത്തുകളാണ് ആദ്യഘട്ടത്തിൽ തുടങ്ങുന്നത്. വയനാട് ജില്ലയിലെ പുൽപ്പള്ളി, പടിഞ്ഞാറേത്തറ എന്നിവിടങ്ങളിൽ ജൂൺ 5 ന് തന്നെ പച്ചത്തുരുത്ത് പദ്ധതിയാരംഭിച്ചു. ആറ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 18 ഏക്കർ സ്ഥലത്താണ് ജില്ലയിൽ പദ്ധതി നടപ്പാക്കുന്നത്. എറണാകുളം ജില്ലയിൽ കീഴ്മാട്, കോട്ടുവള്ളി, ചേരാനല്ലൂർ, കല്ലൂർക്കാട്, മുളന്തുരുത്തി, പാലക്കുഴ, ഇലഞ്ഞി, വാരപ്പെട്ടി പഞ്ചായത്തുകളിൽ പച്ചത്തുരുത്ത് പദ്ധതി പ്രവർത്തനങ്ങളാ രംഭിച്ചു.

മലപ്പുറംജില്ലയിൽ വിവിധ പഞ്ചായത്തുകളിലായി 150 ഏക്കറിലാണ് പച്ചത്തുരുത്ത് പദ്ധതി നടപ്പാക്കുന്നത്. പാലക്കാട് ജില്ലയിൽ വിവിധ ഇടങ്ങളിലായി 31 കേന്ദ്രങ്ങളിൽ പദ്ധതിക്ക് തുടക്കമായി. □



# ക്യാൻസർ പ്രതിരോധത്തിന് കണ്ണപുരം മാതൃക

■ കെ.വി. രാമകൃഷ്ണൻ

കണ്ണപുരം ഗ്രാമപഞ്ചായത്തിൽ തലശ്ശേരി മലബാർ ക്യാൻസർ സെന്ററിന്റെ സഹകരണത്തോടെ 2016 ജനുവരിയിൽ തുടക്കം കുറിച്ച "ക്യാൻസർ വിമുക്ത ഗ്രാമം" സമ്പൂർണ്ണ ക്യാൻസർ നിയന്ത്രണ പദ്ധതി സംസ്ഥാനത്ത് ശ്രദ്ധ ആകർഷിക്കുന്നു. ക്യാൻസർ ലക്ഷണങ്ങൾ നേരത്തെ കണ്ടെത്തുന്നതിനുള്ള പരിശോധനാ സംവിധാനമായ പ്രാഥമിക ക്യാൻസർ നിർണ്ണയ കേന്ദ്രം (Early Cancer Detection Clinic) പഞ്ചായത്തിലെ ചെറുകുന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ 2017 മെയ് മുതൽ പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഈ ആദ്യ സംരംഭം കേരള ആരോഗ്യ സാമൂഹ്യ നീതി വകുപ്പ് മന്ത്രി കെ.കെ. ശൈലജ ടീച്ചറാണ് ഉൽഘാടനം ചെയ്തത്

പുതിയ ഭരണസമിതി അധികാരമേറ്റ ഉടൻ ഡോ സതീശൻ ബാലസുബ്രഹ്മണ്യൻ നടത്തിയ ബോധവൽക്കരണ ക്ലാസ്സിൽ ഈ രംഗത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച വ്യക്തമായ മാർഗ്ഗ നിർദേശങ്ങൾ അടങ്ങി. ക്യാൻസർ ഭയമകറ്റുകയും നേരത്തെ കണ്ടെത്തുന്നതിന് പരിശോധനാ സംവിധാനങ്ങൾ ഒരുക്കി ശാസ്ത്രീയ ചികിത്സയ്ക്ക് വിധേയമാക്കുകയും ചെയ്താൽ മരണനിരക്ക് കുറയ്ക്കാൻ സാധിക്കും. നേരത്തെ കണ്ടെത്തുന്നതിനുള്ള പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുകയും നിരന്തരമായ ബോധവൽക്കരണത്തിലൂടെ ഭയമകറ്റി ജനങ്ങളെ ക്യാമ്പുകളിലെത്തിക്കുകയും ചെയ്യേണ്ടതുണ്ട്. പ്രാദേശിക സർക്കാരുകളായി അറിയപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ഇക്കാര്യത്തിൽ കാര്യമായി ഇടപെടാൻ സാധിക്കും. ക്യാൻസർ ഭയമകറ്റുന്നതിനുള്ള നിരന്തരമായ പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് ഏറ്റെടുത്തത്.

### എക്സിബിഷൻ

2016 ഏപ്രിൽ 15 മുതൽ 19 വരെ ചെറുകുന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നടന്ന ആരോഗ്യ പ്രദർശനം ആയിരങ്ങളെ ആകർഷിച്ചു. ചെറുകുന്ന് അന്നപൂർണ്ണേശ്വരി ക്ഷേത്രോത്സവത്തോടനുബന്ധിച്ച് നടത്തിയ എക്സിബിഷനായതിനാൽ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഇതിന്റെ സന്ദേശമെത്തിക്കാൻ സാധിച്ചു. മലബാർ ക്യാൻസർ സെന്ററിൽ തയ്യാറാക്കിയ 50 ബോർഡുകളാണ് പ്രദർശനത്തെ

ആകർഷകമാക്കിയത്. എല്ലാ ദിവസവും വൈകുന്നേരം വിദഗ്ദ്ധർ പങ്കെടുത്ത ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി. ക്യാൻസർ രോഗ വിമുക്തി നേടിയവരുടെ സംഗമത്തോടെ (വിന്നേഴ്സ് മീറ്റ്) യാണ് പ്രദർശനം സമാപിച്ചത്.

## ഗൃഹ സന്ദർശനവും സർവ്വെയും

പഞ്ചായത്തിലെ നാലായിരത്തോളം വീടുകളിൽ പരിശീലനം നൽകിയ ആരോഗ്യ/കുടുംബശ്രീ വോളന്റിയർമാരെ ഉപയോഗിച്ച് വിശദമായ ചോദ്യാവലിയെ അടിസ്ഥാനമാക്കി വിവരശേഖരണം നടത്തി. ആദ്യഘട്ട വിവരശേഖരണമെന്ന നിലയിൽ പഞ്ചായത്തിലെ പൊതുവായ ആരോഗ്യ നിലവാരം കണ്ടെത്തുന്നതിനുള്ള ശ്രമങ്ങളാണ് നടന്നത്. ഭക്ഷണ ശീലങ്ങൾ, വ്യായാമം, മാലിന്യ നിർമ്മാർജന സംവിധാനങ്ങൾ, പൊതു ആരോഗ്യാവസ്ഥ, ക്യാൻസർ രോഗബാധയും മരണ നിരക്കും, കുടിവെള്ള ലഭ്യത തുടങ്ങിയ അടിസ്ഥാന വിവരശേഖരണത്തിനാണ് മുൻതൂക്കം നൽകിയത്. ഒരു മാസം കൊണ്ട് പൂർത്തീകരിച്ച സർവെയിലെ വിവരങ്ങൾ എം.സി.സി യിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം ക്രോഡീകരിച്ച് റിപ്പോർട്ട് തയ്യാറാക്കി.

## രണ്ടാംഘട്ട സർവ്വെ

ക്യാൻസർ രോഗബാധിതരെയും പ്രാരംഭ രോഗ ലക്ഷണങ്ങൾ സംശയിക്കുന്നവരെയും കണ്ടെത്താനുള്ള രണ്ടാംഘട്ട സർവ്വെ 2016 ഒക്ടോബർ 31 ന് ആരംഭിച്ചു. 3838 വീടുകൾ സന്ദർശിച്ച് വിവരശേഖരണം നടത്തി. 2016 നവംബർ 20ന് സ്തനാർബുദ പ്രതിരോധ പഠന പരിശീലന ക്ലാസ്സ് നടന്നു.

## ചിത്രയാത്ര

ക്യാൻസറിനെ അറിയുക, ക്യാൻസറിനെ അകറ്റുക എന്ന ലക്ഷ്യത്തോടെ പ്രസിദ്ധ ചിത്രകാരൻ എബി.എൻ. ജോസഫ് നേതൃത്വം നൽകിയ ചിത്രയാത്രയുടെ ജില്ലാതല ഉദ്ഘാടനം പഞ്ചായത്തിലായിരുന്നു. 25 പ്രമുഖ ചിത്രകാരന്മാർ തയ്യാറാക്കിയ ക്യാൻസർ വിരുദ്ധ സന്ദേശ ചിത്ര പ്രദർശനം, വീഡിയോ പ്രദർശനം, വിജയ സംഗമം, ജനജാഗരണ സദസ്സ്, ജീവകാരുണ്യ പ്രവർത്തകരെ ആദരിക്കൽ, സാന്ത്വന സംഗീത നിശ എന്നിവയൊരുക്കി.

അർബുദ ബോധവൽക്കരണ സന്ദേശം പ്രചരിപ്പിക്കുന്നതിനായി എം.സി.സി. തയ്യാറാക്കിയ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ലഘുലേഖകൾ പ്രിന്റ് ചെയ്ത് വ്യാപകമായി പ്രചരിപ്പിക്കുകയുണ്ടായി







## മുടിദാന ക്യാമ്പ്

ക്യാൻസർ ബാധിതരെ ചികിത്സയ്ക്ക് വിധേയരാക്കുന്നത് പോലെ തന്നെ പ്രാധാന്യമുള്ളതാണ് രോഗികൾക്ക് കൗൺസിലിംഗ് വഴിയും സാന്ത്വന പരിചരണം വഴിയും ആത്മവിശ്വാസം പകരുക എന്നുള്ളതും. ചികിത്സയുടെ ഭാഗമായി തലമുടി താൽക്കാലികമായി നഷ്ടപ്പെടുന്നത് സ്വാഭാവികമായും കടുത്ത മാനസിക ആഘാതത്തിന് ഇടയാക്കും. ഇത്തരം അനുഭവങ്ങൾ നെഞ്ചേറ്റിയ ഏഴാം വാർഡിലെ പ്രതീക്ഷ കുടുംബശ്രീ അംഗങ്ങൾ മുടി ദാനം ചെയ്തു.

## ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ

പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 5 ക്യാമ്പുകൾ നടത്തി. സ്തനാർബുദം, ഗർഭാശയഗളം, വായിലെയും മറ്റും മുഴകൾ, ശരീരത്തിലെ മുഴകൾ എന്നിവയാണ് ക്യാമ്പിൽ പരിശോധിച്ചത്. പാപ്സ്മിയർ സാമ്പിൾ എടുത്ത് പരിശോധനയ്ക്ക് വിധേയമാക്കുന്നു. എം.സി.സി. യിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിലെ ഡോ. നീതു എ.പി, ഡോ. ഫിൻസ് എം ഫിലിപ്പ് എന്നിവരടങ്ങുന്ന സംഘമാണ് ക്യാമ്പിന് നേതൃത്വം നൽകിയത്.

## ക്യാൻസർ പ്രതിരോധ ഭക്ഷ്യമേള

ക്യാൻസർ ഭയമകറ്റൂ, പ്രതിരോധിക്കൂ എന്ന സന്ദേശം പ്രചരിപ്പിച്ചുകൊണ്ട് കണ്ണപുരം ഗ്രാമപഞ്ചായത്തും മലബാർ ക്യാൻസർ സെന്ററും ചേർന്ന് 2018 ഏപ്രിൽ മാസം ചെറുകുന്ന് ഗവ. സൗത്ത് എൽ.പി സ്കൂളിൽ “ക്യാൻഫെസ്റ്റ് 2018’ എന്ന പേരിൽ ചക്ക മഹോത്സവം സംഘടിപ്പിച്ചു. പരിപാടി പി. കരുണാകരൻ എം.പി.



ഉദ്ഘാടനം ചെയ്തു. പാചക മത്സരം, ബാല ചിത്ര രചനാ മത്സരം, 'ഭക്ഷണത്തിലെ ശാസ്ത്രീയത' എന്ന വിഷയത്തിൽ സംവാദം, നാടൻ ഭക്ഷ്യമേള, അടുക്കളത്തോട്ട നിർമ്മാണ പരിശീലനം എന്നിവയും പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചു.

## പ്രാഥമിക ക്യാൻസർ നിർണ്ണയ കേന്ദ്രം

2017 മെയ് 20 ന് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ആരംഭിച്ച ക്യാൻസർ നിർണ്ണയ കേന്ദ്രം പഞ്ചായത്തിലെ ആദ്യത്തെ ക്യാൻസർ പരിശോധന കേന്ദ്രമാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഡോക്ടർക്കും നഴ്സുമാർക്കും മലബാർ ക്യാൻസർ സെന്ററിൽ നിന്നും പരിശോധനയ്ക്കാവശ്യമായ പരിശീലനം നൽകിയാണ് കേന്ദ്രം പ്രവർത്തിച്ചു വരുന്നത്. സ്തനാർബുദ പരിശോധന, ഗർഭാശയ ഗള പരിശോധന, വായിലെയും മറ്റും മുഴകൾ, ശരീരത്തിലെ മുഴകൾ എന്നിവ ക്ലിനിക്കിൽ വെച്ച് പരിശോധന നടത്തി, സാമ്പിൾ എം.സി.സി യിലേക്ക് തുടർ പരിശോധനയ്ക്കായി അയയ്ക്കുന്നു. ക്യാൻസർ നിയന്ത്രണത്തിലെ ആദ്യ പാഠമായ നേരത്തെ കണ്ടെത്തി ചികിത്സയ്ക്ക് വിധേയമാക്കുക എന്ന കാര്യത്തിലുള്ള മാതൃകാപരവും കാര്യക്ഷമവുമായ ഇടപെടൽ സാധ്യമാക്കിയത് ഡോ. സതീശൻ ബാലസുബ്രഹ്മണ്യന്റെ നിർദേശം ഒന്ന് മാത്രമാണ്.

2019 ജനവരി 5 ന് സ്തനാർബുദ പരിശോധനയ്ക്കുള്ള iBreast exam എന്ന ഉപകരണം ക്യാൻസർ നിർണ്ണയ ക്ലിനിക്കിൽ ലഭ്യമാക്കിയിട്ടുണ്ട്. ബോംബെ ആസ്ഥാനമായി പ്രവർത്തിക്കുന്ന UE life science pvt ltd. എന്ന സ്ഥാപനം ഒരു വർഷത്തേക്ക് സൗജന്യമായാണ് ഈ ഉപകരണം പി.എച്ച്.സിക്ക് കൈമാറിയത്. ക്യാൻസർ നിർണ്ണയ ക്ലിനിക്കിൽ 2019മാർച്ച് വരെ 197 പേർ പരിശോധന നടത്തി

## സമ്പൂർണ്ണ സ്തനാർബുദ നിർണ്ണയ പരിശോധന

2018 മെയ് 21 മുതൽ 30 വരെ പഞ്ചായത്തിൽ നടത്തിയ സമ്പൂർണ്ണ സ്തനാർബുദ ദശദിന സ്ക്രീനിംഗ് ക്യാമ്പ് വനിതകളുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. അമേരിക്ക, ആസ്ത്രേലിയ പോലുള്ള വികസിത രാജ്യങ്ങളിൽ സർവ്വ സാധാരണമായി ഉപയോഗിക്കുന്ന iBreast examഎന്ന ഉപകരണം ഉപയോഗിച്ച് സംസ്ഥാനത്ത് ആദ്യമായി നടത്തിയ സ്ക്രീനിംഗ് ക്യാമ്പിൽ പത്തു ദിവസങ്ങളിലായി 3528 വനിതകൾ പങ്കെടുക്കുകയുണ്ടായി

UE LIFE SCIENCE PRIVATE Ltd. എന്ന സ്ഥാപനത്തിലെ ഡോക്ടർമാരും ടെക്നീഷ്യൻമാരുമടങ്ങിയ പതിമൂന്നംഗ സംഘമാണ് പത്ത് ദിവസത്തെ ക്യാമ്പിന് നേതൃത്വം നൽകിയത്. സ്ത്രീകളുടെ സ്വകാര്യത പൂർണ്ണമായും ഉറപ്പുവരുത്തുന്ന പത്ത് മുറികൾ പ്രത്യേകം സജ്ജീകരിച്ചുകൊണ്ട് ടെക്നീഷ്യന്മാരായും വാളണ്ടിയർമാരായും സ്ത്രീകളെ തന്നെയാണ് നിയോഗിച്ചത്. ചെറുകുന്ന് കനോസ്സ നഴ്സിംഗ് കോളേജ് വിദ്യാർത്ഥികളുടെ സേവനം ക്യാമ്പ് പ്രവർത്തനങ്ങൾക്ക് ആദ്യാവസാനം ലഭ്യമായി.

## തുടർ പരിശോധന

സ്ക്രീനിംഗ് ക്യാമ്പിൽ രണ്ടാം ഘട്ട പരിശോധന ആവശ്യമെന്ന് കണ്ടെത്തിയ 204 പേർക്ക് മലബാർ ക്യാൻസർ സെന്ററിൽ വച്ച് മാമോഗ്രാം, അൾട്രാസൗണ്ട് സ്കാനിംഗ്, ബയോപ്സി പരിശോധന തുടങ്ങിയവ ജില്ലാ പഞ്ചായത്തുമായി ചേർന്ന സംയുക്ത പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യമായി നൽകുകയുണ്ടായി. ഇത് സംബന്ധിച്ച പഠന റിപ്പോർട്ട് താമസിയാതെ പ്രസിദ്ധീകരിക്കും.

അർപ്പണബോധത്തോടൊപ്പം ചിട്ടയായ പ്രവർത്തനങ്ങളിലൂടെയും കാൻസർ എന്ന മഹാമാരിയെ നേരത്തെ കണ്ടെത്തി തുരത്താനുള്ള മഹായത്നത്തിന്റെ പാതയിലാണ് ഗ്രാമപഞ്ചായത്ത്.

☐

*(ലേഖകൻ കണ്ണപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്.)*



# പട്ടിണിക്കാരില്ലാത്ത പഴയന്നൂർ

■ എം. പത്മകുമാർ

**പാലിയേറ്റീവ് പ്രവർത്തകർ, ആശാ പ്രവർത്തകർ, അംഗൻവാടി പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ എന്നിവർ ഒരു നൂലിൽ കോർത്ത മണികൾ പോലെ പ്രവർത്തിക്കുന്നതാണ് പദ്ധതിയുടെ വിജയരഹസ്യം.**

സംസ്ഥാന ചരിത്രത്തിലാദ്യമായി വിശപ്പുരഹിത ബ്ലോക്ക് എന്ന ആശയം സാർത്ഥകമാക്കിയതിന്റെ ഒരു വർഷം പൂർത്തിയാക്കിയിരിക്കുകയാണ് പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്. ധനകാര്യമന്ത്രി ഡോ. ടി.എം. തോമസ് ഐസക്ക് മുന്നോട്ടുവച്ച നിർദ്ദേശം കൈമുതലാക്കിയാണ് പഴയന്നൂർ ബ്ലോക്ക് ഈ പദ്ധതി ഏറ്റെടുത്തത്. നിറഞ്ഞ വേദിയിൽ ജനപ്രതിനിധികളും പൗരപ്രമുഖരും പങ്കെടുത്ത് സമ്പുഷ്ടമാക്കിയ ചടങ്ങിൽ പട്ടിണിക്കാരില്ലാത്ത പഴയന്നൂർ ബ്ലോക്ക് എന്ന പദ്ധതിയുടെ പ്രവർത്തനം നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ഉത്ഘാടനം ചെയ്തു.

ബ്ലോക്ക് പരിധിയിലെ 6 ഗ്രാമപഞ്ചായത്തിലെ 108 വാർഡുകളിലായി 457 കിടപ്പുരോഗികൾക്ക് ഒരു നേരത്തെ സമ്പൂർണ്ണ പോഷകാഹാരം നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. ബ്ലോക്ക് പഞ്ചായത്തിന്റെ പ്രൈമറി പാലിയേറ്റീവ് പ്രവർത്തകർ സെക്കന്ററിതല പാലിയേറ്റീവ് നേഴ്സ്, ആശാ പ്രവർത്തകർ എന്നിവരുടെ സഹായത്തോടെ ഒരു നേരം പോലും ഭക്ഷണം കഴിക്കാൻ വകയില്ലാത്ത ശയ്യാവലംബികളായവരുടെ പട്ടിക തയ്യാറാക്കി ഗ്രാമപഞ്ചായത്ത് മുഖേന ബ്ലോക്ക് പഞ്ചായത്തിന് നൽകിയിരുന്നു. അംഗൻവാടികളിൽ കുട്ടികൾക്കുള്ള പൂരകപോഷകാഹാരം തയ്യാറാക്കുന്നതോടൊപ്പം നിരാലംബർക്കുള്ള ഭക്ഷണം തയ്യാറാക്കുന്നതിന് ചൈൽഡ് ഡവലപ്പ്മെന്റ് ഓഫീസറും സൂപ്പർവൈസർമാരും അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും പ്രതിഫലേച്ഛ കൂടാതെ പ്രവർത്തിക്കുന്നു.

ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കുന്ന അരിയും ചെറുപയറും അനുബന്ധ സാധനങ്ങളും പാചകവാതകവിലയും മാത്രം ഉപയോഗപ്പെടുത്തി തയ്യാറാക്കുന്ന ഭക്ഷ്യവിഭവങ്ങൾ 108 കുടുംബശ്രീ ഏരിയ ഡവലപ്പ്മെന്റ് സൊസൈറ്റികൾ കിടപ്പുരോഗികളുടെ വീടുകളിൽ എത്തിച്ചുകൊടുക്കുന്നു. പാലിയേറ്റീവ് പ്രവർത്തകർ, ആശാ പ്രവർത്തകർ, അംഗൻവാടി പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ എന്നിവർ ഒരു നൂലിൽ കോർത്ത മണികൾ പോലെ പ്രവർത്തിക്കുന്നതാണ് പദ്ധതിയുടെ വിജയരഹസ്യം.

പശിയടക്കാനാകാതെ മരണത്തെ മുന്നിൽകണ്ട് നിരാലംബരായി കഴിയുന്നവർക്ക് അന്നപൂർണ്ണാഷ്ടകത്തിലെ "ഭിക്ഷാം ദേഹി കൃപാവലംബനകാരി" എന്ന വരികളെ സാർത്ഥപൂർണ്ണമാക്കുകയാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ഈ പദ്ധതി. പ്രതിബന്ധങ്ങളെ ഏറെ നേരിടേണ്ടിവന്നു. വയസ്സായി ശയ്യാവലംബയായ അമ്മയ്ക്ക് പാത്രത്തിൽ കഞ്ഞിയുമായി പോയ കുടുംബശ്രീ പ്രവർത്തകയെ അസഭ്യം പറഞ്ഞ് കള്ള് ഷാപ്പിലേക്ക് കയറിപോയ മകന്റെ ചിത്രം, വീട്ടിലെത്തിച്ച കഞ്ഞി പശുവിൻ ചെരുവത്തിലൊഴിച്ച മരുമകളുടെ ചിത്രം... ഇതെല്ലാം കണ്ടെങ്കിലും ഇടറാതെ ഒരു മനസ്സായി ജനപ്രതിനിധികളും ജീവനക്കാരും പദ്ധതി തുടരുകയാണ്. നേരിന്റെ, നിറവിന്റെ വിജയമായി അംഗീകാരങ്ങൾ നേടുമ്പോഴും ഇനിയുമേറെ നേടാനുണ്ടെന്നറിഞ്ഞ് സേവനം അർത്ഥപൂർണ്ണമാക്കുക എന്ന അറിവ് നെഞ്ചിലേറ്റി മുന്നോട്ടുപോകുകയാണ് വി. തങ്കമ്മയുടെ നേതൃത്വത്തിലുള്ള ബ്ലോക്ക് പഞ്ചായത്ത്.

*(ലേഖകൻ പഴയന്നൂർ ബ്ലോക്ക്പഞ്ചായത്ത് വൈസ് പ്രസിഡന്റാണ്)*

## ...എന്റെ വായനക്കാർ

### ജനഹിതപ്രകാശനമായി പഞ്ചായത്ത്‌രാജ്

മികവുറ്റ മൂന്ന് വർഷങ്ങൾ മലയാള ഭൂമിക്ക് സമ്മാനിച്ച സംസ്ഥാന സർക്കാർ ഭരണം ജയപ്രിയം കൂടിയായത് പഞ്ചായത്ത്‌രാജ് മാസിക (മെയ് ലക്കം) യഥോചിതം പ്രസിദ്ധപ്പെടുത്തിയിരി ക്കുന്നു. എല്ലാ മേഖലകളെയും ആഴത്തിൽ തൊടുന്ന നയപരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിൽ മുൻസർക്കാ രുകളെ അപേക്ഷിച്ച് ഗുണപരമായി മുന്നിട്ടു നില്ക്കുന്ന ഇപ്പോഴത്തെ സർക്കാർ. ആരോഗ്യ, വിദ്യാഭ്യാസ, പാർപ്പിട, ശുചിത്വ മേഖലകളെ പ്രാഥമികമായി ഉന്നം വച്ചതിലൂടെ ജനജീവിതത്തെ മാറ്റിമറിക്കുക എന്ന ദൗത്യമാണ് ഈ ഭരണം ഏറ്റെടുത്തിട്ടുള്ളത്.

ഇതിനോടൊപ്പം സർക്കാർ സർവ്വീസിൽ തസ്തികകളെല്ലാം നിയമനത്തിലൂടെ നിറച്ചത് ഫലത്തിൽ ജനോപകാരപ്രദമായി മാറി. വെള്ളപ്പൊക്കദുരിതത്തിൽ തകർന്നടിയാൻ തുടങ്ങിയ ദുരന്തബാധിതരെയും അടിസ്ഥാനസൗകര്യത്തെയും പതറാതെ സാധാരണനിലയിലേക്ക് കൊണ്ടുവരാനും സാമ്പത്തികനില ഉലയാതെ പിടിച്ചുനിർത്താനും ഈ സർക്കാർ കാണിച്ച നയഗരിമ ശ്ലാഘനീയം തന്നെ.

കുടുംബശ്രീയുടെ ഒരു നേർചിത്രം "കേരളത്തിന്റെ കുടുംബശ്രീ" എന്ന ലേഖനത്തിലൂടെ വായനക്കാരിലെത്തി. തൊഴിലുറപ്പ് പദ്ധതിയുടെ കേരളത്തിലെ സവിശേഷമായ പുരോഗതി വരച്ചുകാട്ടാൻ മെയ് ലക്കത്തിനായി. സ്വധർമ്മം സ്തുത്യർഹമായി പാലിക്കുന്ന കിലയെപ്പറ്റിയും കിലയുടെ പുതിയ പരിപാടികളെക്കുറിച്ചും കൂടുതലറിയാൻ പറ്റി.

മാസികയുടെ സ്ഥലപരിമിതിയെപ്പറ്റിയും വിഷയപ്രാധാന്യത്തെപ്പറ്റിയും വ്യക്തമായി അറിയാമെങ്കിലും ഒരു അഭ്യർത്ഥന - മുമ്പുണ്ടായിരുന്ന പംക്തികൾ ഇടയ്ക്കൊക്കെ കൊടുത്താൽ കൂടുതൽ നന്നായിരിക്കും.

വിവിധ വീക്ഷണങ്ങളിലൂടെ സർക്കാരിനെ വസ്തുനിഷ്ഠമായി വിലയിരുത്തി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചതിലൂടെ പഞ്ചായത്ത്‌രാജ് മാസിക സർക്കാരിനും ജനങ്ങൾക്കുമൊപ്പം സംസ്ഥാനത്തിന്റെ ക്ഷേമവികസന മുന്നേറ്റത്തിൽ പങ്കാളിയായതിൽ അഭിനന്ദിക്കുന്നു.

**സെബാസ്റ്റ്യൻ പി. തോപ്രാംകുടി**

# 'ക്ലീൻ തലപ്പലം' മാതൃകയാവുന്നു

സമ്പൂർണ്ണ ജൈവ - അജൈവ മാലിന്യ വിമുക്ത ഗ്രാമപഞ്ചായത്താകാൻ ഒരുങ്ങുകയാണ് ഈരാറ്റുപേട്ട ബ്ലോക്കിലെ തലപ്പലം. ശുചിത്വ പാലന-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിലെ 13 വാർഡുകളിലെയും പ്രധാന സ്ഥലങ്ങളിലും പാതയോരങ്ങളിലും ശുചിത്വ സന്ദേശ ബോർഡുകൾ സ്ഥാപിച്ചു. പൊതു സ്ഥാപനങ്ങളിലും വ്യാപാരസ്ഥാപനങ്ങളിലും വേസ്റ്റ് ബിന്നുകളും വിതരണം ചെയ്തു. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ബോട്ടിലുകൾ അലക്ഷ്യമായി വലിച്ചെറിയുന്നത് ഒഴിവാക്കുന്നതിന് ഗ്രാമപഞ്ചായത്തിലെ എല്ലാ പ്രധാന കേന്ദ്രങ്ങളിലും ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്. പൊതുജന പങ്കാളിത്തത്തോടെ, ശുചിത്വ പരിപാലന രംഗത്ത് പുതിയ ചരിത്രം കുറിക്കുകയാണ് 'ക്ലീൻ തലപ്പലം.'









## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

# പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120



**PANCHAYAT RAJ (Monthly)** June 2019
Annual Subscription ₹120, Published on 20 June 2019

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20




Printed & Published by Dr. B.S. Thirumeni IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: Dr. B.S. Thirumeni IAS